# ഒൻപതാം പദ്ധതി ജനകീയപദ്ധതി

## ജനകീയാസൂത്രണം

## കിളിമാനൂർ ഗ്രാമപഞ്ചായത്ത്

കിളിമാനൂർ പി.ഒ. തിരുവനന്തപുരം ജില്ല



അധികാരം ജനങ്ങളിലേക്ക്


## സമഗ്രവികസന റിപ്പോർട്ട്

## 1996

10 — 4




*ആർട്ടിസ്റ്റ് രാജാരവിവർമ്മ 1848–1906*




*ശ്രീ. ആർ. പ്രസാദ് ICS (ഗവർണറുടെ അഡ്വൈസർ) 21–4–65–ൽ ഉൽഘാടനം ചെയ്ത*
*കിളിമാനൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം*
*മലയാമഠം, കിളിമാനൂർ*


# കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭൂപടം




## നിലവിലുള്ള ഭരണസമിതി അംഗങ്ങൾ




ശ്രീ. വി. ശ്രീകണ്ഠൻനായർ
പ്രസിഡന്റ്




ശ്രീ. എസ്. ശശിധരൻനായർ
വൈസ് പ്രസിഡന്റ്



ശ്രീ. കെ. വിജയൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



ശ്രീ. എ. ചെല്ലപ്പൻ
മെമ്പർ വാർഡ് I




ശ്രീ. എൻ. ജോയ്
മെമ്പർ വാർഡ് II



എസ്. സുമാംഗി
മെമ്പർ വാർഡ് IV



ശ്രീമതി. കെ. തങ്കമണി
മെമ്പർ വാർഡ് VI



ശ്രീ. കെ. തങ്കപ്പൻപിള്ള
മെമ്പർ വാർഡ് VII




ശ്രീമതി. എസ്. രാജലക്ഷ്മി അമ്മാൾ
മെമ്പർ വാർഡ് IX

## കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ ആദ്യകാല പ്രസിഡന്റുമാർ



ശ്രീ. പി. രാഘവക്കുറുപ്പ്




ശ്രീ. എൻ മാധവൻപിള്ള



ശ്രീമതി. വി. തുളസീഭായ്



ശ്രീ. എ.എം. സാലി



ശ്രീ. ജി. ശങ്കരൻനായർ

ബഹുമാന്യരേ,

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു പുതിയ യുഗം തുറക്കുവാൻ പോവുകയാണല്ലോ-താഴെതട്ടിൽനിന്നും ഈ പങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം. ഒമ്പതാം പദ്ധതിയ്‌വേണ്ടിയുള്ള കിളിമാനൂർ ഗ്രാമപഞ്ചായത്തുതല പ്ലാനിംഗ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നാം ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി പല നേട്ടങ്ങളും കൈവരിയ്‌വാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം അനുവർച്ചുവന്ന പ്ലാനിംഗ് സമ്പ്രദായത്തിന് ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നതായി അനുഭവങ്ങൾ ചൂണ്ടിക്കാണിയ്ന്നു. ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിയ്ക്കോ ജനകീയാവശ്യങ്ങൾക്കോ അനുസരിച്ചുള്ള സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പിലാക്കിയിരുന്നത്. കേന്ദ്രത്തിലും സംസ്ഥാനതലത്തിലും എടുത്തിരുന്ന തീരുമാനങ്ങൾ വിവിധവകുപ്പുകൾ വഴി നടപ്പിലാക്കുകയായിരുന്നു ചെയ്തു വന്നിരുന്നത്. ഇവയുടെ ആസൂത്രണത്തിലോ നടത്തിപ്പിലോ ജനങ്ങൾക്ക് പങ്കാളിത്തം ഉണ്ടായിരുന്നില്ല. തന്മൂലം പദ്ധതി പ്രവർത്തനം ജനങ്ങളിൽനിന്നും അന്യവൽക്കരിയ്ക്കപ്പെട്ടു. ഇതു പ്രാദേശിക വിഭവസമാഹരണസാധ്യതകളെ ഇല്ലാതാക്കി, നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു.

ആയതിനാൽ ആസൂത്രണം സമഗ്രവും ജനപങ്കാളിത്തപരവും വികേന്ദ്രീകൃതവുമാക്കിക്കൊണ്ട് കാർഷിക ചെറുകിട വ്യവസായ മേഖലകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തുകയും സേവനത്തുറകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുതലത്തിൽ തീരുമാനിയ്ക്കാവുന്ന വിഷയങ്ങൾ വിശേഷാൽ പഠനപര്യടനം നടത്തിയും വിവിധവകുപ്പുകളിൽനിന്നും വിവിധ തുറകളിൽ പ്രവർത്തിയ്ന്ന ഗ്രാമസഭാംഗങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ചും നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ ഒരു റിപ്പോർട്ട് പഞ്ചായത്തിലെ ഒരു വിദഗ്ദ്ധസംഘം തയ്യാറാക്കിയിരിയ്കയാണ്. 2-12-96-ൽ ചേർന്ന കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി ചർച്ചചെയ്തു അംഗീകരിച്ച ഈ വികസനറിപ്പോർട്ട് 8-12-96-ൽ പുതുമംഗലം PVUPS [redacted] ൽ കൂടുന്ന വികസന സെമിനാറിൽവച്ച് ചർച്ചകൾക്കും അനുബന്ധ നിർദ്ദേശങ്ങൾക്കുമായി സമർപ്പിയ്കുകയാണ്.

വി. ശ്രീകണ്ഠൻനായർ, ചെയർമാൻ
കിളിമാനൂർ ഗ്രാമപഞ്ചായത്ത്
ആസൂത്രണസമിതി

കിളിമാനൂർ
4-12-96.

## റിപ്പോർട്ട് പരിഷശോധിയ്ക്കുമ്പോൾ

1
ആമുഖം, ചരിത്രം
2
കൃഷിയും ജലസേചനവും
3
മൃഗസംരക്ഷണം, ക്ഷീരവികസനം
മത്സ്യബന്ധനം
4
വിദ്യാഭ്യാസം, സംസ്ക്കാരം
5
ഗതാഗതം, ടൂറിസം
6
വ്യവസായം
7
പൊതുജനാരോഗ്യം
8
സാമൂഹ്യക്ഷേമം
9
പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം
10
ഊർജ്ജം / വൈദ്യുതി
11
വനിത, സഹകരണം
12
വിഭവസമാഹരണം
13
അനുബന്ധം

റിപ്പോർട്ട് തയ്യാറാക്കിയവർ:
സർവ്വശ്രീ.
മനു ആർ.ആർ - DRP, ദേവദാസ്. എ - DRP, ഉദയകുമാർ. എസ് - DRP, അഞ്ജു എസ്.എസ്, LRP
മോഹൻകുമാർ. എം, LRP, ദേവദാസ് എസ്, LRP, ഇ. ചെല്ലപ്പൻ, LRP, നസീമാബീവി.ഇ, LRP

●

റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ചവർ:
ശ്രീ. വി. ശ്രീകണ്ഠൻനായർ - പ്രസിഡന്റ്, ശ്രീ. കെ. വിജയൻ - ചെയർമാൻസ്റ്റാന്റിംഗ് കമ്മിറ്റി
ശ്രീ. എ. ചെല്ലപ്പൻ - മെമ്പർ വാർഡ് !, ശ്രീ. എസ്. ശിവദാസ് - കൃഷി ആഫീസർ
ഡോ. സുജാത - വെറ്ററനറി ഡോക്ടർ, ശ്രീ. രവീന്ദ്രൻപിള്ള - ഡയറി എക്സ്റ്റൻഷൻ ആഫീസർ
ശ്രീ. റജി. ബി. - DRP, ശ്രീ. ജയകുമാർ - DRP, ശ്രീ. ജിജു. എസ് - DRPശ്രീ. എസ്. അശോക് കുമാർ - LRP

●

മുഖചിത്രം : കിളിമാനൂർ കൊട്ടാരത്തിന്റെ കവാടം

Printed and Published by V. Sreekantan Nair, Chairman, Peoples Planning Programme, Kilimanoor Grama Panchayath -

# ആമുഖം

സ്വതന്ത്ര ഇന്ത്യയിൽ എട്ട് പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞുപോയിരിക്കുന്നു. ഒൻപതാം പഞ്ചവത്സരപദ്ധതി '97 ഏപ്രിൽ ഒന്നുമുതൽ ആരംഭിയ്ക്കുകയാണ്. 1996-ൽ കേരളത്തിൽ അധികാരത്തിൽവന്ന ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിക്കുകയും 1996 ആഗസ്റ്റ് 17-ാം തീയതി രാവിലെ 11 മണിയ്ക്ക് തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽവച്ച് ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ.നായനാർ ജനകീയപദ്ധതിയുടെ ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ഭരണഘടനയുടെ 73-ാം ഭേദഗതി ആക്ട് 1992-ൽ പാസ്സാക്കുകയും അത് 93 ഏപ്രിൽ 24-ന് നടപ്പാക്കുകയും ചെയ്ത സംഭവം വികേന്ദ്രീകൃത വികസനാസൂത്രണം, നടപ്പാക്കൽ എന്നീ മേഖലകളിൽ ഒരു വഴിത്തിരിവാണ്. ഈ ആക്ട് സാമ്പത്തികവികസനം, സാമൂഹ്യനീതി എന്നിവയ്ക്കായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ അധികാരങ്ങളും പഞ്ചായത്തുകൾക്ക് നൽകണം എന്ന് സംസ്ഥാനങ്ങളോടാവശ്യപ്പെടുന്നു.

'കാർഷിക മേഖലയും അനുബന്ധനമേഖലയും ജലസേചനം സാമൂഹ്യവനവല്കരണം, ഖാദി-ഗ്രാമ ചെറുകിട വ്യവസായങ്ങൾ കുടിവെള്ളം, ഭവനനിർമ്മാണം, റോഡുകൾ, വിദ്യാഭ്യാസം, ദാരിദ്ര്യനിർമ്മാർജ്ജനപരിപാടികൾ എന്നിവയുൾപ്പെടെ വികസനമേഖലകൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരിധിയിൽകൊണ്ടുവരേണ്ടതുണ്ട്.

സംസ്ഥാന ധനകാര്യകമ്മിഷന്റെ തീരുമാനം അനുസരിച്ച് സംസ്ഥാന ഗവൺമെന്റുകളുടെ കീഴിലുള്ള വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന ഫണ്ടും കേന്ദ്രാവിഷ്കൃതപദ്ധതിയിൽനിന്നും ജില്ലാ- ഉപജില്ലാതലത്തിലേയ്ക്കു എത്തുന്ന ഫണ്ടും പ്രാദേശികപദ്ധതികൾക്കനുസൃതമായി ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഇതിലൂടെ വിഭവങ്ങളുടെ പരമാവധി ഉപയോഗവും ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾക്കനുസൃതമായി മുൻഗണനാക്രമം തീരുമാനിക്കുവാനും കഴിയും. 73-ാം ഭരണഘടനാഭേദഗതി നിയമത്തിലൂടെ വരുത്തിയ മാറ്റങ്ങൾ ഫലപ്രദമായി പരിപാലിക്കുകയും നിലനിർത്തുകയും ചെയ്യണമെങ്കിൽ നൂതനമായ ഒട്ടേറെ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഈ ദിശയിലുള്ള ഒരു സുപ്രധാനമായ കാൽവയ്പാണ് ആസൂത്രണത്തിനായുള്ള ഈ ജനകീയ പദ്ധതി'

35-40% പ്രോജക്ടുകൾ രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നത് പ്രാദേശികസമിതികൾ ആയിരിക്കും എന്നതാണ് ഈ ജനകീയാസൂത്രണപദ്ധതിയുടെ പ്രധാന സവിശേഷത.

ഈ പദ്ധതിയുടെ ആദ്യപടിയായി കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വികസനതല്പരരായ മുഴുവൻ ജനങ്ങളേയും പങ്കെടുപ്പിക്കുവാൻവേണ്ടി വാർഡുകൾതോറും സ്പെഷ്യൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുകയും 'ജനകീയാസൂത്രണം' എന്ന ഒറ്റ അജണ്ടപ്രകാരം വാർഡുകളിലെ വികസനപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സംസ്ഥാന ആസൂത്രണബോർഡ് 3 തലത്തിലുള്ള പരിശീലനം സംഘടിപ്പിയ്ക്കുകയുണ്ടായി. ആദ്യതല പരിശീലനം സിദ്ധിച്ച Key Resource Persons ജില്ലാതലത്തിൽ ഒട്ടേറെ പ്രവർത്തകർക്കു പരിശീലനം നൽകി. കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നായി വിദ്യാഭ്യാസവും അർപ്പണബോധവും കാര്യശേഷിയുമുള്ള ആറ് യുവാക്കളെ ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ ട്രെയിനിംഗിന് അയയ്ക്കുകയും അവരുടെ നേതൃത്വത്തിൽ 22-9-96ൽ പോങ്ങനാട് സ്ക്കൂളിൽവച്ച് പഞ്ചായത്ത്തല പരിശീലകർക്കായി ഒരു ഏകദിനശില്പശാല നടത്തുകയുമുണ്ടായി. അതിനുശേഷമാണ് സ്പെഷ്യൽ ഗ്രാമസഭകൾ ചേർന്നത്.

| | |
|---|---|
| വാർഡ് I : | മുളയ്ക്കലത്തുകാവ് (പട്ടികജാതി സംവരണം) |
| II | മലയ്ക്കൽ |
| III | പോങ്ങനാട് |
| IV | ആലത്തുകാവ് (പട്ടികജാതി വനിതസംവരണം) |
| V | ആരൂർ VI |
| VII | കുഴിവേലി |
| VIII | കണ്ണയംകോട് |
| IX | ചൂട്ടയിൽ (വനിതാസംവരണം) |

ഇതിൽ 7-ാം വാർഡിന്റെ പേര് RRV വാർഡ് എന്നാക്കണമെന്ന് ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ താഴെ പറയുന്ന വകുപ്പ് ആഫീസുകൾ പ്രവർത്തിക്കുന്നു.

| | | |
|---|---|---|
| 1. | പഞ്ചായത്ത് ആഫീസ് | മലയാമഠം |
| 2. | വില്ലേജാഫീസ് | മലയാമഠം |
| 3. | കൃഷി ഭവൻ | ചെങ്കിക്കുന്ന് |
| 4. | ബ്ലോക്ക് പഞ്ചായത്ത് ആഫീസ് | ചെങ്കിക്കുന്ന് |
| 5. | PWD Roads അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ് | |
| 6. | ഇലക്ട്രിസിറ്റി ഓവർസിയർ ആഫീസ് | പോങ്ങനാട് |
| 7. | പ്രൈമറി ഹെൽത്ത് സെന്റർ | മുളയ്ക്കലത്തുകാവ് |
| 8. | ആയുർവ്വേദ ഡിസ്പെൻസറി | പോങ്ങനാട് |
| 9. | മൃഗാശുപത്രി | ആരൂർ |
| 10. | ഫാമിലി വെൽഫെയർ സെന്റർ 4 എണ്ണം | ചാരുവപച്ച, ആരൂർ, പോങ്ങനാട്, മലയാമഠം |
| 11. | മൃഗസംരക്ഷണ ഉപകേന്ദ്രങ്ങല | പനപ്പാംകുന്ന്, കൈലാസംകുന്ന്, ചൂട്ടയിൽ |
| 12. | സബ്രജിസ്ട്രാർ ആഫീസ് | RRV ജംഗ്ഷൻ |
| 13. | പോസ്റ്റാഫീസുകൾ | പോങ്ങനാട്, മലയ്ക്കൽ, മുളയ്ക്കലത്തുകാവ്, ചൂട്ടയിൽ |
| 14. | ESI ആശുപത്രി | വലഞ്ചേരി |

ഭൂപ്രകൃതി അനുസരിച്ച കിളിമാനൂർ ഗ്രാമപഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

1. കുന്നുകൾ
2. പീഠഭൂമി
3. ചരിഞ്ഞപ്രദേശങ്ങൾ
4. താഴ്വരകൾ
5. സമതലങ്ങൾ

### കുന്നുകൾ:

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം ഗണപതിപ്പാറ, കൈലാസംകുന്ന് എന്നീ സ്ഥലങ്ങളാണ്. ഈ സ്ഥലങ്ങൾ പഞ്ചായത്തിലെ I,II വാർഡുകളിൽ ഉൾപ്പെടുന്നതാണ്. സമുദ്രനിരപ്പിൽനിന്ന് യഥാക്രമം 270,250 അടി ഉയരം ഈ പ്രദേശങ്ങൾക്കുണ്ട്. കൈലാസംകുന്നിന്റെ നാല് വശങ്ങളിൽനിന്ന് 4 തോടുകൾ ഉത്ഭവിക്കുന്നു. കിഴക്ക് മറവക്കുഴിയിൽനിന്ന് ഉത്ഭവിക്കുന്ന തോട് വാഴോട് വഴി നിലമേലേയ്ക്ക് ഒഴുകുന്നു. തെക്ക് വെള്ളരി

യിട്ട കോണത്ത്നിന്ന് ആരംഭിച്ച് വല്ലൂർ പാപ്പാലവഴി കിളിമാനൂരാറ്റിൽ ചെന്ന് ചേരുന്നു. പടിഞ്ഞാറ് വിലങ്ങറ, മങ്കാട് നീരുറവയിൽനിന്ന് ഉത്ഭവിച്ച് തീയ്യറോഡ്, വട്ടയ്ക്കാട്, കല്ലയിൽവഴി പടിഞ്ഞാറ്റിൻകര എത്തുകയും, കൈലാസംകുന്നിന്റെ വടക്ക് തേവയിൽനിന്ന് ഉത്ഭവിച്ച് കാലായിക്കോട് വലിയകണ്ടംവഴി പടിഞ്ഞാറ്റിൻകര എത്തി ചിന്ത്രനെല്ലൂർ വെള്ളല്ലൂർ തോട്ടിലേക്ക് ഒഴുകുന്നു. ഈ കുന്നിൻപ്രദേശങ്ങളിൽ തെങ്ങ്, ഇടവിളകൾ തുടങ്ങിയവ അങ്ങിങ്ങായി കാണാം.

### പീഠഭൂമികൾ

പഞ്ചായത്തിലെ ഒന്നാംവാർഡിൽ ഉൾപ്പെടുന്ന വിലങ്ങറ, മുളയ്ക്കലത്തുകാവ് തുടങ്ങിയ പ്രദേശങ്ങളാണ് പീഠഭൂമികൾ. റബ്ബർ, നാളികേരം, കുരുമുളക് എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന കൃഷികൾ. ഈ പീഠഭൂമിയുടെ മധ്യഭാഗങ്ങളിലായി ഗ്രാനൈറ്റ് കോറികൾ പ്രവർത്തിക്കുന്നു.

### ചരിഞ്ഞ പ്രദേശങ്ങൾ

പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഉൾപ്പെടുന്ന റബ്ബർ, തെങ്ങ്, കുരുമുളക്, ഫലവൃക്ഷങ്ങൾ എന്നിവ ഈ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു. വല്ലൂർ, കാലായിക്കോട് കൂടാതെ മൂന്നാം വാർഡിലെ കിളിക്കോട്ട് കോണം, വേട്ടയിൽക്കോണം, വരിഞ്ഞോട്ട് കോണം എന്നീ പ്രദേശങ്ങളും ഈ വിഭാഗത്തിൽ പെടുന്നവയാണ്.

### താഴ്‌വരകൾ

രണ്ടാം വാർഡിൽ തേവയിൽ, ഇരുപത്തിയേഴ് എന്നീ സ്ഥലങ്ങളാണ് കിളിമാനൂർ പഞ്ചായത്തിലെ പ്രധാന താഴ് വരകൾ. നെല്ല്, കമുക്, തെങ്ങ്, ഇടവിളകൾ എന്നിവയാണ് ഈ പ്രദേശങ്ങളിൽ സാധാരണയായി കൃഷി ചെയ്ത് വരുന്നത്.

### സമതലങ്ങൾ

കിളിമാനൂർ പഞ്ചായത്തിന്റെ 4,5,6,7,8,9 വാർഡുകളുടെ അധികഭാഗവും സമതലങ്ങളാണ്. നെല്ല്, തെങ്ങ്, റബ്ബർ, കമുക്, കുരുമുളക് എന്നിവയാണ് ഈ പ്രദേശങ്ങളിലെ മുഖ്യ കൃഷികൾ.

### ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കുകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 29408 ആണ്. ഇതിൽ പകുതിയിൽ അധികവും സ്ത്രീകളാണ്. വാർഡ് തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

ജനസംഖ്യ 1991

| *വാർഡ് നമ്പർ* | *ജനസംഖ്യ* |
|---|---|
| 1 | 4195 |
| 2 | 3840 |
| 3 | 3597 |
| 4 | 2930 |
| 5 | 3271 |
| 6 | 3010 |
| 7 | 2940 |
| 8 | 2720 |
| 9 | 2905 |

പഞ്ചായത്തിൽ മൊത്തം 7805 വീടുകളാണുള്ളത്. അതായത് ശരാശരി വീടൊന്നിന് 5.06 ആളുകൾ വീതം ഉണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1547.79 ആണ്. നിരക്ഷക

രുടെ എണ്ണം 1,2,3 വാർഡുകളിൽ മറ്റ് വാർഡുകളെ അപേക്ഷിച്ച് കൂടുതലാണ്. വിദ്യാഭ്യാസമായി പിന്നോക്കം നിൽക്കുന്ന വാർഡുകളാണിവ. ഈ വാർഡുകളിലെ കുട്ടികൾക്ക് സ്ക്കൂളിൽ പോയി വരുന്നതിന് 5 മുതൽ 8 കിലോമീറ്റർവരെ ദൂരം കാൽനടയായി സഞ്ചരിക്കേണ്ടിവരുന്നു. വാഹനഗതാഗതത്തിന്റെ അപര്യാപ്തതയാണ് ഇതിന് കാരണമായിട്ടുള്ളത്. I,II,III,IV എന്നീ വാർഡുകളിലാണ് ദുർബല വിഭാഗങ്ങൾ കൂടുതലുള്ളത്. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന വാർഡുകളാണ് 4,6,7,8,9 എന്നിവ.

1971-ലെ ചരിത്രപ്രസിദ്ധമായ മിച്ച ഭൂമിസമരം ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ നടന്നിട്ടുണ്ട്. അതിന്റെ ഫലമായി കിളിമാനൂർ കൊട്ടാരം വക മുളയ്ക്കലത്തുകാവ് തോപ്പിൽ 57 ഏക്കറോളം ഭൂമി സർക്കാർ ഏറ്റെടുക്കുകയും 50 ഏക്കർ വിതരണം ചെയ്കയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ 2-ാം വാർഡിലും 6-ാം വാർഡിലും നാലേക്കറോളം സ്ഥലം ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. മിച്ചഭൂമി വിതരണത്തിലെ അശാസ്ത്രീയതയും ക്രമക്കേടും ഒട്ടേറെ സാമൂഹ്യദൂഷ്യങ്ങൾ വരുത്തിയിട്ടുണ്ട്. 50 ഏക്കർ ഭൂമി 10 സെന്റ് വീതം വിതരണം ചെയ്ത് മുളയ്ക്കലത്തുകാവ് തോപ്പിൽപ്രദേശത്ത് ശരിയായി പറഞ്ഞാൽ 500 കുടുംബങ്ങൾക്ക് 10 സെന്റ് വീതം ഉടമാവകാശം കിട്ടിയിട്ടുണ്ട്. ഈ ജില്ലയിലെതന്നെ ഏറ്റവും വലിയ മിച്ചഭൂമി കോളനിയാണിത്. ജില്ലയുടെ വിവിധഭാഗങ്ങളിൽനിന്ന് ഇത്രയേറെ തൊഴിലാളി കുടുംബങ്ങളെ വ്യവസായ സ്ഥാപനങ്ങളോ തൊഴിൽവികസനമൊ നടന്നിട്ടില്ലാത്ത ഒരു പ്രദേശത്ത് താമസിപ്പിച്ചാൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് ഊഹിക്കാവുന്നതാണല്ലോ? ഈ കോളനിയിൽ പൊതു ആവശ്യത്തിനുവേണ്ടി ഒരേക്കർപോലും നീക്കിവച്ചിട്ടില്ല എന്നുള്ളതും ഒരു ന്യൂനതയാണ്. എന്നാൽ ഇനിയും വാസയോഗ്യമല്ലാത്ത പാറത്തരിശ് എന്ന പേരിൽ 7 ഏക്കറോളം സ്ഥലം ഉണ്ട്. തൊട്ടടുത്ത് പലരും കൈയ്യേറി സ്വന്തമാക്കാൻ ശ്രമിച്ചുവരുന്നു. അത് ഏറ്റെടുത്ത് പഞ്ചായത്തിനെ ഏല്പിച്ച് ഈ കോളനിയിലെ നിവാസികൾക്ക് ടെക്നിക്കൽ സ്ക്കൂളും, തൊഴിൽസ്ഥാപനങ്ങളും ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

തൊഴിലെടുക്കുന്നവരിൽ ഗണ്യമായ പങ്ക് ഗൾഫ് നാടുകളിൽ പോയിട്ടുണ്ട്. നാട്ടിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ തോട്ടം തൊഴിലാളികൾ എന്നിവരാണ് കൂടുതൽ തയ്യൽ പരിശീലനം നേടിയ വലിയ ഒരു വിഭാഗം സ്ത്രീകളുണ്ട്. പാറത്തൊഴിലാളികളും ഗണ്യമായ തോതിലുണ്ട്. തൊഴിലെടുക്കുന്നവരുടെ പട്ടിക തിരിച്ചുള്ള കണക്ക് ലഭ്യമല്ല എങ്കിലും സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്.

*"എന്റെ ജീവിതമാണ് എന്റെ സന്ദേശം"*

മഹാത്മാഗാന്ധി

# വികസന മേഖലകൾ

## കൃഷിയും ജലസേചനവും

കിളിമാനൂർ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷി മുഖ്യതൊഴിലായി സ്വീകരിച്ച് ഉപജീവനം നടത്തുന്നവരാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യം പഞ്ചായത്തുപ്രദേശത്തെ ജനങ്ങൾ തെങ്ങ്, നെല്ല്, കമുക്, വാഴ, മരച്ചീനി, പയറുവർഗ്ഗങ്ങൾ, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ സ്വന്തമായി കൃഷി ചെയ്ത് ജീവിച്ചിരുന്നു. ഇന്നത്തെപ്പോലെ കൃഷിഭൂമികൾ തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെട്ടിരുന്നില്ല. വയലേലകളുടെ കരയിൽ വീടും അതിനോടനുബന്ധിച്ച് തൊഴുത്തും, നിലം ഉഴുകുന്നതിന് ആവശ്യമായി ഉരുക്കളും ഉണ്ടായിരുന്നു. വയലേലകളെ സംബന്ധിച്ച് ഇരുപ്പൂ നിലങ്ങളും, ഞാറ്റടികളും വെവ്വേറെ ഉണ്ടായിരുന്നു. കുറ്റിച്ചേറാടി, അറുകാംവെള്ള, അയിക്കറായി, അരയ്ക്കൻ തുടങ്ങിയ മൂപ്പുള്ളതും കച്ചിലിന് നീളംകൂടിയതുമായ വിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്.

മഴയെ ആശ്രയിച്ചായിരുന്നു കൃഷി ചെയ്തിരുന്നത്. വയലേലകളിൽ ഇരു കരയിലും തോടും, തോട്ടുവരമ്പും, കോങ്കലുകളിൽ കുളവും മിക്കവാറും എല്ലാ ഏലാകളിലും ഉണ്ടായിരുന്നു. നിലം ഉഴുകുക, വരമ്പൊരുക്കുക തുടങ്ങിയ പണികൾ കർഷകർ സ്വന്തമായി ചെയ്തുപോന്നിരുന്നു. എന്നാൽ വിത്തിടുക, ഞാറു നടുക, കളയെടുക്കുക, കൊയ്യുക എന്നീ ജോലികൾ കർഷകരോടൊപ്പം കർഷകത്തൊഴിലാളികളും ചെയ്തു വന്നിരുന്നു. കൊയ്ത്തവസരങ്ങളിൽ കർഷകത്തൊഴിലാളികൾ ഒരവസരത്തിനായി തക്കം പാർത്ത് പാടത്തിനരികിൽ നിലയുറപ്പിക്കുമായിരുന്നു. ക്ഷാരം, ചാണകം, പച്ചില മുതലായ ജൈവ വളങ്ങളായിരുന്നു പ്രധാനമായി ഉപയോഗിച്ചിരുന്നത്. സ്വന്തമായി കൃഷിഭൂമി ഇല്ലാത്തവർ പാട്ടത്തിനും, പാതിവാരത്തിനും കൃഷി ചെയ്തിരുന്നു.

കരകൃഷിയായി തെങ്ങ്, കമുക്, കുരുമുളക്, വാഴ, വെറ്റില, കിഴങ്ങുവർഗ്ഗങ്ങൾ, മരച്ചീനി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ സമ്മിശ്ര കൃഷിരീതിയായിരുന്നു അവലംബിച്ചുപോന്നിരുന്നത്. 1960 കൾ വരെയും വീട്ടിന് ആവശ്യമായ പച്ചക്കറികളായ മത്തൻ, വെള്ളരി, കഴുത്തൻ, വെണ്ട, ചീര, മുളക്, ചേന, ചേമ്പ്, കാച്ചിൽ, ചെറുവള്ളി, നനകിഴങ്ങ്, കൂവക്കിഴങ്ങ് എന്നിവ ഓരോ കർഷകനും കൃഷിഭൂമികളിൽ നട്ടുപോന്നിരുന്നു. എന്നാൽ കൂട്ടുകുടുംബവ്യവസ്ഥിതി മാറിയതോടെ കൃഷിഭൂമി കൂടുതൽ തുണ്ടുകളായി തീരുകയും അനേകം പുതിയ വീടുകൾ ഉണ്ടാകുകയും ചെയ്തു. അതിനാൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറയുകയും, കാർഷിക രീതിയിൽ തന്നെ മാറ്റങ്ങൾ വരുകയും ചെയ്തു. തോട്ടുവരമ്പുകളോട് ചേർന്ന് പണകൾ ഉണ്ടാക്കി മറ്റു കര കൃഷികൾ ചെയ്യുകയും കോങ്കലുകളിൽ ഉള്ള കുളങ്ങൾ പലതും നികത്തപ്പെടുകയും ചെയ്തു. ഇതുമൂലം നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കുറയുകയും ജലസ്രോതസ്സുകൾ നശിക്കുകയും, പാടങ്ങൾ വരളുകയും ചെയ്യുന്ന ഒരവസ്ഥയാണ് ഇന്നു കാണുന്നത്. തെങ്ങ്, കമുക് മുതലായവയ്ക്ക് രോഗം പിടിപെട്ടതിനാൽ പല കൃഷിയിടങ്ങളും ഇന്നു നാണ്യവിളയായ റബ്ബർ കീഴടക്കി. പഞ്ചായത്തിന്റെ കുന്നിൻചരുവുകളിൽ ഉണ്ടായിരുന്ന കശുമാവിൻ തോട്ടങ്ങളും വ്യാപകമായി വെട്ടിമാറ്റി റബ്ബർ കൃഷി ചെയ്തുവരുന്നു. കാർഷികോല്പന്നങ്ങൾക്കുണ്ടായ വിലയിടിവും, കൃഷിച്ചെലവ് വർദ്ധിച്ചതും, റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുവാൻ കാരണമായി. പഞ്ചായത്തിലെ കർഷകരുടെ കൈവശ ഭൂമി വിസ്തീർണ്ണത്തെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

കൈവശഭൂമി വിസ്തീർണ്ണം
പട്ടിക 1

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| I | 434 | 35 | 9 |
| II | 400 | 28 | 10 |
| III | 650 | 30 | 5 |
| IV | 697 | 27 | -- |
| V | 380 | 35 | -- |
| VI | 410 | 34 | -- |
| VII | 387 | 40 | -- |
| VIII | 350 | 36 | 3 |
| IX | 200 | 32 | -- |

പഞ്ചായത്ത് പ്രദേശത്ത് ഇന്നത്തെ മുഖ്യവിളകൾ റബ്ബർ, നാളികേരം, നെല്ല്, മരച്ചീനി, വാഴ, കുരുമുളക്, വെറ്റില എന്നിവയാണ്. വിവിധ വിളകളുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ പട്ടിക-2-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 2
വിള വിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം |
|---|---|---|
| നെല്ല് (ഒന്നാം വിള) | 231.4 Hr | ----- |
| നെല്ല് (രണ്ടാം വിള) | 231.4 Hr | ----- |
| പയർ | 25 Hr | 200 Kg/Yr |
| പച്ചക്കറികൾ | 7 Hr | 1500 Kg/Yr |
| തെങ്ങ് | 845 Hr | 10200/Yr |
| വാഴ | 145 Hr | 3200/Yr |
| മരച്ചീനി | 360 Hr | 3200/Yr |
| കുരുമുളക് | 48 Hr | 8.5 ടൺ /Yr |
| കശുമാവ് | 18 Hr | 4000 Kg/Yr |
| റബ്ബർ | 2 Hr | 1050 Kg/Yr |
| കവുങ്ങ് | 17 Hr | 8000/Yr |

വീട്ടുപറമ്പിൽ ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ് ഇവ ധാരാളം ഉണ്ടായിരുന്നു. കാറ്റടിക്കുമ്പോൾ മാമ്പഴത്തിനായി നാട്ടുമാവിൽ ചോട്ടിലേക്കോടുന്ന കുട്ടിക്കാലത്തെപ്പറ്റിയുള്ള ഓർമ്മകൾ മാത്രം ഇന്ന് പഞ്ചായത്തിലെ പ്രായംചെന്നവർ അയവിറക്കുന്നു. കെട്ടിട നിർമ്മാണത്തിനും, വിറകിനും, റബ്ബർ കൃഷിക്കുമായി ഫലവൃക്ഷങ്ങൾ വെട്ടിമാറ്റിക്കൊണ്ടിരിക്കുന്നു. കപ്പമാങ്ങ, കിളിച്ചുണ്ടൻ മാങ്ങ, നാട്ടുമാങ്ങ എന്നിവ ഇന്ന് അന്യമായിരിക്കുന്നു. ആധുനിക കൃഷിരീതികളുടെ അവലംബവും രാസവളങ്ങളുടെ ഉപയോഗവും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവവുംമൂലം ഉത്പാദനക്ഷമത വർദ്ധിച്ചു. എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി ഉൽപ്പാദനക്ഷമതയുടെ മുകളിലല്ല നമ്മുടെ പഞ്ചായത്ത്. കൃഷിയോയുള്ള ആഭിമുഖ്യക്കുറവ്, ജൈവവളങ്ങളുടെ ദൗർലഭ്യം, ശീസ്ത്രീയമായി വളം പ്രയോഗിക്കുന്നതിൽ ഉള്ള അജ്ഞത, ഗ്രൂപ്പുഫാമിംഗിന്റെ അഭാവം എന്നിവ ഉത്പാദനക്ഷമത കുറയുന്നതിനുള്ള കാരണങ്ങളാണ്. ഉരുക്കളെ ഉപയോഗിച്ച് നിലം ഉഴുകുന്ന രീതി കുറയുകയും പാടശേഖര കമ്മിറ്റയുടെ ആഭിമുഖ്യത്തിൽ യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്ന സമ്പ്രദായംകൂടി വരികയുമാണ്.

ഇപ്പോൾ പഞ്ചായത്തിൽ 9 പവർ ടില്ലറുകൾ ഉണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6 പാടശേഖരസമിതികളാണ് ഇന്നു നിലവിലുള്ളത്. പട്ടിക - 3 - കാണുക.

പട്ടിക - 3

പട്ടിക - 3

| | |
|---|---|
| 1. | പോങ്ങനാട്, നടുവട്ടം പാടശേഖര സമിതി |
| 2. | ആലത്തുകാവ് മണ്ഡപം പാടശേഖര സമിതി |
| 3 | മലയ്ക്കൽ പാടശേഖര സമിതി |
| 4 | നിലങ്ങ്മൂഴി പാടശേഖര സമിതി |
| 5. | ചൂട്ടയിൽ പാടശേഖര സമിതി |
| 6. | അഞ്ചുമൂല, പുളിമ്പള്ളിക്കോണം പാടശേഖര സമിതി |

പുതുമംഗലം, കടമ്പാട്ടുകോണം, പുല്ലമ്പള്ളിക്കോണം, വിളക്കാട്ടുകോണം, കൊയ്യൂർകോണം, ചാത്തറകോണം, കൊക്കോട്, ആരൂർ, കാലായ്ക്കോട്, കള്ളിക്കാട് എന്നീ ഏലാകളിൽ സമിതികൾ ഇല്ല. പരമ്പരാഗത ജലസ്രോതസ്സുകളായ മുളയ്ക്കലത്തുകാവ്, നീരാഴി, ശൃംഗംകോട് കുളം, തകരപ്പറമ്പ് പൊട്ടൻചിറ, പൊന്നഴികം കുളം, പ്ലാപ്പള്ളിച്ചിറ, പാറക്കൽ ചിറ, വെണ്ണിച്ചിറ, തച്ചർകോട്ടുകുളം, പുളിമ്പള്ളിക്കോണം കുളം, അവിഞ്ഞിൽ കുളം, കൊക്കുമൂലച്ചിറ, ദേവേശ്വരം ചിറ, മഠത്തിൽ ചിറ, ചേരിക്കുളം, കായാട്ടുകോണം പൊട്ടൻചിറ, കന്ന്യാകുളം, ചെമ്മരുത്ത് ചിറ, കൈപ്പള്ളിചിറ, വിലങ്ങറമങ്ങാട് ചിറ, ചൂട്ടയിൽ പൊട്ടൻചിറ, പള്ളിയിൽ കുളം, തെന്നൂർ കുളം, മുണ്ടയിൽക്കോണം, വെള്ളാക്കുളം, കായാട്ടുകോണം കുളം, ഇതിനുപുമേ വികസിപ്പിച്ചെടുക്കേണ്ട നിരവധി ഊറ്റുകുഴികളും ഉണ്ട്. ഇവയൊന്നും സംരക്ഷിച്ച് ജലസേചനത്തിന് ഉപയുക്തമാക്കാൻ സാധിച്ചിട്ടില്ല.

കാലായ്ക്കോട് - തെന്നൂർ തോട്, ആരൂർ-മണ്ഡപം ചൂട്ടയിൽ തോട്, കൊക്കോട്ട് തോട്, വരിഞ്ഞോട്ടുകോണം-പഴയചന്ത-അമ്പലത്തുംമൂല തോട്, തേവയിൽ-മൂഴിയിൽ തോട്, വലിയകണ്ടം, കല്ലയിൽ-പുലിക്കോട്-മൂഴിയിൽ, വിലങ്ങറ-മറ്റത്ത്കോണം തോട്, പേരയിൽ-വെള്ളറയ്ക്കൽ തോട്, കിളിമാന്നൂർ തോട്, അഞ്ചുമൂല-പള്ളിവാതുക്കൽ തോട്, മണ്ഡപം-ആലത്തുകാവ് തോട്, ദേവേശ്വരം-പാലാറകുഴി-ചൂട്ടയിൽ തോട്, മേലേകോണം-ചൂട്ടയിൽ തോട്, കൊട്ടാരവ ഏലാ നടുതോട്, ചിറയിൽ-നീരാഴി കുളം-ചൂട്ടയിൽ തോട് എന്നീ തോടുകൾ പഞ്ചായത്തിലെ പ്രധാന ഏലാതോടുകൾ ആണെങ്കിലും [illegible] ാനുസരണം തടയണകൾ ഇല്ലാത്തതിനാലും, തോടുകൾ പാടങ്ങളിൽനിന്നും വ [illegible] ും കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാകുന്നില്ല. മഴക്കാലങ്ങളിൽ മാത്രം ജല [illegible] കുറയുമ്പോൾ തോടുകൾ വറ്റി വരളുന്ന അവസ്ഥയുമാണ് കണ്ടുവരുവന [illegible] ലസേചനം കിണറുകളെ ആശ്രയിച്ചാണ് നടക്കുന്നത്. 2% ത്തോളം കിണറുകളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് പറമ്പുജലസേചനം നടത്തുന്നുണ്ട്. എന്നാൽ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കൊടിയ വേനൽമൂലം പഞ്ചായത്തിലെ മിക്ക കിണറുകളും വറ്റിവരളുന്ന സ്ഥിതി ഉണ്ട്. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം കൃഷിഭൂമിയിൽ തങ്ങി നിൽക്കാതെ അപ്പാടെ വാർന്നു പോകുന്നതും കിണറുകളിലെ ജലദൗർലഭ്യത്തിനം കാരണമാകുന്നു. പറമ്പുകളിൽ തടയണയും അതിരുകളും നിർമ്മിച്ചു ജലം തടഞ്ഞു നിർത്തിയാൽ വേനൽക്കാലത്ത് കിണറുകളിലെ ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാം. തമിഴ്നാട്ടിൽ ഉള്ളതുപോലെ പറമ്പുജലസേചനത്തിന് കുഴൽക്കിണർ സൗകര്യം ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിലെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത് പോങ്ങനാട്, പനപ്പാംകുന്ന്, കിളിമാനൂർ എന്നീ മാർക്കറ്റുകളിലാണ്. ഉൽപ്പന്നങ്ങളിൽ അധികവും തലച്ചുമടായി മാർക്കറ്റിൽ എത്തിക്കുകയാണ് പതിവ്. പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ഒന്നും നിലവിലില്ല. എന്നാൽ നാണ്യവിളയായ റബ്ബർ വിപണത്തിനായി പോങ്ങനാട്, മുളയ്ക്കലത്തുകാവ്, കിളിമാനൂർ, പനപ്പാംകുന്ന് എന്നിവിടങ്ങളിൽ സ്വകാര്യ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മറ്റൊരു പ്രധാന കാർഷികോൽപ്പന്നമായ നാളികേരത്തിന്റെ വിപണനത്തിനും സംസ്കരണത്തിനുമായി ധാരാളം സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാളികേരമോ, കൊപ്രയോ പഞ്ചായത്തിലെ സഹകരണസംഘംവഴി എല്ലാക്കാലത്തും സംഭരിക്കപ്പെടുന്നില്ല. തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരസംര

ക്ഷണ സമിതി ഉണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഇതിന്റെ പ്രവർത്തനം ലഭ്യമല്ല. നെല്ല്, അരിയാക്കുന്നതിന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളായ പനപ്പാംകുന്ന്, മുളയ്ക്കലത്തുകാവ്, പോങ്ങനാട്, തകരപ്പറമ്പ്, മലയാമഠം, പുതിയകാവ്, ചൂട്ടയിൽ, കടമ്പാട്ടുകോണം, പുതുമംഗലം, അയ്യപ്പൻകാവ്, കൈലാസംമൂക്ക് എന്നീ സ്ഥലങ്ങളിൽ മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതിന് വേണ്ട സംവിധാനം ഇല്ല. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും കർഷകർ വിമുക്തരല്ല. നെല്ലുല്പാദകരുടെ കൈയിൽനിന്നും നെല്ലു വാങ്ങിക്കൊണ്ടുപോകുന്ന രീതിയും നിലവിലുണ്ട്. സ്വന്തം ഭൂമിയിൽ സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

പൊതുവെ വിലയിരുത്തുമ്പോൾ കൃഷിപ്പണിക്ക് കൂലിനിരക്ക് കുറവല്ല എന്ന് കാണാം. മാത്രമല്ല ദിവസം 8 മണിക്കൂർ ജോലി എന്ന രീതി തന്നെ ഇന്ന് മാറിയിരിക്കുന്നു. ഒരു റബ്ബർകുഴി എടുക്കുന്നതിന് ഇത്ര രൂപ എന്ന രീതിയിലുള്ള contract പണിയും ഏറിവരുന്നു. താഴെ പറയുന്ന പട്ടികയിൽ കൂലിനിരക്കിനെപ്പറ്റി കൂടുതൽ വിവരങ്ങൾ കൊടുത്തിരിക്കുന്നു.

പട്ടിക – 4

| *ജോലിഇനം* | *കൂലിനിരക്ക്* | |
|---|---|---|
| | *പുരുഷൻ* | *സ്ത്രീ* |
| കിളയ്ക്കൽ | 90 രൂപ | — |
| ഞാറുനടീൽ | — | 60 രൂപ |
| കളപറിയ്ക്കൽ | — | 60 രൂപ |
| കൊയ്ത്ത് | 6 പറയ്ക്ക് 1 | 6 പറയ്ക്ക് 1 |
| തേങ്ങയിടൽ | 100 തെങ്ങിന് 150 രൂപ | — |
| റബ്ബർ വെട്ട് | 1 മരത്തിന് 20 പൈസ | — |
| ഉഴവ് | 1 സെന്റിന് 6 രൂപ | — |

കൃഷിപ്പണികൾക്കായി പരമ്പരാഗത പണിയായുധങ്ങളും ആധുനിക യന്ത്രോപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ ഉപയോഗിക്കുന്ന കാർഷികോപകരണങ്ങളുടെ വിവരങ്ങൾ പട്ടിക 5-ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 5

| *വാർഡ് നമ്പർ* | *ഉഴവുപകരണങ്ങൾ* | | | *മരുന്നുതളി ഉപകരണങ്ങൾ* | | *സ്പോർട്ടവിൻ* | *മറ്റുള്ളവ* |
|---|---|---|---|---|---|---|---|
| | *ട്രാക്ടർ* | *ട്രില്ലർ* | *നാടൻ കലപ്പ* | *റോക്ക് സ്പ്രെയർ* | *നാപ്സ്സാക്ക് സ്പ്രെയർ* | *തെങ്ങുകയറ്റയന്ത്രം* | |
| 1 | | 1 | 47 | 2 | 4 | — | |
| 2 | | 1 | 68 | 1 | 9 | 1 | |
| 3 | | 1 | 53 | 2 | 3 | — | |
| 4 | | 2 | 40 | — | 4 | — | |
| 5 | | 1 | 22 | 1 | 6 | 1 | |
| 6 | | 1 | 68 | 1 | 2 | — | |
| 7 | | 2 | 85 | — | 5 | — | |
| 8 | | 1 | 32 | — | 4 | — | |
| 9 | | | 17 | — | 2 | — | |

റബ്ബർ കൃഷിയും മറ്റ് വിളകളും തെങ്ങിന്റെ പ്രാധാന്യം കുറച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ എല്ലായിടത്തും തെങ്ങുകൃഷി ഉണ്ട്. ഒരു തെങ്ങ് എങ്കിലും സ്വന്തമായി ഇല്ലാത്ത ഒരു കുടുംബവും പഞ്ചായത്തിൽ ഉണ്ട് എന്ന് തോന്നുന്നില്ല. നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും വില വർദ്ധിച്ചാൽ മാത്രമേ നഷ്ടപ്പെട്ട തെങ്ങിന്റെ

പ്രാധാന്യം തിരികെ വരികയുള്ളു. തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക 6-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 6

| *വാർഡ് നമ്പർ* | *തെങ്ങുകൃഷി* | *തെങ്ങ് എണ്ണം* | | | *രോഗം ബാധിച്ച തെങ്ങ്* | | | | | |
|---|---|---|---|---|---|---|---|---|---|---|
| | *വിസ്തീർണ്ണം* | *കായ്ക്കാത്തത്* | *കായ്ക്കുന്നത്* | *ആകെ* | *പുട്ട് വീൽ ?* | *ലീഫ് റോട്ട്* | *ബഡ് റൂട്ട്* | *സ്റ്റെംബ്ലീഡിംഗ്* | *മറ്റുള്ളവ* | *ആകെ* |
| 1 | | 9210 | 18836 | 28096 | 649 | 714 | 17 | 42 | 215 | 1637 |
| 2 | | 5500 | 11217 | 16717 | 416 | 519 | 31 | 47 | 174 | 1187 |
| 3 | | 7212 | 22150 | 29362 | 649 | 537 | 28 | 32 | 215 | 1461 |
| 4 | 845 Hr. | 6225 | 21480 | 27705 | 330 | 246 | 57 | 53 | 317 | 1003 |
| 5 | 845 Hr. | 9500 | 26381 | 35881 | 605 | 527 | 48 | 36 | 215 | 1451 |
| 6 | | 3115 | 11917 | 15032 | 332 | 246 | 62 | 42 | 168 | 850 |
| 7 | | 4200 | 14165 | 18365 | 770 | 520 | 51 | 35 | 174 | 1550 |
| 8 | | 2113 | 13038 | 15151 | 157 | 182 | 32 | 41 | 212 | 624 |
| 9 | | 5150 | 16038 | 21188 | 990 | 486 | 38 | 28 | 172 | 1714 |

പഞ്ചായത്തിൽ 93 മുതൽ 96 വരെ വിതരണം ചെയ്ത വിവിധ നടീൽ വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 7-ൽ നൽകിയിരിക്കുന്നു.

പട്ടിക -7

| *ഇനം* | *എണ്ണം* | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | TXD 50, 550 | 750,900 (C.C.D.P) | 375,1500 (C.,C.D P) |
| കശുമാവ് | — | 320 | 160 |
| കുരുമുളക് | 2000,കരിമുണ്ടവള്ളി | 3400 കരിമുണ്ട<br>1000 പന്നിയൂർ<br>800 വിൽപ്പനക്ക് | 8000 |
| വാഴ | — | 1250 | 1562 |
| കൊക്കോ | — | 50 | 160 |
| സസ്യങ്ങൾ | — | 200 | — |
| മള്ളുള്ളവ | 445 | 515 | 418 |

തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുവാൻ 94 മുതൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് CCDP (കോംപ്രഹെൻസീവ് കോക്കനട്ട് ഡവലപ്പ്മെന്റ് പ്രോഗ്രാം) 30 സെന്റിന് മുകളിൽ കൃഷിഭൂമിയുള്ള കേരകർഷകന് കിണർ കുഴിക്കുവാൻ 2500 രൂപയും പമ്പുസെറ്റ് സ്ഥാപിക്കുവാൻ 2500 രൂപയും ഉൾപ്പെട്ട 5000 രൂപ സബ്സിഡി നൽകുന്ന ഒരു പദ്ധതിയാണിത്. ഇപ്രകാരം കഴിഞ്ഞ 2 വർഷങ്ങളിലായി താഴെപ്പറയുന്ന പ്രകാരം കിണർ നിർമ്മിക്കുകയും പമ്പ്സെറ്റ് സ്ഥാപിക്കുകയും ചെയ്തു.

പട്ടിക – 8
(കൃഷിഭവൻരേഖ)

| വാർഡ് | കിണർ | പമ്പ് സെറ്റ് |
|---|---|---|
| I | 4 | 4 |
| II | 6 | 7 |
| III | 4 | 4 |
| IV | 6 | 3 |
| V | 13 | 12 |
| VI | 4 | 4 |
| VII | 5 | 3 |
| VIII | 7 | 5 |
| IX | 6 | 9 |
| ആകെ | 55 | 51 |

പരാധീനതകൾ ഏറെ ഉണ്ടെങ്കിലും കാർഷിക രംഗം ഇന്നും കിളിമാന്നൂർ പഞ്ചായത്തിൽ മറ്റേതിനെക്കാളും മുന്നിലാണ്. അല്പം ശ്രദ്ധയും സാങ്കേതിക പരിജ്ഞാനവും ഉണ്ടെങ്കിൽ കിളിമാനൂരിലെ കാർഷിക രംഗം സമ്പൽസമൃദ്ധമാകും എന്ന കാര്യത്തിൽ സംശയമില്ല. അതിനുള്ളതാകട്ടെ ഒൻപതാം പദ്ധതിയുടെ പ്രധാന സമീപനം എന്ന് പ്രത്യാശിക്കുന്നു.

പ്രശ്നങ്ങൾ

1. കൃഷി ഓഫീസ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് മാറ്റി സ്ഥാപിക്കുക. കെട്ടിടം നിർമ്മിക്കുക.
2. ഓരോ വാർഡിലും പ്രത്യേകമായി കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുക.
3. പച്ചക്കറി, വാഴകൃഷി, ഔഷധസസ്യം, വെറ്റിലകൃഷി, പുഷ്പകൃഷി ഇവയ്ക്ക് പ്രത്യേക പ്രോത്സാഹനം നൽകുക.
4. മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതി തയ്യാറാക്കുക.
5. ഗ്രൂപ്പ് ഫാമിംഗ് ഇല്ലാത്ത ഏലാകളിൽ അത് നടപ്പാക്കുക.
6. കൃഷിക്ക് ആവശ്യമായ നടീൽ വസ്തുവിനും വിത്തിനും നഴ്സറി സ്ഥാപിക്കുക.
7. തരിശ് ഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുക.
8. അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.
9. കൃഷിക്ക് ആവശ്യമായ ജലസേചനത്തിന് നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കണം.
10. വിളകൾക്കെല്ലാം ഇൻഷുറൻസ് ഏർപ്പെടുത്തണം.
11. മണ്ണു പരിശോധന സംവിധാനം കൃഷി ഓഫീസിൽ ഉണ്ടാക്കണം.
12. ഏലാതോടുകൾ പാർശ്വഭിത്തികെട്ടി ചീർപ്പുകൾ നിർമ്മിച്ച് സംരക്ഷിക്കണം.
13. തോട്ടുവരമ്പുകളിൽകൂടി കൃഷി ഉപകരണങ്ങൾ കൊണ്ടുപോകുന്നതിന് സംവിധാനം ഉണ്ടാക്കണം.
14. തെങ്ങ് രോഗം തടയുന്നതിന് രോഗപ്രതിരോധ നടപടി കാര്യക്ഷമമാക്കണം.
15. നെൽപാടങ്ങൾ നികത്തുന്നത് കർശനമായി തടയടണം.
16. വാർഡുതലത്തിൽ ജൈവവളങ്ങൾ നിർമ്മിച്ചു നൽകണം.
17. പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് സഹകരണസംഘം സ്ഥാപിക്കണം.
18. കുരുമുളക്, കശുവണ്ടികൃഷികൾ പ്രോത്സാഹിപ്പിക്കണം.
19. പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ വായ്പകൾ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്ക് മുഖേന ലഭ്യമാക്കുക.
20. വാർഡുകൾതോറും നടീൽ വസ്തുക്കളുടെ നഴ്സറി സ്ഥാപിക്കണം.
21. വീട്ടുവളപ്പുകളിൽ കമ്പോസ്റ്റ് കുഴി സ്ഥാപിക്കൽ പ്രോത്സാഹിപ്പിക്കണം.

## മൃഗസംരക്ഷണം

കഴിഞ്ഞ രണ്ട് മൂന്ന് ദശാബ്ദകാലയളവിൽ കിളിമാനൂർ പഞ്ചായത്തിലുണ്ടായ സാമൂഹിക-സാമ്പത്തിക മാറ്റത്തിനനുസൃതമായി മൃഗസംരക്ഷണമേഖലയിലും തനതായ പുരോഗതി ഉണ്ടായിട്ടുണ്ട്. ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരു മേഖലയാണ് കന്നുകാലി വളർത്തൽ. അതു കൊണ്ടായിരിക്കാം ഗ്രാമവാസികളിൽ 80 ശതമാനത്തോളവും കന്നുകാലിവളർത്തൽ ഒരു ഉപതൊഴിലായി സ്വീക രിച്ചുപോരുന്നത്. മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ ഫലമായി കന്നുകാലിക ളുടെ വംശവർദ്ധനവിലും ജനിതക ഗുണത്തിലും ഉത്പാദനക്ഷമതയിലും പുരോഗതി ഉണ്ടായതായി കാണാൻ കഴിയും. അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ വംശവർദ്ധനവോടുകൂടി നാടൻ ഇനങ്ങൾ അപ്രത്യ ക്ഷമാകാൻ തുടങ്ങി. താഴെ ചേർത്തിരിക്കുന്ന പട്ടികയിൽനിന്നും ഇത് വ്യക്തമാകും.

| *വാർഡ് നമ്പർ* | *കാള* | | *പശു* | | *എരുമ* | |
|---|---|---|---|---|---|---|
| | *നാടൻ* | *സങ്കരം* | *നാടൻ* | *സങ്കരം* | *നാടൻ* | *സങ്കരം* |
| 1 | 12 | 13 | — | 204 | — | — |
| 2 | 6 | 16 | — | 232 | — | — |
| 3 | — | 16 | — | 243 | — | — |
| 4 | — | 12 | — | 230 | — | 01 |
| 5 | 4 | 15 | — | 229 | — | 2 |
| 6 | — | 10 | — | 226 | — | — |
| 7 | — | 8 | — | 220 | — | — |
| 8 | — | 15 | — | 272 | — | 4 |
| 9 | — | 18 | 293 | — | 6 | |
| ആകെ | 22 | 123 | — | 2149 | — | 12 |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളായ പനപ്പാംകുന്ന്, പോങ്ങനാട്, കൈലാസംമുക്ക്, എന്നിവിടങ്ങ ളിൽ പ്രവർത്തിക്കുന്ന ഊർജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ സങ്കരയിനം കന്നുകാലികളുടെ വംശ വർദ്ധനവിന് ഉപയുക്തമായിട്ടുണ്ട്.

കർഷകർ ഉത്പാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യുന്നതിന് ഇപ്പോൾ പഞ്ചായത്തിലെ 5 പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന 5 ക്ഷീരോൽപാദസഹകരണ സംഘങ്ങൾ ഉണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം ആരംഭിക്കു ന്നതിന് മുൻപ് കന്നുകാലികർഷകർ പാൽ വിൽക്കുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. ഉത്പാദിപ്പി ക്കുന്ന പാൽ സ്വകാര്യവ്യക്തികൾക്കോ ചായക്കടയിലോ നൽകുന്ന ഏർപ്പാട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമി തമായി പാൽ ഉത്പാദിപ്പിച്ചാൽപോലും അത് വിറ്റഴിക്കുവാൻ സംവിധാനം ഇല്ലായിരുന്നു. ആയതിനാൽ കന്നു കാലി കർഷകർ പാൽ ഉത്പാദിപ്പിക്കുവാൻ രംഗത്ത് വരാതിരുന്ന ഒരു സന്ദർഭത്തിലാണ് പാൽ വിപണനസൗക ര്യത്തിനായി നാട്ടിൽ ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ആരംഭിച്ചു തുടങ്ങിയത്. ഉത്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുവാൻ ഒരു ഏജൻസി നിലവിൽവന്നതും, കർഷകരെ കറവപശു വളർത്തലിന് പ്രോത്സാഹിപ്പിച്ചു. പഞ്ചാ യത്തിൽ നിലവിലുള്ള ക്ഷീരോത്പാദകസഹകരണസംഘങ്ങളുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

| *സംഘത്തിന്റെ പേര്* | *അംഗങ്ങൾ പ്രവർത്തന പരിധി* |
|---|---|
| പോങ്ങനാട് ക്ഷീരോത്പാദക സഹകരണസംഘം | 3,4,5 വാർഡുകൾ |
| പനപ്പാംകുന്ന് ക്ഷീരോത്പാദക സഹകരണസംഘം | 3,2 വാർഡുകൾ |
| ചുട്ടയിൽക്ഷീരോത്പാദക സഹകരണസംഘം | 8,9 വാർഡുകൾ |
| കൈലാസംമുക്ക്ക്ഷീരോത്പാദക സഹകരണസംഘം | 1,2 വാർഡുകൾ |
| മലയാംമഠം ക്ഷീരോത്പാദക സഹകരണസംഘം | 5,6,4 വാർഡുകൾ |

സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം, കറവമാടുകൾക്കുള്ള വായ്പാസംവിധാനം. കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവയും ഇത്തരം സംഘങ്ങളുടെ പ്രവർത്തന മേഖലകളിൽ ഉൾപ്പെടുന്നുവെങ്കിലും പല കാരണങ്ങളാൽ ഈ പ്രയോജനങ്ങൾ പഞ്ചായത്തിലെ എല്ലാ കർഷകർക്കും ലഭിക്കുന്നില്ല. കന്നുകാലികൾ വർദ്ധിച്ചതോടൊപ്പംതന്നെ അവയ്ക്ക് ചികിത്സാ കേന്ദ്രങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വേണ്ടിവന്നു. ഒരു വികസന ബ്ലോക്കിന് ഒരു വെറ്ററിനറി ഡിസ്പെൻസറി എന്ന സൗകര്യത്തിന്റെ സ്ഥാനത്ത് ഇപ്പോൾ ഒരു ഗ്രാമപഞ്ചായത്തിൽ ഒരു വെറ്ററിനറി ഡിസ്പെൻസറി എന്ന നയം പ്രാവർത്തികമായി. മനുഷ്യരെപ്പോലെതന്നെ കന്നുകാലികളുടെ രോഗശുശ്രൂഷയുടെ കാര്യത്തിലും നാം മുന്നിലാണ്. കുളമ്പുരോഗം തുടങ്ങിയ പകർച്ച വ്യാധികൾ പൂർണ്ണമായി നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല. മൃഗാശുപത്രികളിൽ Operation തിയേറ്ററുകളുടേയും ഉപകരണങ്ങളുടേയും അപര്യാപ്തത മൂലം പ്രസവത്തോടനുബന്ധിച്ചുള്ള പശുക്കളുടെ മരണം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല. മടവൂർ ഗ്രാമപഞ്ചായത്തിൽ തകരപ്പറമ്പ് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ കിളിമാന്നൂർ, നഗരൂർ ഗ്രാമപഞ്ചായത്തിൽ വെള്ളം കൊള്ളി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികളായിരുന്നു ഗ്രാമവാസികൾ കന്നുകാലികളുടെ ചികിത്സയ്ക്കായി ആശ്രയിച്ചിരുന്നത്. എന്നാൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരു മൃഗാശുപത്രി എന്ന പദ്ധതിയുടെ ഭാഗമായി 5-3-96 മുതൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ആരൂർ പുളിമൂട് കേന്ദ്രീകരിച്ച ഒരു മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചു.

ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പ്രാദേശിക ലഭ്യതയനുസരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണയൂണിറ്റ് സ്ഥാപിക്കണം. ബ്ലോക്കുതലത്തിൽ ഒരു കാലിത്തീറ്റമിശ്രണ യൂണിറ്റ് സ്ഥാപിക്കുകയും അതോടൊപ്പം ഒരു ഗുണനിലവാരനിയന്ത്രണ സംവിധാനം ഉണ്ടാക്കുകയും വേണം. ഇവിടെ ഉൽപാദിപ്പിക്കുന്ന തീറ്റ വാർഡ്തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണസംഘം വഴി വിതരണം ചെയ്യുകയും വേണം. തരിശുഭൂമി വ്യക്തികളിൽ നിന്നും പാട്ടത്തിന് എടുത്തും, സർക്കാർ ഭൂമിയിലും പുറംപോക്കുഭൂമിയിലും, വഴിയോരങ്ങളിലും സ്ക്കൂൾ, ആഫീസ് വളപ്പുകളിലും പുൽനട്ട് പുൽക്കൃഷി വ്യാപിപ്പിക്കണം.

ഉൽപ്പാദന ചെലവിനനുസരിച്ച് ഉത്പാദകന് പാൽവില കിട്ടുന്നതിന് പാൽവിപണനകേന്ദ്രങ്ങൾ ഇല്ലാത്ത പുതുമംഗലം, പുളിമ്പള്ളീക്കോണം, ആർ.ആർ.വി ജംഗ്ഷൻ, കണ്ണയൻകോട് എന്നീ സ്ഥലങ്ങളിൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കണം. കർഷകനും, ധനകാര്യസ്ഥാപനങ്ങളും, പാൽസൊസൈറ്റികളും, വെറ്ററിനറി ഡിസ്പെൻസറിയും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെ വായ്പാസംവിധാനം ഉണ്ടാക്കണം.

കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തതിനാൽ പഞ്ചായത്തിലെ എല്ലാ വളർത്തുപക്ഷി മൃഗാധികൾക്കും മാസ്റ്റർപോളിസി വഴി ഇൻഷ്വറൻസ് ഏർപ്പെടുത്തണം. ആവശ്യാനുസരണം ഗുണമേന്മയുള്ള ഉരുക്കൾക്കുവേണ്ടി വാർഡുതലത്തിൽ അഞ്ഞൂറ് പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമബീജസങ്കലന സ്ഥാപനങ്ങൾ അനുവദിക്കണം.

ശാസ്ത്രീയമായ മാംസോത്പാദനവിപണനത്തിനുവേണ്ടി ആധുനികസൗകര്യത്തോടുകൂടി അറവുശാലകൾ സ്ഥാപിക്കുകയും വേണം. അറവുശാലകളിൽനിന്നും എല്ല് തുടങ്ങിയ വേസ്റ്റ് ശേഖരിച്ച് ബ്ളോക്കുതലത്തിൽ ഒരു ജൈവവളനിർമ്മാണയൂണിറ്റ് ഉണ്ടാക്കണം. കന്നുകുട്ടികളുടെ പരിപാലനത്തിന് എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തണം. പ്രോത്സാഹനമെന്ന രീതിയിൽ സ്ക്കൂൾ തലത്തിൽ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് വളർത്തുവാൻ കന്നുകുട്ടികളെ സൗജന്യമായി നൽകണം.

പഞ്ചായത്തിൽ വളരെ പരിമിതമായ തോതിലാണ് ആടുവളർത്തൽ ഉള്ളത്. നമ്മുടെ പ്രദേശങ്ങളിൽ കാട് കുറഞ്ഞതും, പച്ചില ലഭ്യമല്ലാത്തതും ആണ്. ആടുവളർത്തൽ കുറയുവാൻ കാരണമായത്. നല്ലയിനം ആട്ടിൻകുട്ടികളുടെ ലഭ്യതയില്ലായ്മയും മറ്റൊരു കാരണമാണ്. ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കണം. പച്ചിലയുടെ ദൗർലഭ്യം പരിഹരിക്കുവാൻ വീട്ട് വളപ്പിൽ പച്ചിലതോട്ടങ്ങൾ ഉണ്ടാക്കുകയും, സോഷ്യൽ ഫോറസ്ട്രിപോലുള്ള പദ്ധതികൾ നടപ്പിലാക്കുകയും വേണം.

പ്രതിരോധകുത്തിവയ്പുകൾ എടുത്തും ലൈസൻസ് വാങ്ങിയും പരിമിതമായ തോതിൽ മാത്രമേ പഞ്ചായത്തിൽ നായ്ക്കളെ വളർത്തുന്നുള്ളൂ. എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധകുത്തിവെയ്പ് നൽകുകയും ലൈസൻസ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുകയും വേണം. പഞ്ചായത്ത് പ്രദേശത്തെ ആടുകളുടെയും വളർത്ത് നായ്ക്കളുടെയും എണ്ണം പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു.

| വാർഡ് | ആട് | വളർത്തുനായ് |
|---|---|---|
| 1 | 308 | 152 |
| 2 | 295 | 132 |
| 3 | 304 | 145 |
| 4 | 275 | 138 |
| 5 | 312 | 108 |
| 6 | 225 | 117 |
| 7 | 210 | 108 |
| 8 | 232 | 149 |
| 9 | 225 | 118 |
| ആകെ | 2386 | 1165 |

മൃഗാശുപത്രികളോടനുബന്ധിച്ച് ഹാച്ചറികൾ സ്ഥാപിച്ച് ഇറച്ചി കോഴികളുടെയും, മുട്ട കോഴികളുടേയും, കുഞ്ഞുങ്ങളെ ലഭ്യമാക്കണം. ഇറച്ചികോഴികളുടേയും, മുട്ട കോഴികളുടേയും വളർത്തൽ വ്യാപിപ്പിക്കുകയും ഇവയുടെ വിപണനത്തിന് സഹകരണസംഘങ്ങൾ സ്ഥാപിക്കുകയോ, നിലവിലുള്ള ക്ഷീരോത്പാദകസഹകരണസംഘങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമാക്കുകയോ വേണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളോടനുബന്ധിച്ച് എഗ്ഗർ നഴ്സറി സ്ഥാപിക്കണം. ഇത് മുട്ടക്കോഴിവളർത്തലുമായി ബന്ധപ്പെടുത്തണം. എല്ലാ കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതിക്കുവേണ്ടി രണ്ടുമാസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

പഞ്ചായത്തുവക മൃഗാശുപത്രിക്ക് പൊതുജനങ്ങളിൽനിന്നും പണം സ്വരൂപിച്ച് വാങ്ങിയ ഇരുപത് സെന്റ് സ്ഥലത്ത് കാലാനുസൃതമായി എല്ലാവിധ സൗകര്യങ്ങളോടുംകൂടി ഒരു ആശുപത്രികെട്ടിടം സ്ഥാപിക്കുകയും അതിൽ സാനിട്ടറി, ക്ലിനിക്കൽലാബ്, ഓപ്പറേഷൻ തീയേറ്റർ, കർഷകപരിശീലനഹാൾ, ഫോൺ, പേജർ, വാഹന സൗകര്യങ്ങൾ ഇവ ഉണ്ടാക്കുകയും വേണം. ആശുപത്രിയുടെ പ്രവർത്തനസമയം 8 മണിക്കൂർ ആക്കുകയും ഒരു സീനിയർ വെറ്ററിനറി സർജന്റെയും ഒരു വെറ്ററിനറി സർജന്റെയും തസ്തിക ഉണ്ടാക്കുകയും വേണം. ICDP സബ്സെന്ററുകളുടെ പ്രവർത്തനം മൃഗാശുപത്രിയുടെ പരിധിയിൽ കൊണ്ടുവരണം. ഇവ ഒരു വാർഡിൽ ഒന്നുവീതം സ്ഥാപിക്കുകയും വേണം. ഭാരിച്ച ചികിത്സാചിലവുകൾ പരിഹരിക്കുവാൻ മരുന്നുകൾ സൗജന്യമായി നൽകണം. മൃഗാശുപത്രിയോടനുബന്ധിച്ച് വികസനസമിതി രൂപീകരിക്കുകയും ആശുപത്രിയുടെ പ്രവർത്തനത്തെ സഹായിക്കുകയും വേണം. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും ഒരേ സമയത്ത് പ്രതിരോധകുത്തിവയ്പ് നടത്തിക്കുവാൻ സമിതിയുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കണം. മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ കർഷകർക്കുവേണ്ടി സെമിനാറുകൾ, കന്നുകാലി പ്രദർശനവും, മത്സരങ്ങളും സംഘടിപ്പിക്കണം. ആശുപത്രികളോടനുബന്ധിച്ച് ക്വോർട്ടേഴ്സ് സ്ഥാപിക്കുകയും അടിയന്തിരഘട്ടങ്ങളിൽ രാത്രികാലത്തും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്യണം. കൃഷി ചെയ്യുവാൻ ഭൂമി കുറയുകയും തൊഴിലില്ലായ്മ രൂക്ഷമാകുകയും ചെയ്തിട്ടുള്ള ഈ കാലഘട്ടത്തിൽ ആടുവളർത്തൽ, ഇറച്ചി/ മുട്ട കോഴിവളർത്തൽ, പശുവളർത്തൽ ഇവ മുഖ്യതൊഴിലായോ, ഉപതൊഴിലായോ സ്വീകരിച്ച് കുടുംബവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കാടകോഴികളേയും, പന്നി, മുയൽ എന്നിവയും വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കി പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയണം.

## ക്ഷീരവികസനം:

1. പാലുത്പാദനചിലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാലിത്തീറ്റക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് പഞ്ചായത്തുതലത്തിൽ കാലിത്തീറ്റവിളകൾ കൃഷിചെയ്യുന്നതിലേക്ക് ഇടവിളയായി തെങ്ങിൻതോപ്പുകളിൽ പുൽകൃഷി ചെയ്യുന്നതിന് ധനസഹായം നൽകണം. വ്യാവസായികാടിസ്ഥാനത്തിലുള്ള പുൽകൃഷിതോട്ടങ്ങൾക്ക് പ്രാധാന്യം നൽകണം.

2. മാതൃകാഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്ന കർഷകർക്ക് ധനസഹായം നൽകണം.

3. മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കണം.

4. പട്ടികജാതിക്കാർ, ദുർബലവിഭാഗത്തിലുള്ളവർ, വനിതകൾ എന്നിവർക്ക് പശുവാങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകണം.

5. ഐസ്ക്രീം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം ലഭ്യമാക്കണം.

6. പഞ്ചായത്ത് തലത്തിൽ പാസ്റ്ററൈസേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് ഗുണമേന്മയുള്ള പാൽ എല്ലാവർക്കും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ക്ഷീരകർഷകരെ സഹകരണമേഖലയിലേക്ക് ആകർഷിക്കുന്നതിന് ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന്റെ അനുപാതത്തിൽ കാലിത്തീറ്റ സബ്സിഡി ലഭ്യമാക്കേണ്ടതാണ്.

8. പ്രൈമറിതലത്തിലെ വിദ്യാർത്ഥികളുടെ ബുദ്ധിപരവും ശാരീരികവുമായ വളർച്ചയ്ക്ക് ഗുണമേന്മയുള്ള പാൽ ക്ഷീരസംഘങ്ങൾമുഖേന വിതരണം നടത്തുന്നത് പരിഗണിക്കാവുന്നതാണ്.

9. ക്ഷീരസംഘങ്ങളിൽ പാൽ കറവയന്ത്രം സ്ഥാപിക്കേണ്ടതാണ്.

10. കൃഷിഭവൻ മാതൃകയിൽ പഞ്ചായത്ത് തലത്തിൽ ക്ഷീരവികസന ഓഫീസ് ഉണ്ടാകേണ്ടതാണ്.

## മത്സ്യബന്ധനം:

കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ 9 വാർഡുകളിലായി താഴെപറയുന്ന 25 കുളങ്ങൾ നിലവിലുണ്ട്.

മുളയ്ക്കലത്തുകാവ് നീരാഴി, ശൃംഗംകോട് കുളം, തകരപ്പറമ്പ്, പൊട്ടൻചിറ പൊന്നഴികം കുളം, പ്ലാപ്പള്ളിച്ചിറ, പാറയ്ക്കൽചിറ, (ഉളിനാട്ചിറ) വെണ്ണിച്ചിറ, തച്ചർകോട് ചിറ, പുളിമ്പള്ളിക്കോണം കുളം, അവിഞ്ഞിയിൽ കുളം, കൊക്കുമൂലച്ചിറ, ദേവേശ്വരം ചിറ, മഠത്തിൽചിറ, ചേരിക്കുളം കായാട്ടുകോണം പൊട്ടൻചിറ, കന്യാകുളം, ചെമ്മരുത്ത് ചിറ, കൈപ്പള്ളിച്ചിറ, വിലങ്ങറമങ്ങാട് ചിറ, ചൂട്ടയിൽ പൊട്ടൻചിറ, പള്ളിയിൽകുളം, തെന്നൂർകുളം, മുണ്ടയിൽക്കോണം കുളം, വെള്ളാക്കുളം, കായാട്ടുകുളം. പഞ്ചായത്തിലെ ജലസ്രോതസുകളായ ഇവിടെ ജലസേചനത്തോടൊപ്പം മത്സ്യകൃഷിയും നടത്താവുന്നതാണ്. ഈ ആവശ്യത്തിലേക്ക് പഞ്ചായത്തുകളും മത്സ്യം വളർത്താൻ താല്പര്യമുള്ള വ്യക്തികൾക്കു പാട്ടത്തിനു നൽകാവുന്നതും അതുവഴി പഞ്ചായത്തിന് വിഭവസമാഹരണം നടത്താവുന്നതുമാണ്. കൂടാതെ നെൽപാടങ്ങളോടനുബന്ധിച്ച് നീർച്ചാലുകളിലും മത്സ്യകൃഷി നടത്തുവാൻ പദ്ധതി തയ്യാറാക്കാവുന്നതാണ്.

*സാമൂഹ്യവികസനത്തിന്റെ കാര്യത്തിൽ ലോകത്തിനുതന്നെ മാതൃകയായ കേരളത്തിന് സാമ്പത്തിക രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തുവാൻ കഴിയും. കേരളം സാമൂഹ്യരംഗത്തുണ്ടാക്കിയ തിളക്കമാർന്ന നേട്ടങ്ങൾ സാമ്പത്തിക മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സംസ്ഥാനത്തെ മനുഷ്യവിഭവശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തണം. കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള മാർഗ്ഗമാണ് ജനകീയാസൂത്രണ പ്രസ്ഥാനം.*

കെ.ആർ. നാരായണൻ
ഉപരാഷ്ട്രപതി.

# വിദ്യാഭ്യാസമേഖല

വിദ്യാഭ്യാസമായി വളരെ മുന്നിട്ട് നിൽക്കുന്ന ഒരു പഞ്ചായത്താണ് കിളിമാനൂർ. സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും പുരോഗമന, നവോത്ഥാന പ്രസ്ഥാനങ്ങളും പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിക്ക് കാരണമായിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യകാലം മുതലേ തന്നെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഇംഗ്ലീഷ് സ്കൂളുകളും പെൺപള്ളിക്കൂടങ്ങളും പ്രവർത്തിച്ചിരുന്നു.

കിളിമാനൂർ കൊട്ടാർത്തിലെ അന്തേവാസികൾക്ക് മാത്രമായി വിദ്യാഭ്യാസം ചെയ്യുന്നതിന്, 1886-ൽ ഒരു സ്ക്കൂൾ സ്ഥാപിച്ചിരുന്നു. അതാണ് പിൽക്കാലത്ത് `കൊട്ടാരം സ്ക്കൂൾ' എന്നറിയപ്പെടുന്ന സ്പെഷ്യൽ യു.പി.എസ് ആയി മാറിയത്. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അദ്ധ്യാപകരും മറ്റ് പൗരപ്രമുഖരും കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് വായനശാലകളും അദ്ധ്യാപക പ്രസ്ഥാനങ്ങളും നൽകിയ സംഭാവനകളും ചെറുതല്ല.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക –1
വിദ്യാലയ വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| 1. | ഗവ. എൽ.പി.എസ്, ~~ആലിങ്ങൽ~~ ടൗൺ | സർക്കാർ | 157 | 6 | 52 |
| 2. | പി.വി.യു.പി.എസ്, പുതുമംഗലം | എയ്ഡഡ് | 194 | 9 | 56 |
| 3. | ഗവ. എൽ.പി.എസ്, പുതുമംഗലം | സർക്കാർ | 203 | 7 | 35 |
| 4. | സ്പെഷ്യൽ യു.പി.എസ്, കിളിമാനൂർ | എയ്ഡഡ് | 241 | 13 | 80 |
| 5. | ഗവ. എൽ.പി.എസ്, പനപ്പാംകുന്ന് | സർക്കാർ | 249 | 9 | 65 |

| | | | | | |
|---|---|---|---|---|---|
| 6. | ഗവ എൽപിഎസ്<br>കിളിമാനൂർ | സർക്കാർ | 250 | 10 | 31 |
| 7. | പി.വി.എൽപി.എസ്<br>കൈലാസംകുന്ന് | എയ്ഡഡ് | 251 | 10 | 40 |
| 8. | വി.വി.എൽപി.എസ്<br>കിളിമാനൂർ | സർക്കാർ | 288 | 10 | 54 |
| 9. | ഗവ യു.പി.എസ്<br>പോങ്ങനാട് | സർക്കാർ | 731 | 22 | 149 |
| 10. | ഗവ എച്ച്എസ്<br>കിളിമാനൂർ | സർക്കാർ | 1078 | 42 | 219 |
| 11. | ആർആർവി.ബി.എച്ച്എസ്<br>കിളിമാനൂർ | എയ്ഡഡ് | 1082 | 37 | 250 |
| 12. | ആർആർവി.ജി.എച്ച്എസ്<br>കിളിമാനൂർ | എയ്ഡഡ് | 1351 | 40 | 298 |

പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളും സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് തന്നെ ഉണ്ടായവയാണ്. പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളായ കിളിമാനൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ, 1964-ൽ അവിടെയുണ്ടായിരുന്ന യു.പി.സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടതാണ്. കിളിമാനൂർ കൊട്ടാരത്തിൽനിന്നും സംഭാവനയായി ലഭിച്ചതാണ് സ്ക്കൂൾ നിൽക്കുന്ന സ്ഥലം. കിളിമാനൂർ രാജകുടുംബാംഗം ആയിരുന്ന ശ്രീ. ഗോദവർമ്മയായിരുന്നു ഹൈസ്ക്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ.

കിളിമാനൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മറ്റൊരു ഹൈസ്ക്കൂളാണ് രാജാരവിവർമ്മ ഹൈസ്ക്കൂൾ. 1925-ലാണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. ഈ സ്ക്കൂൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വേർതിരിച്ചിരിക്കുന്നു. സ്ഥാപിച്ച അവസരത്തിൽ ഇങ്ങനെയായിരുന്നില്ല. ശ്രീ. പി. കൊച്ചുണ്ണി തിരുമുൽപ്പാടായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത് ഈ സ്ക്കൂളിലാണ്. ഈ സ്കൂളിന്റെ ഉടമസ്ഥത കിളിമാനൂർ രാജകുടുംബത്തിനാണ്. രാജകുടുംബത്തിന്റെ ഉടമസ്ഥതയിൽ ഒരു പ്രീപ്രൈമറി സ്കൂളും, ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പോങ്ങനാട്ട് മറ്റൊരു സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുപുറമെ 7 പാരലൽ കോളേജുകൾ, 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു പ്രീ-പ്രൈമറി ട്രെയിനിംഗ് സെന്റർ, 2 തയ്യൽ പരിശീലന കേന്ദ്രങ്ങൾ എന്നവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇത്രയധികം വിദ്യാലയങ്ങളും വിദ്യാർത്ഥികളുമുള്ള കിളിമാനൂർ പഞ്ചായത്തിൽ പക്ഷെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. ഉന്നത പഠനത്തിനായി നിലമേൽ, ആറ്റിങ്ങൽ, വർക്കല എന്നീ സ്ഥലങ്ങളിലെ കോളേജുകളെയാണ് വിദ്യാർത്ഥികൾ പ്രധാനമായും ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിനായി ആറ്റിങ്ങൽ ഐ.റ്റി.ഐ, കൊട്ടിയം പോളീടെക്നിക്ക് എന്നിവയെ ആണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക - 1 -ൽ കൊടുത്തിരിക്കുന്നു. 1000-ത്തോളം വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളിലെ സ്ക്കൂളുകളെ ആശ്രയിക്കുന്നു. ഇവയിൽ പ്രധാനമായും മടവൂർ എൻ.എസ്.എസ് ഹൈസ്ക്കൂൾ, തട്ടത്തുമല ഗവൺമെന്റ് ഹൈസ്ക്കൂൾ എന്നിവ ഉൾപ്പെടുന്നു. സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ 300-ഓളം കുട്ടികൾ, പഞ്ചായത്തിൽ ഉള്ളതിനുപുറമേ ആറ്റിങ്ങൽ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്നതായി കണക്കാക്കുന്നു.

പട്ടിക - 2

വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | പൈപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. എൽ.പി.എസ്സ്, അമൂർ | 39C | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. | പി.വി.യു.പി.എസ്സ്, പുതുമംഗലം | 1.51A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 3. | ഗവ. എൽ.പി.എസ്സ്, പുതുമംഗലം | 1A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. | സ്പെഷ്യൽ യു.പി.എസ്സ്, കിളിമാനൂർ | 1A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. | ഗവ. എൽ.പി.എസ്, പന്നപ്പാംകുന്ന | 1A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | ഗവ. എൽ.പി.എസ്, കിളിമാനൂർ | 50C | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | പി.വി.എൽ.പി.എസ്, കൈലാസംകുന്ന് | 50C | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 8. | വി.വി.എൽ.പി.എസ്, കിളിമാനൂർ | 50C | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 9. | ഗവ. യു.പി.എസ്, പോങ്ങനാട് | 58A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 10. | ഗവ. എച്ച്.എസ്സ്, കിളിമാനൂർ | 6A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | ആർ.ആർ.വി.ബി. എച്ച്.എസ് | 4.5A | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 12. | ആർ.ആർ.വി.ജി. എച്ച്.എസ് | 4ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽനിന്നും മിക്ക വിദ്യാലയങ്ങളിലും കുട്ടികൾ കുറഞ്ഞുവരുന്നതായി കാണുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ അതിപ്രസരവും സമീപ പഞ്ചായത്തുകളിലെ സ്ക്കൂളുകളിലേക്ക് വിദ്യാർത്ഥികൾ പോകുന്നതും, കുറഞ്ഞ നിരക്കിലുള്ള ജനനവുമാണ് ഇതിന് കണ്ടെത്തിയ കാരണങ്ങൾ. കൊഴിഞ്ഞുപോക്കും, തോൽവിയും പൊതുവെ കുറവായി കാണുന്നു.

നിലവിലുള്ള ഹൈസ്ക്കൂളുകളിൽ മൂന്നെണ്ണവും പഞ്ചായത്തിന്റെ ഒരു അറ്റത്തായാണ് സ്ഥിതി ചെയ്യുന്നത്. ഉപരിപഠനത്തിന് കുട്ടികൾ മറ്റു പഞ്ചായത്തുകളിലെ സ്ക്കൂളുകളെ ആശ്രയിക്കുന്നത് പ്രധാനമായും ഇക്കാരണത്താലാണ്. അതിനാൽ പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന പോങ്ങനാട് ഗവ: യു.പി.എസ് ഹൈസ്ക്കൂളായി ഉയർത്തണം എന്ന ആവശ്യം ശക്തിയാർജ്ജിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ അദ്ധ്യാപകരിൽ കൂടുതലും സ്ത്രീകൾ ആണെന്നാണ് വിദ്യാലയ സർവ്വെ വ്യക്തമാക്കുന്നത്. അദ്ധ്യാപകരിൽ ഭൂരിപക്ഷവും അടിസ്ഥാന യോഗ്യതകൾ ഉള്ളവരാണ്.

പട്ടിക - 3

സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

| തരം | ശരാശരി ദൂരം കി.മി. | പരമവധി ദൂരം. കി. മി. |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | 0.5 | 2 |
| അപ്പർപ്രൈമറി സ്ക്കുൾ | 0.5 | 2 |
| ഹൈസ്ക്കൂൾ | 0.5 | 2 |

വൈദ്യുതി മിക്കവാറും എല്ലാ സ്കൂളുകളിലും ഉണ്ട്. ചില സ്കൂളുകളിൽ പാചകമുറി, കക്കൂസ്, സ്റ്റാഫ് മുറി എന്നിവയുടെ അപര്യാപ്തത ഉണ്ട്. കളിസ്ഥലം, ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ എന്നിവ മിക്ക സ്ക്കുളുകളിലും ഇല്ല. വിദ്യാലയങ്ങളിലെ സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പഠനനിലവാരത്തെക്കുറിച്ച് കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. ഏകദേശം 25 ശതമാനത്തോളം വിദ്യാർത്ഥികൾ മിനിമം നിലവാരത്തിനും താഴെയാണ്. മൂന്ന് ഹൈസ്കൂളുകളിലെയും 95-96-ലെ SSLC വിജയ ശതമാനം പട്ടിക 4-ൽനിന്നും വ്യക്തമാകുന്നു.

പട്ടിക - 4

എസ്. എസ്.എൽ.സി. വിജയശതമാനം.(95-96

| | സ്ക്കുൾ | % |
|---|---|---|
| 1. | ഗവൺമെന്റ് ഹൈസ്ക്കൂൾ, കിളിമാന്നൂർ. | 46 |
| 2. | ആർ.ആർ.വി.ബി.എച്ച്.എസ്സ് കിളിമാന്നൂർ | 49 |
| 3. | ആർ.ആർ.വി.ജി.എച്ച്.എസ്സ് കിളിമാന്നൂർ | 36 |

അംഗനവാടികളും, ബാലവാടികളും, നഴ്സറി സ്കൂളുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ട്. 5- അംഗനവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വേണ്ടത്ര കളിക്കോപ്പുകൾ ഇല്ലാത്തതാണ് ഇവയുടെ പ്രധാന പ്രശ്നം.

പഞ്ചായത്തിൽ ആദ്യമായി പ്രീ-പ്രൈമറി തുടങ്ങിയത് ചെങ്കിക്കുന്ന് വി.വി.എൽ.വി.എസ്സിൽ ആണ്. ഡി.വി.ഐ യുടെ അനുവാദത്തോടെ 1- 8-90-ൽ പ്രവർത്തനം ആരംഭിച്ചു. 35-ഓളം കുട്ടികളും ഒരു അദ്ധ്യാപികയും ഒരു ആയയും ഉണ്ട്. ഇപ്പോൾ അരൂർ ഗവ: എൽ.പി.എസിലും പ്രീ-പ്രൈമറി പി.ടി.എ യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കളിക്കോപ്പുകൾ ഒന്നുംതന്നെ ഇല്ലാത്ത അവസ്ഥയാണ് രണ്ടു സ്ഥലത്തും.

കലാ-കായിക മത്സരങ്ങളിൽ ധാരാളം കുട്ടികൾ പങ്കെടുക്കാറുണ്ടെങ്കിലും ജില്ലാ-സംസ്ഥാന തലങ്ങളിലേക്ക് പോകുന്നവർ കുറവാണ്. വായനാശീലം വർദ്ധിപ്പിക്കുന്നതിന് പല സ്കൂളുകളിലും ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. പി.ടി.എ കൾ എല്ലായിടത്തും പ്രവർത്തിക്കുന്നുവെങ്കിലും തൃപ്തികരമല്ല. ചില സ്കുളുകളിൽ പി.ടി.എ കൾ പേരിൽ മാത്രം ഒതുങ്ങുന്നു. പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിൽ നടന്ന സാക്ഷരത പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

പ്രശ്നങ്ങൾ

1. കിളിമാന്നൂർ ഗവ. ഹൈസ്ക്കുളിൽ +2 അനുവദിക്കണം.
2. പുതുമംഗലം ഗവ. എൽ.പി.എസിൽ മുത്രപ്പുര ഉണ്ടാക്കണം, ചുറ്റുമതിൽ കെട്ടണം, പ്രീപ്രൈമറി ആരംഭിക്കണം.
3. ഒരു ഹൈസ്ക്കുൾ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കണം.

4. പോങ്ങനാട് യു.പി.എസ്. ഹൈസ്ക്കൂളായി ഉയർത്തണം.
5. പോങ്ങനാട് യു.പി.എസ് തീപിടുത്തം അന്വേഷണം ഊർജ്ജിതമാക്കണം.
6. പ്രീ–പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കണം.
7. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമം അല്ല.
8. സ്കൂൾ പി.ടി.എ കൾ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു.
9. പനപ്പാംകുന്ന് എൽ.പി.എസ് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം.
10. സ്കൂളുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം.
11. കൂടുതൽ അംഗനവാടികൾ അനുവദിക്കണം.
12. സ്കൂളുകളിൽ ആവശ്യത്തിന് പഠനോപകരണങ്ങളും, ഫർണീച്ചറുകളും ലഭ്യമല്ല.
13. സഞ്ചയികാ പദ്ധതി പുനരാരംഭിക്കണം.
14. ആരൂർ എൽ.പി.എസ് – യു.പി.എസ്സായി ഉയർത്തണം.
15. വൈദ്യപരിശോധനകൾ കാര്യക്ഷമമാക്കണം.
16. VVLPS-ലെ കെട്ടിടം അറ്റകുറ്റപ്പണികൾ മെച്ചപ്പെടുത്തണം.
17. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
18. പഠനനിലവാരം ഉയർത്തുവാൻ പദ്ധതി ആരംഭിക്കണം.
19. നിലവിലുള്ള അംഗനവാടികളിൽ ഭൗതികസാഹചര്യങ്ങൾ ഉണ്ടാക്കണം.

'കേരളത്തെ സംബന്ധിച്ചിടത്തോളം അശേഷം അസാധാരണമായ ഒരു പരിപാടിയല്ല ഇത്. ബഹുജനപങ്കാളിത്തം ഉറപ്പാക്കുന്ന ഒട്ടേറെ പരിപാടികൾക്കും നാം മുൻപ്തന്നെ നേതൃത്വം കൊടുത്തിട്ടുണ്ട്. സ്വാതന്ത്ര്യസമരകാലത്ത് നമ്മുടെ ഗ്രാമങ്ങളിൽ പൊന്തിവന്ന ഗ്രന്ഥശാലാപ്രസ്ഥാനം നമ്മുടെ സാംസ്കാരികജീവിതത്തിന് മാത്രമല്ല ദേശീയവിമോചന പ്രസ്ഥാനത്തിനും അളവറ്റ സംഭാവനകൾ നൽകി. 1957–59ലെ ഗവൺമെന്റ് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിച്ചപ്പോൾ അത് വിജയപ്രദമാക്കുന്നതിനുവേണ്ടി ഗ്രാമതലത്തിൽതന്നെ ഒരു ബഹുജനപ്രസ്ഥാനം ഉയർന്നുവന്നു. 1980 കളിലാണെങ്കിൽ സാക്ഷരതാപ്രസ്ഥാനം കേരളത്തെയാകെ തൊട്ടുണർത്തുക മാത്രമല്ല ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാവുകയും ചെയ്തു. ഇവയുടെ എല്ലാം തുടർച്ചയാണ് ഇന്നിപ്പോൾ രൂപംകൊണ്ട ജനകീയാസൂത്രണ പരിപാടി'

ശ്രീ. ഇ.കെ. നായനാർ

കേരള മുഖ്യമന്ത്രി

# സംസ്കാരം

കിളിമാന്നൂരിന് ഒരു വലിയ സാംസ്കാരിക പൈതൃകം ഉണ്ട്. ആധുനിക കാലത്ത് വളരെ അറിയപ്പെടാതെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ഒട്ടേറെ സാംസ്കാരിക നായകന്മാർക്ക് ജന്മം നൽകിയും വിശ്വവിഖ്യാതനായ ചിത്രകാരൻ രാജാരവിവർമ്മയുടെ ജന്മഗൃഹമായ കിളിമാന്നൂർ കോവിലകം തന്നെയാണ്.

കേരളത്തിലെ പ്രധാനപ്പെട്ട അഞ്ചു കഥകളി കൃതികളിലൊന്നായി പരിഗണിച്ചു പോരുന്ന-രാവണവിജയം കഥകളി കൃതി രചിച്ച വിദ്വാൻ കോയിത്തമ്പുരാൻ (കരീന്ദ്രൻ) സന്താനഗോപാലം തുള്ളൽപാട്ട് എഴുതി തന്റെ ബഹുമുഖ പ്രതിഭ സാംസ്കാരിക കേരളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ഹംസവധം കഥകളി കൃതി രചിച്ച വിദ്വാൻ കോയിത്തമ്പുരാൻ സ്വാതിതിരുന്നാൾ മഹാരാജാവിന്റെ സന്തത സഹചാരിയായിരുന്നു. ഡോക്ടർ ഗോദവർമ്മ ചരിത്ര നിരൂപണം സാഹിത്യഗവേഷണം, ഭാഷാശാസ്ത്രപഠനം എന്നീ രംഗങ്ങളിൽ പ്രശസ്തനായിരുന്നു. ഡോക്ടർ മാർത്താണ്ഡവർമ്മ കവിതയിലും ചരിത്ര ഗവേഷണത്തിലും പ്രഗത്ഭനായിരുന്നു. അദ്ദേഹത്തിന്റെ കേരളാഹിസ്റ്ററി പ്രബന്ധമാണ് ഡോക്ടറേറ്റു നേടിക്കൊടുത്തത്. മലയാളത്തിലെ ആദ്യകാവ്യം രാമചരിതം കീഴ്പേരൂർ സ്വരുപണത്തിലെ ബാലരാമവർമ്മയാണ് രചിച്ചിട്ടുള്ളത്. എന്നും അദ്ദേഹത്തിന്റെ ചരിത്രഗവേഷണം കണ്ടെത്തിയിട്ടുണ്ട്. കഥകളി കൃതിയെഴുത്തിലും ചിത്രരചനയിലും കിളിമാന്നൂർ കോവിലകത്തെ തമ്പുരാട്ടിമാരും വളരെ ഏറെ സംഭാവനകൾ നൽകിയിട്ടുണ്ട്. സംഗീതത്തിലും പ്രാഗത്ഭ്യം നേടിയവർ ഈ കോവിലകത്തുണ്ടായിരുന്നു.

ലോകപ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മയുടെ ജന്മനാട് കിളിമാന്നൂർ ആണെങ്കിലും സ്വാമി വിവേകാനന്ദൻ തന്റെ ബറോഡ സന്ദർശനത്തിൽ ആർട്ടിസ്റ്റു രാജാരവിവർമ്മ ചിത്രങ്ങൾ ഇവിടെ ഇല്ലെങ്കിലും ബറോഡയിലുടനീളം നിറഞ്ഞു നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും നമ്മുടെ നാട്ടിന്റെ ആസ്വാദനക്ഷമത എത്ര പരിതാപകരമായിരുന്നു എന്ന് നമുക്ക് ഊഹിക്കാവുന്നതാണ്.

നമ്മുടെ സാംസ്കാരിക രംഗവും നിലനിന്നിരുന്ന ജന്മിഉടമാബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ വിലയിരുത്താൻ കഴിയൂ. അതുകൊണ്ട് തന്നെ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലിങ്ങോട്ട് ജന്മിഉടമാബന്ധങ്ങളിലുണ്ടായ വ്യതിയാനം വിദ്യാഭ്യാസ സാംസ്കാരികാദിരംഗങ്ങളിലും ഉണ്ടായിട്ടുണ്ട്. അതിനുമുമ്പ് സാഹിത്യ സംഭാവനയും വിവിധ കലാരൂപങ്ങളിലുള്ള അഭിരുചിയും കൊട്ടാരത്തിന്റെ അകത്തളങ്ങളിൽമാത്രം ഒതുങ്ങിനിന്നിരുന്നു.

കിളിമാന്നൂർ ശങ്കരവാര്യർ, മാഘം മഹാകാവ്യം മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തു. കിളിമാന്നൂർ മാധവവാര്യർ കൊട്ടാരം സംഗീതജ്ഞനായിരുന്നു. സംഗീതശില്പം എന്ന കൃതി അദ്ദേഹം എഴുതിയിട്ടുണ്ട്. കൂടാതെ നല്ല തങ്കസിനിമയ്ക്ക് ഗാനം രചിച്ചത് അദ്ദേഹമാണ്. തിരുവനന്തപുരം സംസ്കൃതകോളേജ് പ്രൊഫസർ ആയി റിട്ടയർ ചെയ്ത എം.എച്ച്. ശാസ്ത്രികൾ കിളിമാന്നൂർ ചൂട്ടയിൽ സ്വദേശിയാണ്. സംസ്കൃത മഹാപണ്ഡിതനായി അദ്ദേഹത്തിന്റെ ഉണ്ണായിവാര്യരുടെ നളചരിതം വ്യാഖ്യാനം വളരെ പ്രശസ്തമാണ്. ചൂട്ടയിൽ കെ.ജെ.ആർ.വി ഗ്രന്ഥശാല, പോങ്ങനാട്ട് ദേശീയവായനശാല, പനപ്പാംകുന്ന് ജനതാ വായനശാല, മുളയ്ക്കലത്തുകാവ് സാംസ്കാരിക നിലയം ഗ്രന്ഥശാല ചാവരുപച്ചവനിതാസഹകരണസംഘം ഗ്രന്ഥശാല, മാധവനുണ്ണിത്താൻനഗർ സാംസ്ക്കാരികസമിതി മലയ്ക്കൽ പഞ്ചായത്ത് സാംസ്ക്കാരിക നിലയം ഗ്രന്ഥശാല എന്നിവയാണ് ഇവിടെ ഇന്നുള്ള പ്രധാന സാംസ്കാരിക സ്ഥാപനങ്ങൾ.

മുളയ്ക്കലത്തുകടവ് സാംസ്കാരിക സമിതി, നവകേരള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് തോപ്പിൽ, പാങ്ങൽ ആടം യുവജനസമിതി, നെൽസൺമണ്ടേല ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, യുഗചേതന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ആലത്തുകാവ്, ജ്ഞാനോദയം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഫ്രണ്ട്സ് പാങ്ങനാട്, രാജാരവിവർമ്മ ആർട്ട്സ് ക്ലബ് കടപ്പാട്ടുകോണം, പനപ്പാംകുന്ന് ജനതാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ശില്പശാല

ചൂട്ടയിൽ, ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പുളിമ്പള്ളിക്കോണം, RRV ക്ലബ്, അരൂർ മഹാനട അക്ഷര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, KIFA കിളിമാന്നൂർ എന്നിവ ഇന്ന് പഞ്ചായത്ത് പ്രദേശത്തു പ്രവർത്തിക്കുന്ന ക്ലബ്ബുകളാണ്.

പോങ്ങനാട് പഞ്ചായത്ത് സ്റ്റേഡിയം, കിളിമാന്നൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കളിസ്ഥലങ്ങൾ. ഇവ വികസിപ്പിച്ച് മികച്ച സ്റ്റേഡിയങ്ങൾ ആക്കി മാറ്റണം.

കൂണുപോലേ മുളച്ചുപൊന്തി തകർന്നടിയുന്ന ഒട്ടേറെ ആർട്സ് & സ്പോർട്സ് ക്ലബുകളും നമ്മുടെ സാംസ്കാരിക വളർച്ചയ്ക്ക് ചെറിയതോതിലെങ്കിലും സം ാവന നൽകുന്നുണ്ട്.

ഇവിടത്തെ പ്രധാന മതവി ാഗങ്ങൾ ഹിന്ദുമതവും ഇസ്ലാംമതവും ആണ്. ഏറ്റവും പ്രാചീനമായ ഉത്സവം നടത്തിവരുന്ന ഒരു ക്ഷേത്രം മലയാമഠം ഊരൂട്ടുമണ്ഡപം ആണ്. മുളയ്ക്കലത്തുകാവ് ക്ഷേത്രം, വല്ലൂർ ഒടയൻകാവ്, മാവുവിള ചാവരമ്പലം, ചാത്രക്കോണം അപ്പൂപ്പൻനട, പാറയിൽക്കട ചാവരമ്പലം, പനപ്പാംകുന്ന് ക്ഷേത്രം, ഗണപതിപ്പാറ, ശൃംഗംകോട് ക്ഷേത്രം, ഉള്ളൂർക്കോണം ക്ഷേത്രം, ചാങ്ങയിൽ ക്ഷേത്രം, പാറയ്ക്കൽ ക്ഷേത്രം, പ്ലാപ്പള്ളിക്ഷേത്രം, കാഞ്ഞിരംവിള ക്ഷേത്രം, പോങ്ങനാട് ശാസ്താ ക്ഷേത്രം, ആലത്തുകാവ് മാടൻനട, അങ്ങേമേലതിൽ ക്ഷേത്രം, അരൂർ മാടൻനട, അഞ്ചുമുല ക്ഷേത്രം, പാറയിൽക്കട ക്ഷേത്രം, ഓവിൽമാടൻ നട, മഠത്തിൽ ദേവീക്ഷേത്രം, അരൂർ ശ്രീ വൈകുണ്ഠപുരം ക്ഷേത്രം, ഊരൂട്ടുമണ്ഠപം, കടമ്പാട്ടുകോണം ദേവീ ക്ഷേത്രം, അട്ടോളിമഠം ക്ഷേത്രം, ദേവേശ്വരം ക്ഷേത്രം, മലയാമഠം ക്ഷേത്രം, അയിരുമുല ശിവക്ഷേത്രം, അയ്യപ്പൻകാവ് ക്ഷേത്രം, ചെങ്കിക്കുന്ന് മാടൻനട, ചൂട്ടയിൽ ശ്രീനാരായണപുരം ക്ഷേത്രം, ചൂട്ടയിൽ പുതുക്കുളങ്ങര ക്ഷേത്രം, ചൂട്ടയിൽ വലിയകോയിക്കൽ ക്ഷേത്രം, ചെങ്കിക്കുന്ന് ഗണപതിക്ഷേത്രം എന്നിവ പഞ്ചായത്തുപ്രദേശത്ത് ഇപ്പോൾ നിലവിലുള്ള ക്ഷേത്രങ്ങളാണ്. ഇവയിലെല്ലാം ഉത്സവങ്ങളും ആഘോഷങ്ങളും ആണ്ടുതോറും നടത്തിവരുന്നു.

മുളയ്ക്കലത്തുകാവ്, മാവുവിളക്കാവ്, ഇലഞ്ഞിക്കൽ കാവ്, ശൃംഗംകോട് കാവ്, ഉള്ളൂർക്കോണം കാവ്, തോട്ടുവാക്കാവ്, ആലപ്പാട്ട് കാവ്, മുണ്ടയ്ക്കൽകാവ്, പനവിളകാവ്, ആലത്തുകാവ്, മാടൻനടകാവ്, ആരൂർ, തച്ചർകോട് കാവ്, അച്ചുമൂലകാവ്, പുല്ലമ്പള്ളിക്കോണം കാവ്, ദേവേശ്വരംകാവ്, ആരൂർ ഐക്കരഴികം കാവ്, അട്ടോളിമഠം കാവ്, ചാത്രക്കാവ്, വാവറഴികം കാവ്, കൈതറ കാവ്, കണ്മയംകോട് പുലയരുകാവ്, ചിത്തിരഴികം കാവ്, വർത്തൂർകാവ്, ചെങ്കിക്കുന്ന് മാടൻനടക്കാവ്, കൊട്ടാരത്തിൽ വേട്ടേങ്കരക്കാവ് എന്നിവ നമ്മുടെ പുരാതന സംസ്ക്കാരത്തിന്റെ ഭാഗമായി ഇപ്പോഴും നിലനിൽക്കുന്നു.

ചൂട്ടയിൽ പള്ളി, അരൂർപള്ളി, വെണ്ണിച്ചിറ പള്ളി, തയ്യിൽതയ്ക്കാവ്, വട്ടപ്പാറപള്ളി എന്നിവ മുസ്ലീംമതവിഭാഗക്കാരുടെ പ്രാർത്ഥനാലയങ്ങളാണ്. ഇവയോടനുബന്ധിച്ച് മതപഠനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

പുതിയകാവ്, സീനാ തീയേറ്റർ, പോങ്ങനാട്ട് പി.ആർ. സിനിഹൗസ് എന്നിവയാണ് പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന രണ്ട് സിനിമാശാലകൾ. പത്രമാസികകൾ മിക്കതും പഞ്ചായത്തുപ്രദേശത്ത് പ്രചാരത്തിലുണ്ട്. മംഗളം, മനോരമ, ആഴ്ചപ്പതിപ്പുകൾ കൂടുതലായി വിറ്റഴിയുന്നു. ഗ്രന്ഥശാലകൾ അഞ്ചെണ്ണമുണ്ടെങ്കിലും പുസ്തകവായനക്കാരുടെ എണ്ണം കുറവാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വരവോടെ വായനാശീലം വളരെ കുറയുകയും ഉപഭോഗസംസ്ക്കാരം ഉയരുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഇടയിലുണ്ടായിരുന്ന പരമ്പരാഗതകായിക വിനോദങ്ങൾപോലും മാറിപ്പോവുകയും ദൃശ്യശ്രവ്യമാദ്ധ്യമങ്ങളുടെ കടന്നുകയറ്റം മൂലം അവയ്ക്ക് പ്രാധാന്യം നഷ്ടപ്പെട്ടിരിക്കുകയുമാണ്.

നമ്മുടെ പൈതൃകത്തിന് ഇണങ്ങുംവിധം പഞ്ചായത്തിലെ സാംസ്കാരിക രംഗം പുഷ്ടിപ്പെടുത്തുവാൻ സമഗ്രപദ്ധതി നടപ്പിലാക്കേണ്ടിയിരിക്കുന്നു. വായനശാലകൾ, സാംസ്കാരികകേന്ദ്രങ്ങൾ, ക്ലാസുകൾ എന്നിവയോടനുബന്ധിച്ച് നവസാക്ഷരകർക്കായി തുടർവിദ്യാഭ്യാസപദ്ധതി ആവിഷ്ക്കരിച്ചിരിക്കാവുന്നതാണ്.

ആർട്ടിസ്റ്റ് രാജാരവിവർമ്മ സ്മാരകം നിർമ്മിക്കുവാൻ പഞ്ചായത്ത് സ്വന്തമാക്കിയിട്ടുള്ള ഒരു ഏക്കർ ഇരുപത്തിനാല് സെന്റ് സ്ഥലത്ത് ഒരു കലാകേന്ദ്രം സ്ഥാപിച്ച് ചിത്രകലതുടങ്ങി സകല സുകുമാരകലകളും അഭ്യസിപ്പിക്കുവാനുള്ള ഒരു കോളേജ് തുടങ്ങുകയും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ കലാകായിക സംഘങ്ങളേയും ഇതിൽ അഫിലിയേറ്റ് ചെയ്യുകയും വളർച്ചയുടെ ഘട്ടത്തിൽ പടിപടിയായി ഇതിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങിനെ നാടിന്റെ സാംസ്കാരികനായകത്വം ആർട്ടിസ്റ്റ് രാജാരവിവർമ്മയുടെ സ്മാരകകേന്ദ്രത്തിനുണ്ടാക്കി നമ്മുടെ പ്രഭാപൂരിതമായിരുന്ന പൂർവ്വകാലത്തിന്റെ യഥാർത്ഥ പിൻഗാമികളായി ജനാധിപത്യകാലഘട്ടത്തിനനുസൃതമായി വളർത്തിക്കൊണ്ടുവരേണ്ടതാണ്.

# ഗതാഗതം

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ റോഡ് ഗതാഗതം 1980 വരെയും വളരെ പരിതാപകരം ആയിരുന്നു. തെക്കറ്റം പുല്ലയിൽ മുതൽ വടക്കറ്റം പേരയിൽ കുന്നുംപുറം വരെയും ജനങ്ങൾ ഭൂരിഭാഗവും കാൽനടയായിട്ടാണ് സഞ്ചരിച്ചിരുന്നത്. കിളിമാനൂർ-ആറ്റിങ്ങൽ റോഡിൽ പുതിയകാവ് മുതൽ ചെങ്കിക്കുന്ന് വരെയും കിളിമാന്നൂർ പള്ളിക്കൽ റോഡിൽ പുതിയകാവ് മുതൽ തകരപ്പറമ്പ് വരെയും മാത്രമാണ് ബസ് സർവ്വീസ് ഉണ്ടായിരുന്നത്. കൂടാതെ തുമ്പോട്-കൈതോട് റോഡിലെ പനപ്പാംകുന്നിൽ ഒരു കിലോമീറ്റർ ദൂരംകൂടി ബസ് ഗതാഗതം ഉണ്ടായിരുന്നത്. ഇത്രയും കഴിഞ്ഞാൽ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ അങ്ങിങ്ങ് ചില മൺതടങ്ങൾ ഉണ്ടായിരുന്നു. അത്യാവശത്തിന് പോലും ഒരു വാഹനം കൊണ്ടുവരാൻ കഴിയാത്ത വിധം ദുർഘടം പിടിച്ചതായിരുന്നു മേൽ പറഞ്ഞ തടങ്ങൾ. 1979 സെപ്ററമ്പർ മാസത്തിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന പഞ്ചായത്ത് സമിതിയും 1988-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അതികാരത്തിൽ വന്ന കമ്മിറ്റിയും മുൻഗണനാടിസ്ഥാനത്തിൽ റോഡുകൾക്ക് പ്രാധാന്യം നൽകി പഥമാവധി റോഡ് വികസനം നടത്തി. അതിന്റെ ഫലമായി തകരപ്പറമ്പ്-തട്ടത്തുമല, പാങ്ങൽത്തടം പാപ്പാല എന്നീ റോഡുകൾ P.W.D വഴിയും പോങ്ങനാട്- മുളയ്ക്കലത്ത്കാവ് പഞ്ചായത്ത് വഴിയും ടാർ ചെയ്ത് വാഹനഗതാഗതത്തിന് സൗകര്യപ്രദമാക്കി. മററനേകം ചെറുറോഡുകൾ പരസ്പരം ബന്ധിപ്പിച്ചും വീതികൂട്ടിയും മെറ്റലും ടാറും ചെയ്ത് ബലപ്പെടുത്തിയും ഗതാഗതസൗകര്യം മെച്ചപ്പെടുത്തി. ഇപ്പോൾ നിലവിലുള്ള റോഡിന്റെ സ്വഭാവം താഴെ പട്ടികയിൽ വിവരിക്കുന്നു.

| റോഡിന്റെ സ്വഭാവം | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റിൽ | പഞ്ചായത്ത് | പി.ഡബ്ല്യു. | ഡി.എൻ.എച്ച് | മറ്റുള്ള | ആകെ |
| 150KM | 14ഗMN | 5KM | 5.200KM | ഇല്ല | ഇല്ല | ഇല്ല | 194KM |

കിളിമാന്നൂർ ഗ്രാമപഞ്ചായത്തിൽ ആകെ 194KM റോഡുകളാണ് ഉള്ളത്. 19 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 29,408 ജനങ്ങളുള്ള നമ്മുടെ പഞ്ചായത്ത് തെക്ക് വടക്കായി നീളത്തിൽ സ്ഥിതിചെയ്യുന്നു. എന്നാൽ നിലവിലുള്ള റോഡുകളെ പരിശോധിച്ചാൽ കിഴക്ക് പടിഞ്ഞാറായിട്ടാണ് റോഡുകളിലധികവും നിർമ്മിച്ചിരിക്കുന്നത്. ജനവാസകേന്ദ്രങ്ങളിലുടെ ഗതാഗതസൗകര്യം ഉണ്ടാവുക എന്ന ഒറ്റ താല്പര്യം മാത്രമാണ് ഈ റോഡുകളുടെ നിർമ്മാണത്തിന് കാരണം. റോഡുകളുടെ ഈ സ്ഥിതിമൂലം തൊട്ടടുത്ത പഞ്ചായത്തിനുള്ളിലെ പ്രധാന കമ്പോളങ്ങളും വ്യാപാരസ്ഥാപനങ്ങളും വളർന്ന് വരുന്നതായി കാണാം. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഒരു വികസനകേന്ദ്രം വളർത്തിക്കൊണ്ടുവരാൻ ഈ റോഡുകൾ ഉതകുന്നില്ല.

നിലവിൽ ബസ് സർവ്വീസ് ഉള്ള റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പുതിയകാവ്-ചെങ്കിക്കുന്ന്- | 1 km |
| ചെങ്കിക്കുന്ന്-ദേവേശ്വരം- | 2 km |
| പുതിയകാവ്-തകരപ്പറമ്പ്- | 3 km |
| തകരപ്പറമ്പ്-പാങ്ങൽത്തടം-പാപ്പാല- | $6^1/_2$ km |
| പനപ്പാംകുന്ന്-ഡീസന്റ്മുക്ക്- | 1 km |
| കണ്ണംകര-മറവക്കുഴി- | 2 km |
| പോങ്ങനാട്-മുളയ്ക്കലത്ത്കാവ് | 3 km |
| മലയാമഠം-പുളിമ്പള്ളിക്കോണം | 3 km |
| പോങ്ങനാട്-കല്ലമ്പലം | $^1/_2$ km |

പഞ്ചായത്തിൽ ആകെ 194km റോഡുള്ളതിൽ $241^1/_2$ കി.മീ. മാത്രമാണ് ബസ്

PWD
സർവ്വീസ് ഉള്ളത്. ഇതിൽ ~~റോ~~ റോഡിൽ 18½ കി.മീറ്ററും പഞ്ചായത്ത് റോഡിൽ 6കി.മീറ്ററും മാത്രമാണ് ബസ് സർവ്വീസുള്ളത്.

### റോഡുകളുടെ സ്ഥിതി

ഏറ്റവുംകൂടുതൽ ഗതാഗതം നടക്കുന്ന കിളിമാന്നൂർ-പള്ളിക്കൽ റോഡിന്റെ പുതിയകാവ് മുതൽ തകരപ്പറമ്പുവരെയുള്ള 6k.m. അപകടസാദ്ധ്യതയുള്ള വളവുകളും വീതികുറവും ഓടകൾ നിർമ്മിക്കാത്തതു കാരണം റോഡിന്റെ സുരക്ഷിതത്വത്തെ തകർക്കുന്നവയാണ്. ആവശ്യമായ കലുങ്കുകളും ഓടകളും സംരക്ഷണഭിത്തികളും നിർമ്മിച്ചും റോഡിന്റെ വീതി വർദ്ധിപ്പിച്ചും ഗതാഗതശേഷി വർദ്ധിപ്പിക്കേണ്ടതാണ്. മറ്റു P.W.D റോഡുകളുടെ സ്ഥിതിയും ഭിന്നമല്ല. K.S.R.T.C ബസ് സർവ്വീസുള്ള മലയാമഠം ഏഴരമുഴി റോഡ് ടാർ ചെയ്യേണ്ടതാണ്.

### പ്രശ്നങ്ങൾ

റോഡിന്റെ ഇരു വശങ്ങളിലും പാറ, മെറ്റൽ, തടി എന്നിവ ശേഖരിച്ച് വെയ്ക്കുക. ഓടകൾ നികത്തി വീടുകളിലേക്ക് വഴിവെട്ടുക. വാഴ, മരച്ചീനി തുടങ്ങിയവ കൃഷിചെയ്യുക തുടങ്ങിയുള്ള അനധികൃത റോഡു കൈയ്യേറ്റങ്ങൾ പഞ്ചായത്തിനുള്ളിലെ റോഡുകളുടെ ഭദ്രതയെ തകർക്കുന്നു.

### നിർദ്ദേശങ്ങൾ

പ്രാദേശിക റോഡുകളുടെ സംരക്ഷണത്തിന് സംരക്ഷണസമിതികൾ രൂപീകരിക്കുക. കാലാകാലങ്ങളിൽ മെയന്റനൻസ് നടത്തുക. നടത്തുന്ന ജോലികളുടെ തുക, ഐറ്റം എന്നിവ നാട്ടുകാർ കാണത്തക്കവിധത്തിൽ പരസ്യബോർഡിൽ പതിക്കുക.

### അവലോകനം

പഞ്ചായത്തിലാകെ 194km റോഡുണ്ട്. ഇതിൽ വാഹനഗതാഗതത്തിന് സൗകര്യമുള്ളത് 44km ആണ്. മറ്റുള്ളവ ഗതാഗതയോഗ്യമല്ല.

### മാസ്റ്റർ പ്ലാൻ

പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി ഗതാഗതത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വടക്കും പേരയിൽനിന്ന് ആരംഭിച്ച് വെള്ളറയ്ക്കൽ, പനവൂർകുന്നം, കാലായിക്കോട്, മാവുവിള, ചൊറിയണംകോട്, മുളയ്ക്കലത്ത്കാവ്, പുള്ളിപ്പച്ച, പുലൂർകുന്ന്, തുറുത്തയിൽ, തോപ്പിൽക്കട, വാലഞ്ചേരി, R.R.V ജംഗ്ഷൻവരെ നിലവിലുള്ള റോഡുകൾ വികസിപ്പിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യം ആക്കണം. ഈ റോഡ് ഗതാഗതയോഗ്യം ആയാൽ പഞ്ചായത്തിലെ പ്രമുഖകൃഷിയിടങ്ങൾ, മാർക്കറ്റ്, പ്രാഥമികാരോഗ്യകേന്ദ്രം, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഞ്ചായത്ത് ഭരണകേന്ദ്രം തുടങ്ങി നിലവിലുള്ള സ്ഥാപനങ്ങളിലേക്കുള്ള യാത്രാക്ലേശം ഒഴിവായിക്കിട്ടും. കൂടാതെ കാർഷികമേഖലയേയും ധാതുസമ്പത്തിനേയും കേന്ദ്രീകരിച്ചുള്ള ചെറു വ്യവസായങ്ങൾ വളർന്ന് വരുവാൻ ഇത് സഹായകം ആകും. പഞ്ചായത്തിന് കുറുകെയുള്ള 75% റോഡുകളേയും ഇത് പരസ്പരം ബന്ധിപ്പിക്കും.

### അടിയന്തിരമായി വികസനം ആവശ്യമായി റോഡുകൾ

ചെങ്കിക്കുന്ന്-കായാട്ടുകോണം, മലയാമഠം ഇരുളുപച്ച, പോങ്ങനാട്- കിളിക്കോട്ടുകോണം-ഉള്ളൂർക്കോണം വരിഞ്ഞോട്ട്കോണം- പനപ്പാംകുന്ന്, കൈലാസംകുന്ന്-പനപ്പാംകുന്ന്, ചിറ്റിലഴികം-പുല്ലയിൽ, ചാത്രക്കോണം, ആലത്ത്കാവ്, തോപ്പ്-ഐത്തലക്കോണം- പുളിമ്പള്ളിക്കോണം, വാലഞ്ചേരി-ശ്രീകുമാർ, പ്ലാക്കാട്-കളത്തറ, പുളിമുട്-കടമ്പാട്ട്കോണം, എന്നീ റോഡുകൾ മുൻഗണനാക്രമം അനുസരിച്ച് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം. കൂടാതെ ഗതാഗതയോഗ്യമല്ലാത്ത 100കി.മീ ഇടവഴികളും 50കി.മീ. തടങ്ങളും ഇംപ്രൂവ്മെന്റ് ചെയ്യേണ്ടതുണ്ട്.

സമീപപഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകളായ ഏഴരമുഴി- പുളിമ്പള്ളിക്കോണം-മലയാമഠം റോഡ്, ആലത്തുകാവ്-മാത്തയിൽ-വെള്ളല്ലൂർ റോഡ്, തെങ്ങുംകോട്-മുളവനകോളനി റോഡ് എന്നിവയ്ക്ക് ബ്ലോക്ക്തല പദ്ധതി തയ്യാറാക്കി മെറ്റലും ടാറും ചെയ്തു ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

ബസ് സർവ്വീസ്

ടാർ ചെയ്തു ഗതാഗതയോഗ്യമാക്കിയിട്ടുള്ള പോങ്ങനാട്-അരശുവിള, മുളയ്ക്കലത്തുകാവ്-തട്ടത്തുമല റോഡ് വഴി ബസ് സർവ്വീസ് ഏർപ്പെടുത്തണം. കൂടാതെ പനപ്പാംകുന്ന്-വരിഞ്ഞോട്ടുകോണം, പുളിമുട്- കടമ്പാട്ടുകോണം വഴിയും ബസ് സർവ്വീസ് ഏർപ്പെടുത്തണം. പഴയകുന്നുമ്മേൽ-കിളിമാനൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കിളിമാനൂർ KSRTC വട്ടവിള റോഡും കിളിമാനൂർ നഗരൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പോങ്ങനാട്-കൊല്ലവൻവിളാകം വിലവൂർക്കോണം റോഡും ബ്ലോക്ക്തലപദ്ധതിയിൽപ്പെടുത്തി ഗതാഗതയോഗ്യമാക്കണം.

പഞ്ചായത്ത് അതിർത്തിയിലുള്ള PWD റോഡുകളും ടാർചെയ്ത പഞ്ചായത്തുറോഡുകളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തിയും പാർശ്വഭിത്തികെട്ടിയും ഓടവെട്ടിയും സംരക്ഷിക്കേണ്ടതാണ്.

# ടൂറിസം

ആധുനിക കേരളത്തിന്റെ സാംമസ്കാരികവും ചരിത്രപരവുമായ പൈതൃകം അവകാശപ്പെടുവാൻ സർവ്വഥാ യോഗ്യമാണ് കിളിമാനൂർ. ഭരണകൂടങ്ങൾ രൂപമെടുക്കുംമുമ്പ് നാട്ടുകൂട്ടങ്ങൾ മാത്രമുണ്ടായിരുന്ന നമ്മുടെ ദേശത്തേയ്ക്ക് സാമ്രാജ്യം തകർന്ന കുലശേഖരപെരുമാക്കന്മാരുടെ ഒരു കണ്ണി സ്ഥാനമുറപ്പിക്കുകയും (കീഴ്പേരൂർ സ്വരൂപം) തിരുവിതാംകൂറിനോളം വളർന്ന് വലുതാവുകയും ചെയ്തു.

ചരിത്ര വിദ്യാർത്ഥികൾക്കും ടൂറിസ്റ്റുകൾക്കും കിളിമാനൂർ കൊട്ടാരവും പരിസരപ്രദേശങ്ങളും ഒരു പഠന പര്യടനവിനോദ കേന്ദ്രമാക്കി തീർക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ചരിത്രമുറങ്ങുന്ന കിളിമാനൂർ കൊട്ടാരവും വിശ്വവിഖ്യാത ചിത്രകാരൻ രാജാരവിവർമ്മയുടെ ചിത്രശാലയും ഇന്ന് നാശത്തിന്റെ വക്കിലാണ്. അടിയന്തിരമായി സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിച്ച് ഇത് ഒരു ചരിത്രസ്മാരകമായി സൂക്ഷിക്കുകയും ചിത്രശാലയിൽനിന്ന് പല കാലങ്ങളിലായി കടത്തിക്കൊണ്ട്പോയി മറ്റ് പലകേന്ദ്രങ്ങളിലും പ്രദർശനത്തിന് വച്ചിരിക്കുന്ന ചിത്രങ്ങൾ മടക്കിക്കൊണ്ട് വന്ന് ഇവിടെ സൂക്ഷിച്ച് പൊതുപ്രദർശനത്തിന് വയ്ക്കേണ്ടതാണ്.

കൂടാതെ ചരിത്രപ്രസിദ്ധമായ വേലുത്തമ്പിയുടെ വാള് കിളിമാനൂർ കൊട്ടാരത്തിൽനിന്ന് ഇന്ത്യൻ പ്രസിഡന്റ് ഏറ്റെടുത്തിട്ടുണ്ട്. തിരുവിതാംകൂറിലെ ജനങ്ങളുടെ സ്വാതന്ത്ര്യവാഞ്ചയുടെ- ദേശാഭിമാനത്തിന്റെ അനശ്വര പ്രതീകമായ ആ വാൾ കിളിമാന്നൂർ കൊട്ടാരത്തിൽ തിരികെ കൊണ്ടു വന്ന് പ്രദർശിപ്പിക്കേണ്ടതാണ്. കിളിമാനൂർ കൊട്ടാരത്തിലെത്തുന്ന സന്ദർശകർക്ക് കീഴ്പേരൂർസ്വരൂപം, കുന്നുമ്മൽ സ്വരൂപം എന്നിവയുടെ ആസ്ഥാനങ്ങളിലേക്ക് പര്യടനം നടത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

അഖിലേന്ത്യാ ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനമുള്ള സമുദ്രനിരപ്പിൽനിന്ന് 270 അടിയോളം ഉയരമുള്ള ഗണപതിപാറ, കൈലാസംകുന്ന്, മുളയ്ക്കലത്തുകാവ്, തോപ്പുംപരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് വിനോദ സഞ്ചാരം വികസിപ്പിച്ചെടുക്കേണ്ടതാണ്. ഈ പ്രദേശത്തിന്റെ പ്രത്യേകത കിഴക്കും പടിഞ്ഞാറും തെക്കും വടക്കും സമതലങ്ങളിൽനിന്ന് മുകളിലേയ്ക്ക് ഗതാഗതസൗകര്യമുണ്ട്. ഏറ്റവും ഉയർന്ന സ്ഥലംവരേയും വാഹനങ്ങൾ ചെന്നെത്തും.

ഇവിടെനിന്നുമുള്ള സൂര്യാസ്തമനത്തിന്റെ ദൃശ്യം കന്യാകുമാരിയിലേതുപോലെ നയനാനന്ദകരമാണ്. പടിഞ്ഞാറ് അറബിക്കടലിലെ തിരമാലകളും കപ്പൽ യാത്രയും നഗ്നനേത്രങ്ങൾക്കുപോലും ദൃശ്യമാണ്. സദാ ആഞ്ഞടിക്കുന്ന കാറ്റ് ഈ പ്രദേശത്തിന്റെ മാറ്റ് കൂട്ടുന്നു.

കിഴക്ക് സഹ്യപർവ്വതനിരകളെ നോക്കിയിരുന്നാൽ മഞ്ഞലയിൽ മറഞ്ഞ് നിൽക്കുന്ന പൊന്മുടിയും അനുനിമിഷം മാറി മാറി തെളിഞ്ഞുവരുന്ന പർവ്വതനിരകളും ഏവരേയും വിസ്മയിപ്പിക്കുന്ന സുന്ദരദൃശ്യങ്ങളാണ്.

പേരുകൊണ്ടുപോലും അത്ഭുതം ഉളവാക്കുന്ന കൈലാസംകുന്നിന്റെ ഉയരെ കൈകൊണ്ട് കോരിയെടുക്കാവുന്ന നീരുറവകൾ ഒന്നിലധികമുണ്ട്. ഇവിടത്തെ ചിലഭാഗങ്ങളിൽ അഞ്ചേക്കറോളം സ്ഥലം എടുത്ത് കോട്ടേജുകൾ നിർമ്മിച്ച് വിനോദസഞ്ചാരികൾക്ക് ഗ്രാമീണസംസ്ക്കാരവും പ്രകൃതി ഭംഗിയും ഒരുമിച്ച് ആസ്വദിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്. സാംസ്കാരികമായും വിദ്യാഭ്യാസമായും, സാമ്പത്തികമായും അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും.

# വ്യവസായം

വ്യവസായരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ആണ് നമ്മുടേത്. നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ താഴെ വിവരിക്കുന്നു.

| | ഇനം | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | ഫാർമസ്യൂട്ടിക്കൽസ് | പുതിയകാവ് | 1 |
| 2. | സ്റ്റോൺക്രഷർ (മെഷീൻ) | മുളയ്ക്കലത്ത് കാവ് | 1 |
| 3. | സ്റ്റോൺ ക്രഷിംഗ് യൂണിറ്റ് (മാനുവൽ) | മുളയ്ക്കലത്ത് കാവ് | 1 |
| 4. | ജാക്ക് ഹാർ യൂണിറ്റ് | മുളയ്ക്കലത്ത് കാവ് | 1 |
| 5. | ഇഷ്ടിക നിർമ്മാണം (വയർ കട്ട്) | തകരപ്പറമ്പ്-മുല്ലശ്ശേരി ജം. | 1 |
| 6. | ഹോളോബ്രിക്സ് യൂണിറ്റ് | മുളയ്ക്കലത്ത് കാവ് | 1 |
| 7. | ഗ്രാനൈറ്റ് ക്വാറി | മുളയ്ക്കലത്ത് കാവ് | 11 |
| 8. | എഞ്ചിനീറിംഗ് വർക്സ് (ബിൽഡിംഗ്) | ചൂട്ടയിൽ | 2 |
| 9. | സാമിൽ | പോനാട് 3<br>മുളയ്ക്കലത്ത് കാവ് 1 | 4 |
| 10. | ഫ്ളവർമിൽ പനപ്പാംകുന്ന് | 3 | |
| | കൈലാസംകുന്ന് | 1 | |
| | മുളയ്ക്കലത്ത് കാവ് | 1 | |
| | പുതുമംഗലം | 1 | |
| | പോങ്ങനാട് | 4 | 14 |
| | മലയാമഠം | 1 | |
| | ചൂട്ടയിൽ | 1 | |
| | കടമ്പാട്ട്കോണം | 1 | |
| | അയ്യപ്പൻകാവ് | 1 | |
| 11. | ഓയിൽ മിൽ | പനപ്പാംകുന്ന് 2 | |
| | പോങ്ങനാട് | | 4 |
| | ചൂട്ടയിൽ | | 1 |
| 12. | ഫർണീച്ചർ (കാർപെന്ററി) ചൂട്ടയിൽ | | 1 |
| | പോങ്ങനാട് | | 5 |
| | മലയാമഠം | | 1 |
| | പനപ്പാംകുന്ന് | | 1 |
| | കൈലാസംകുന്ന് | | 1 |
| 13. | റെഡിമെയ്ഡ് ഗാർമെന്റ്സ് | പോങ്ങനാട് | 1 |
| | പാറയിൽക്കട (വനിത) | | 1 |
| 14. | IRDP വ്യവസായ യൂണിറ്റുകൾ | കിളിമാനൂർ കൊട്ടാരം 2 | |

വ്യവസായവൽക്കരണത്തിന് നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വ്യവസായ സംസ്കാരം നിലവിലില്ല
2. ലൈസൻസിംങ് സമ്പ്രദായത്തിലെ ന്യൂനതകൾ
3. വിപണനസൗകര്യത്തിലുള്ള ന്യൂനതകൾ
4. ഊർജ്ജ ദൗർലഭ്യം
5. അനുബന്ധ വ്യവസായങ്ങളുടെ അഭാവം
6. വാർത്താവിനിമയ സൗകര്യത്തിന്റെ അപര്യാപ്തത
7. വായ്പാസൗകര്യങ്ങളുടെ അപര്യാപ്തത
8. വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ അഭാവം

സാദ്ധ്യതകൾ

1. മനുഷ്യവിഭവശേഷി
2. അസംസ്കൃത വസ്തുക്കളുടെ ലഭ്യത

1) മ) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർ

(യ) സങ്കേതിക വിദ്യാഭ്യാസം നേടിയവർ

2 (മ) പാറ – 10 ഹെക്ടർ

(യ) റബ്ബർ – 120 ടൺ

(ര) നാളീകേരം – 32,64,000

(റ) കുരുമുളക് – 85 ക്വിന്റൽ

(ല) റബ്രർ തടി – 150 ടൺ

(ള) തെങ്ങുകളുട എണ്ണം – 2,05,483

(ഴ) താരതമ്യേന കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന ഭൂമി

വ്യവസായങ്ങൾ

1. ക്ഷീരോല്പന്നന വ്യവസായ
2. കള്ള് വ്യസായം
3. ഇളനീർ വ്യവസായം
4. ഖാദി ബോർഡിന്റെ കീഴൽ റെഡിമെയ്ഡ് ഗാർമെന്റ്സ്, എംബ്രോയിഡറി, ഇക്ട്രോണിക്സ്, ബേക്കറി, കറി പൗഡർ, തേനീച്ച വളർത്തൽ, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണ യൂണിറ്റ്.
5. യന്ത്രവൽക്കൃത ചകിരി നിമ്മാണം (പച്ചത്തൊണ്ട്)

6. വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രോത്സാഹനം നല്കുക.

7. കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ ഉല്പാദനം

8. ഗ്രാനൈറ്റ് വ്യവസായം

9. സോഫ്റ്റ് വുഡ് വ്യവസായം

10. സുഗന്ധസസ്യ വ്യവസായം

11. ഔഷധസസ്യ വ്യവസായം

12. ആൾ ഇന്ത്യാ ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനംപിടിച്ച കൈലാസംകുന്ന് ഗണപതിപാറയും ലോകപ്രശസ്ത ചിത്രകകാരൻ രാജാരവിവർമ്മയുടെ ജന്മഗൃഹമായ കിളിമാനൂർ കൊട്ടാരവും, രവിവർമ്മയുടെ സ്റ്റുഡിയോയും പ്രയോജനപ്പെടുത്തി ടൂറിസ്റ്റ് വ്യവസയം തുടങ്ങുക.

13. മത്സ്യം വളർത്തൽ വ്യവസായം

14. കോട്ടൺ പ്രോസസിംഗ്, ഡൈയിംഗ്

15. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം

16. കാലിത്തീറ്റ ഉത്പാദനം

17. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ

18. ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റികൾ

19. പോങ്ങനാട് പബ്ലിക് മാർക്കറ്റ് നവീകരിക്കുക

20. പനപ്പാംകുന്ന് സ്വകാര്യചന്ത പഞ്ചായത്ത് ഏറ്റെടുക്കുക.

21. മുയ്ക്കലത്ത് കാവിൽ പുതുതായി ഒരു മാർക്കറ്റ്

22. ~~മുയ്ക്കലത്ത്~~ കാവ് മിച്ചഭൂമിയിൽ ഉൾപ്പെട്ട വിതരണയോഗ്യമല്ലാത്ത ഭൂമിപഞ്ചാത്ത് ഏറ്റെടുത്ത് വ്യവസായകേന്ദ്രം സ്ഥാപിക്കുക. കൂടാതെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

# പൊതുജനാരോഗ്യവും കുടിവെള്ളവും

കിളിമാനൂർ പഞ്ചയത്തിൽ പരിപാലത്തിനായി മുയയ്ക്കലത്തുകാവിൽ ഒരു പൊതുജനാരോഗ്യകേന്ദ്രവും പോങ്ങനാട് ഒരു ആയൂർവ്വേദ ഡിസ്പെൻസറിയും സർക്കാർ ഉമടയിലുണ്ട്. ചവരുപച്ച, ആരുർ, പോങ്ങനാടട്, മ യാമഠം, എന്നിവിടങ്ങളിൽ ഫാമിലി വെൽഫെയർ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ പോങ്ങനാട് രണ്ട് സ്വകാര്യ അലോപ്പതി ആശപത്രികളും, ചൂട്ടയിൽ ഒരു സ്വകാര്യ ആശുപത്രിയും പ്രവർത്തിക്കുന്നു. പഞ്ചായ ത്തിനന്റെ വിവിധ ഭാഗങ്ങളിലായി സ്വകാര്യ ഉടമസ്ഥതയിൽ അഞ്ചോളം ആയൂർവ്വേദ ഹോമിയോ ഡിസ്പെൻസ റികളും പ്രവർത്തിച്ച് വരുന്നു. ഇതൊക്കെയാണെങ്കിലും ചികിത്സയ്ക്കായി ജനങ്ങൾ ധാരാളമായി സമീപപ്രദേശ ങ്ങളിലുള്ള പ്രശസ്തമായ സ്വകാര്യാശുപത്രികളിലം കേശവ[redacted]പുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ചിറ യിൻകീഴ് താലൂക്ക് ആുപത്രിയിലും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും നിത്യേന ചികി ത്സയ്ക്കായി പോകുന്നു.

### കിളിമാനൂർ പഞ്ചായത്ത്
### ആരോഗ്യ സ്ഥിതി വിവരങ്ങൾ

1. ആകെ വീടുകൾ 6505
   - a) കോൺക്രീറ്റ് 1151
   - b) ഓടിട്ടത് 1824
   - c) ഓല മേഞ്ഞത് 907
   - d) കുടിൽ 263
2) കക്കൂസുള്ള വീടുകളുടെ എണ്ണം 5312
   - a) സെപ്റ്റിക്ക് ടാങ്ക് ലഭ്യമല്ല
   - b) ഇ.എസ്.പി
   - c) മറ്റുള്ളവ
   - d) കക്കൂസ് ഇല്ലാത്ത വീടുകൾ 1193
3) കുടിവെള്ള സ്ത്രോതസ്സ്
   - a) സാനിറ്ററി വെൽ
   - b) സാധാരണ കിണർ 5644
   - c) കുളം 25
   - d) നദി ഇല്ല
   - e) പൈപ്പ് 31 ടാപ്പ്
   - f) പൊതുവിതരണം
4) തൊഴുത്ത്
   - a) വീടനോട്ചേർന്ന് 3117
   - b) പ്രത്യേകിച്ച് 721
5) കമ്പോസ്റ്റ് കുഴി
   - a) ഉള്ളത് 64
   - b) ഇല്ലാത്തത് —

6) വൈദ്യുതി

| | |
|---|---|
| a) വൈദ്യുതീകരിച്ചവ | 5811 |
| b) അല്ലാത്തവ | 694 |

7) ജനസംഖ്യ

| | |
|---|---|
| a) പുരുഷൻ | 14605 |
| b) സ്ത്രീകൾ | 14803 |

8) പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| | |
|---|---|
| a) 15–19 (സ്ത്രീയുടെ പ്രായക്രമം) | 99 |
| b) 20–24 | 506 |
| c) 25–29 | 747 |
| d) 30–34 | 91 |
| e) 35–39 | 516 |
| f) 40–44 | 301 |

9) അമ്മമാരുടെ എണ്ണം

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടസ്ഥാനത്തിൽ)

| | |
|---|---|
| a) 1 കുട്ടി | 522 |
| b) 2 കുട്ടികൾ | 1802 |
| c) 2-ൽ കൂടുതൽ കുട്ടികൾ | 513 |

10) കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച

അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അിസ്ഥാനത്തിൽ)

| | |
|---|---|
| a) 1 കുട്ടി | 402 |
| b) 2 കുട്ടികൾ | 1736 |
| c) 2-ൽ കൂുതൽ കുട്ടികൾ | 480 |

11) അംഗവൈകല്യം ഉള്ളവർ

| | |
|---|---|
| a) അന്ധർ | 5 |
| b) ബധിരർ | 3 |
| c) മൂകർ | 3 |
| d) ബധിര-മൂകർ | 7 |
| e) ചലനവൈകല്യങ്ങൾ | 103 |
| ആകെ | 12 |

12) മന്ദബുദ്ധികൾ എണ്ണം (പ്രായം)

| | |
|---|---|
| a) 0–5 | 1 |
| b) 6–10 | 4 |
| c) 11–15 | 3 |
| d) 16–ന് മേൽ | 3 |

13) സ്ഥായിയായ രോഗബാധിതർ

| | | |
|---|---|---|
| a) | രക്തസമ്മർദ്ദം | 248 |
| b) | പ്രമേഹം | 290 |
| c) | ക്യാൻസർ | 8 |
| d) | കുഷ്ഠം | 6 |
| e) | ക്ഷയം | 26 |
| f) | ഹൃദ്രോഗം | 43 |
| | ആകെ | **621** |

14) കുട്ടികൾ

| | | |
|---|---|---|
| a) | ഒരുവയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 209 |
| b) | പ്രതിരോധ കുത്തിയിവയ്പ് നടത്തിയവർ | 17 |
| | **ആകെ ഗർഭിണികൾ** | **238** |

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993 | 204 | 86 | NIL |
| 1994 | 206 | 58 | |
| 1995 | 203 | 61 | |

**PHC-യിൽ രജിസ്റ്റർ ചെയ്ത**

| വർഷം രോഗങ്ങൾ | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | ധാണിജന്യ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 320 | 13 | 2 | |
| 1994-95 | 29 | 11 | 4 | |
| 1995-96 | 17 | 7 | 5 | |

| വർഷം | പേഷ്യന്റ് എണ്ണം | പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം എണ്ണം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ പാമ്പ്കടി | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | Nil | 5452 | 632 | 26 | 199 | Nil | 4595 | |
| 1993-94 | Nil | 5281 | 600 | 21 | 206 | Nil | | |
| 1994-95 | Nil | 4469 | 540 | 10 | 211 | Nil | 3708 | |
| 1995-96 | Nil | 1306 | 560 | 23 | 231 | Nil | 492 | |
| ആകെ | Nil | 16508 | 2332 | 80 | 947 | Nil | 13249 | |

പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം സജീവമല്ല. ഔഷധം സൂക്ഷിക്കുവാൻ ഫ്രിഡ്ജ് തുടങ്ങിയ ശീതീകരണ ഉപകരണങ്ങൾ ഇല്ല. രോഗ പരിശോധനയ്ക്ക് ലാബ്, എക്സ്-റേ, ഓപ്പറേഷൻ തീയേറ്റർ എന്നീ പ്രാഥമിക സൗകര്യങ്ങളും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് വാർഡും ശുദ്ധജല വിതരണ സൗകര്യവും ഉണ്ടാകണം. നാട്ടുകാർ സംഭാവനയായി നല്കിയ ഒരേക്കർ സ്ഥലത്ത് പഞ്ചായത്ത് J.R.Y. പദ്ധതി പ്രകാരം നിർമ്മിച്ച ഡിസ്പെൻസറി കെട്ടിടത്തിലാണ് ഇപ്പോൾ P.H. സെന്റർ പ്രവർത്തിക്കുന്നത്. ചുറ്റുമതിലും ഗേറ്റും ചെയ്യേണ്ടതുണ്ട്.

പോങ്ങനാട് പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് ഒട്ടേറെ പരിമിതികൾ ഉണ്ട്. വരുംകാലങ്ങളിൽ ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ ഉതകുന്നവിധത്തിൽ വാർഡ് പണിയുകയും ഇൻപേഷ്യന്റ്, ചികിത്സയ്ക്ക് പര്യാപ്തം ആകേണ്ടതും ആണ്. ആശുപത്രി കാമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ആശുപത്രി റോഡ് ഗതാഗതയോഗ്യമാക്കുകയും വേണം. പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം. ഫാമിലി വെൽഫെയർ സബ്സെന്റ്ർ നാലെണ്ണം ഉണ്ട്. രണ്ടെണ്ണത്തിനാണ് സ്വന്തമായി കെട്ടിടം ഉള്ളത് - മലയാമഠവും ചാവരുപച്ചയും. കെട്ടിടം ഇല്ലാത്ത ആരൂർ, പോങ്ങനാട് സബ്സെന്ററുകൾക്ക് കെട്ടിടം ഉണ്ടാകണം. ഓരോ സബ്സെന്ററിലും ആഴ്ചയിൽ ഒരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. സബ് സെന്ററുകൾ ഇല്ലാത്ത അഞ്ച് വാർഡുകളിൽക്കൂടി സബ്സെന്ററുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

J.R.Y. പദ്ധതിപ്രകാരം പട്ടികജാതിക്കാർക്ക് പഞ്ചായത്തിലാകെ 400ഓളം കക്കൂസുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം ദുർബല വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും കക്കൂസ് ഉണ്ടാകേണ്ടിയിരിക്കുന്നു. കക്കൂസ് ഇല്ലാത്ത 1193 വീടുകൾ പഞ്ചായത്ത് പ്രദേശത്ത് ഉണ്ട്. കൊതുക് നിർമ്മാർജ്ജനപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

## പൊതുവിതരണസമ്പ്രദായം:

പോങ്ങനാട് ഒരു മാവേലിസ്റ്റോറും, പഴയചന്ത, പുതിയകാവ് എന്നിവിടങ്ങളിൽ ഹോൾസെയിൽ ഡിപ്പോകളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 13 റേഷൻ കടകളും പ്രവർത്തിക്കുന്നു.

കൈലാസംമുക്ക്-1, മുളയ്ക്കലത്തുകാവ്-1, പനപ്പാംകുന്ന്-2, പോങ്ങനാട്-2, പുളിമ്പള്ളിക്കോണം-1, മലയാമഠം-2, R.R.V.-1, ചൂട്ടയിൽ-2, പുതിയകാവ്-1. ഈ കടകളിൽക്കൂടി ഗുണനിലവാരം ഉള്ള ഭക്ഷ്യധാന്യങ്ങളും മറ്റ് വ്യഞ്ജനങ്ങളും വിതരണം ചെയ്യുകയും മാവേലിസ്റ്റോർ മുഖേന സബ്സിഡി നിരക്കിൽ കന്നുകാലികർഷകർക്കു കാലിത്തീറ്റ കൂടി വിതരണം ചെയ്യുകയും വേണം. കാർഷികോൽപ്പന്നങ്ങൾ വിലയ്ക്ക് വാങ്ങി റേഷൻകടകൾ, മാവേലി സ്റ്റോറുകൾ ഇവയിലൂടെ ഈ പ്രദേശത്തുതന്നെ ന്യായവിലയ്ക്ക് വിതരണം ചെയ്യാവുന്നതാണ്.

## കുടിവെള്ളം

പഞ്ചായത്തിൽ പൊതുവെ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നു. 100 ശതമാനം വീടുകളും ഇപ്പോഴും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 75 ശതമാനം വീടുകളിലും സ്വന്തമായി കിണറുകളുണ്ട്. മറ്റുള്ളവർ കുടിവെള്ളത്തിനായി പൊതുകിണറുകളെയും അയൽ വീടുകളേയും ആശ്രയിക്കുന്നു. കോളനിപ്രദേശങ്ങൾ മിക്കതും പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലായതിനാൽ രൂക്ഷമായ ജലക്ഷാമം നേരിടുന്നവയാണ്. പഞ്ചായത്തിൽ അങ്ങോളമിങ്ങോളം കുഴൽകിണറുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും നിർമ്മാണത്തിലെ അശാസ്ത്രീയതമൂലം ഒരു കിണറിൽനിന്നുപോലും ആരും കുടിവെള്ളം ഉപയോഗിക്കുന്നില്ല.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്പെഷ്യൽ കമ്പോണന്റ് സ്കീമിൽ ഉൾപ്പെടുത്തി 1981ൽ വിലങ്ങറ SL / ST വാട്ടർ സപ്ലൈ സ്കീം പണിയാരംഭിച്ചു. എങ്കിലും ഉദ്യോഗസ്ഥന്മാരുടെ കെടുകാര്യസ്ഥതയും കോൺട്രാക്ടർമാരും ആയുള്ള അവിശുദ്ധബന്ധവുംമൂലം പദ്ധതി പൂർത്തിയാകാതെ ഒരു ടാങ്കും കിലോമീറ്ററുകളോളം പൈപ്പ് ലൈൻ കുഴിച്ചിട്ടിട്ടുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നു. 1988ൽ കിളിമാനൂർ SC/ST വാട്ടർ സപ്ലൈ സ്കീം (ദേവേശ്വരം) വാട്ടർടാങ്കും പമ്പ്ഹൗസും വാട്ടർടാപ്പുകളും നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു എങ്കിലും പൊതുജനങ്ങൾക്ക് ഉപകരിക്കാൻ കഴിയാത്തവിധം ചോർച്ചയും മറ്റും മൂലം വിതരണം കാര്യക്ഷമം അല്ല. ഈ രണ്ട് പദ്ധതികളും ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിലെ 50 ശതമാനം ജനങ്ങളുടെ കുടിനീർക്ഷാമം പരിഹരിക്കപ്പെടും. കൂടാതെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുത്തക്കവിധത്തിലും സപ്ലൈ ടാങ്കുകളിൽ ജലം എത്തിക്കുവാൻ ഉദ്ദേശിച്ചുള്ളതും ആയ മൂന്നര കോടി രൂപയുടെ കിളിമാനൂർ ശുദ്ധജലവിതരണപദ്ധതി ലോകബാങ്ക് സഹായത്തോടുകൂടി ഭരണാനുമതി ലഭിച്ച് മൂന്ന് വർഷത്തോളമായിട്ടും തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വാമനപുരം ആറ്റിൽനിന്നും വെള്ളം കൊണ്ടുവന്ന് കൈലാസംകുന്ന് ഗണപതിപാറ സപ്ലൈ ടാങ്കിൽ ശേഖരിച്ച് കിളിമാനൂർ, മടവൂർ പഞ്ചായത്തുകൾക്ക് നല്കുവാനുള്ള പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഇതുതന്നെയാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ള ഏക പോംവഴി. കൂടാതെ നിലവിലുള്ള കിണറുകൾ ആഴം കൂട്ടുകയും കാലാകാലങ്ങളിൽ ശുദ്ധീകരിക്കുകയും വേണം. മേലേക്കോണം, പാലകുന്ന്, പുല്ലൂർക്കുന്ന്, മുളയ്ക്കലത്ത് കാവ്, തോപ്പ്, വട്ടക്കൈത, ചെറിയണംകോട് എന്നീ സ്ഥലങ്ങൾക്ക് അടിയന്തിര പരിഗണന നല്കി ശുദ്ധജലവിതരണത്തിന് മുളയ്ക്കലത്ത്കാവ് നീരാഴികുളം ഉപയോഗപ്പെടുത്തി പദ്ധതി തയ്യാറാക്കാവുന്നതാണ്. കൂടാതെ കിളിമാനൂർ SC വാട്ടർ സ്കീം (ദേവേശ്വരം) പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

സ്കൂളുകളോടനുബന്ധിച്ച് PTA യുടെ സഹകരണത്തോടെ ശുദ്ധജലവിതരണപദ്ധതി ആവിഷ്ക്കരിക്കണം.

> 'തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പരമാവധി ജനപങ്കാളിത്തത്തോടെ അത് പ്രദേശത്തെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് വികസന സ്കീമുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നതുവഴി ഒൻപതാം പദ്ധതിയെ ഒരു ജനകീയപദ്ധതിയാക്കുകയാണ് ലക്ഷ്യം. ആസൂത്രണപ്രക്രിയയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആസൂത്രണസങ്കേതങ്ങൾ പകർന്നുകൊടുത്തുകൊണ്ട് അവയെ കൂടുതൽ ശക്തമാക്കുകയും ഈ പരിപാടിയുടെ ലക്ഷ്യമാണ്'.
>
> ശ്രീ. ഐ.എസ്. ഗുലാത്തി
>
> ഉപാധ്യക്ഷൻ, ആസൂത്രണബോർഡ്.

സാമൂഹ്യക്ഷേമവും പാർപ്പിടവും

കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ 1996-97ലെ I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്ന 35 കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ സാമൂഹ്യക്ഷേമപരിപാടികൾക്കുവേണ്ടി നൽകുന്ന ധനസഹായങ്ങൾ കുറവാണ്.

**1995-96 ൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയിട്ടുള്ള ധനസഹായങ്ങൾ**

| വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| കിളിമാനൂർ | ഇല്ല | 6 | 4 | 3 | — | — | 3 | 48 | 88 |

I.R.D.P. പദ്ധതിപ്രകാരം കിട്ടുന്ന ധനസഹായങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. അർഹരായവർക്കെല്ലാം ധനസഹായങ്ങൾ ലഭിക്കുന്നില്ല. പഞ്ചായത്തിലാകെയുള്ള 7805 കെട്ടിടങ്ങളിൽ 6505 കെട്ടിടങ്ങളിൽ ആൾതാമസമുണ്ട്. 147 ബഹുനിലകെട്ടിടങ്ങളുൾപ്പെടെ 1161 കോൺക്രീറ്റ് കെട്ടിടങ്ങളും 1824 ഓട് മേഞ്ഞ കെട്ടിടങ്ങളും 2623 ഹട്ടുകളും ഉണ്ട്. കൂടാതെ അറുപ്പു കഴുക്കോൽ മേൽക്കൂരയുള്ളതും ഓല മേഞ്ഞതുമായ 907 കെട്ടിടങ്ങളുമുണ്ട്.

ജനവാസമുള്ള കെട്ടിടങ്ങളിൽ പകുതിയോളം കാലഹരണംവന്നതോ ആവശ്യമായ ബലം ഇല്ലാത്തവയോ ആണ്. വിദേശത്തൊഴിലാളികൾക്ക് മാത്രമാണ് ഉറപ്പുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശേഷിയുള്ളത്. സാധാരണ തൊഴിലികൾക്കും ഇടത്തരം ദരിദ്ര കൃഷിക്കാർക്കും ഭവനനിർമ്മാണം ഇപ്പോഴും ബാലികേറാമല തന്നെയാണ്. ഭവനനിർമ്മാണരംഗത്തെ സഹായിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽക്കൂടിയും കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കിളിമാനൂർ ഹൗസിംഗ് സഹകരണസംഘം എന്നപേരിൽ ഒരു സ്ഥാപനം കിളിമാനൂർ ജംഗ്ഷൻ കേന്ദ്രമാക്കി പ്രവർത്തിച്ചുപോരുന്നു. എന്നാൽ നാളിതുവരെ കിളിമാനൂർ പഞ്ചായത്ത് നിവാസികൾക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ വായ്പകൾ ലഭ്യമാക്കിയിട്ടില്ല.

ഭവനനിർമ്മാണരംഗത്ത് ഉപയോഗിച്ചുവരുന്ന മാമൂൽ ഉരുപ്പടികൾ മാറ്റി ചെലവ് കുറഞ്ഞതും ഉറപ്പുള്ളതുമായ നിർമ്മാണവസ്തുക്കൾ സുലഭമായി ലഭിക്കത്തക്കവിധത്തിൽ വ്യവസായ യൂണിറ്റുകൾ ഉണ്ടായാൽ മാത്രമേ പാർപ്പിടപ്രശ്നങ്ങൾക്ക് അല്പമെങ്കിലും പരിഹാരം കാണാൻ കഴിയുകയുള്ളൂ. കൂടാതെ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കത്തക്ക വിധത്തിൽ ധനകാര്യസ്ഥാപനങ്ങൾ മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

ഭവനനിർമ്മാണപദ്ധതികളിലെ ഉപാധികൾ ഉദാരമാക്കേണ്ടതാണ്.

പഞ്ചായത്തിൽ 5 കുടുംബങ്ങൾ പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നു.

കോളനികളിൽ അടിസ്ഥാനജീവിതസൗകര്യങ്ങൾ ഒന്നുംതന്നെയില്ല.

3 I.H.D.P. കോളനികളിൽ മാത്രമാണ് ഇതിനൊരല്പമെങ്കിലും മാറ്റം വന്നിട്ടുള്ളത്. പഞ്ചായത്തിൽഒരു വില്ലേജ് എക്സ് സ്റ്റെൻഷൻ ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

പുതുതായി അനുവദിച്ചിട്ടുള്ള പതിനൊന്നു അങ്കണവാടികൾ പ്രവർത്തനമാരംഭിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കണം. നിലവിലുള്ള അങ്കണവാടികളിൽ ഭൗതികസാഹചര്യങ്ങൾ ഉണ്ടാക്കുകയും കെട്ടിടങ്ങൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം.

## പട്ടികജാതി പട്ടികവർഗ്ഗം

പഞ്ചായത്തിൽ പട്ടിക ജാതിക്കാരുടെ എണ്ണം ആകെ ജനസംഖ്യയുടെ അഞ്ചിലൊന്ന് വരും. പട്ടികജാതിക്കാർ വിദ്യാഭ്യാസമായും സാമ്പത്തികമായും ഇപ്പോഴും വളരെയേറെ പിന്നിലാണ്. കിളിമാനൂർ ചിത്തിരഴികത്ത് ഒരു പട്ടികജാതി ഹോസ്റ്റൽ പ്രവർത്തിക്കുന്നു. സംസ്ഥാനതലത്തിൽ തെരഞ്ഞെടുത്ത 30 കുട്ടികൾ താമസിച്ച് പഠിക്കുന്നു.

സർക്കാരിന്റെ വിവിധ പദ്ധതികൾ അടിസ്ഥാനപരമായി ഈ വിഭാഗത്തിന് വലിയ മാറ്റങ്ങൾ വരുത്തിയിട്ടില്ല. കുട്ടികൾ ഹൈസ്ക്കൂൾ ക്ലാസ്സിൽ എത്തുന്നതിന് മുമ്പുതന്നെ പഠനം ഉപേക്ഷിച്ച് പോകുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നു. കോളനിവൽക്കരണം ഫലത്തിൽ ആ വിഭാഗത്തിനു തന്നെ ദോഷം ചെയ്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ്. ഈ വിഭാഗത്തിന്റെ കേന്ദ്രീകരണം മൂലം വൈവിധ്യമാർന്ന ജനവിഭാഗങ്ങളുമായി സഹകരിക്കുന്നതിനും അതുവഴിയുണ്ടാകേണ്ട സാംസ്കാരികോന്നമനം ഫലത്തിൽ നഷ്ടമാകുന്നു. കോളനിവൽക്കരണംകൊണ്ട് ഗോത്രസംസ്കാരത്തിൽ തന്നെ ഉറച്ച് നിൽക്കുന്നതിന് ഇടയാക്കുന്നു. ഭൂപരിഷ്ക്കരണ നടപടികൊണ്ട് ഒറ്റയ്ക്ക് നിൽക്കുവാനും ജന്മിമാരുടെ കീഴിലുള്ള ആശ്രിതത്വം ഉപേക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കുടികിടപ്പവകാശവും സൗജന്യ വിദ്യാഭ്യാസവും പട്ടികജാതിക്കാരെ മുന്നേറുവാനുള്ള പ്രേരണ ഉണ്ടാക്കിയെങ്കിലും ആ മുന്നേറ്റത്തെ തുടർന്ന് കൊണ്ടുപോകാനുള്ള യഥാർത്ഥ പദ്ധതികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നുള്ളതാണ് വസ്തുത. നമ്മുടെ പഞ്ചായത്തിൽ I,II,III,V,IX എന്നീ വാർഡുകളിലാണ് പട്ടികജാതി വിഭാഗക്കാർക്ക് മറ്റ് വാർഡുകളെ അപേക്ഷിച്ച് കൂടുതലുള്ളത്. ഇനിയും ഈ വിഭാഗങ്ങളിൽ മാറ്റം ഉണ്ടാക്കുവാൻ വ്യാവസായിക തൊഴിലവസരങ്ങൾക്ക് മാത്രമേ കഴിയൂ.

പഞ്ചായത്തിലെ 9 വാർഡുകളിൽ ആയി 34 അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്. ഇവയിലെല്ലാംകൂടി 786 കുടുംബങ്ങൾ അധിവസിക്കുന്നു. 7694ൽ കൂടിയ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പട്ടികതിസങ്കേതങ്ങളുടേയും അവയിൽ ഓരോന്നിലും അധിവസിയ്ക്കുന്ന കുടുംബങ്ങളുടേയും എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വാലഞ്ചേരി | – | 35 |
| കിളിക്കോട്ടുകോണം – IHDP | – | 60 |
| പുല്ലൂർകുന്ന് | – | 26 |
| പുല്ലംപള്ളിക്കോണം | – | 29 |
| തട്ടച്ചാട്ട് പുള്ളിക്കോണം | – | 13 |
| കണ്ണയംകോട് IHDP | – | 36 |
| കണ്ണംകരകോണം | | 12 |
| കുറവരുകോണം ചെങ്കിക്കുന്ന് | – | 26 |
| പേരയിൽ കുടയ്ക്കാലം പൊയ്ക | – | 39 |
| ആരൂർ ലക്ഷംവീട് | – | 21 |
| ചൂട്ടയിൽ | – | 22 |
| കർക്കിടകക്കോണം | – | 25 |
| ഊളൻകുന്ന് | – | 24 |
| പാലക്കുന്ന് വട്ടക്കൈത | – | 13 |
| മുളയ്ക്കലെത്തുകാവ് തോപ്പ് | – | 52 |
| മുളയ്ക്കലെത്തുകാവ് സുഗ്രീവൻകുന്ന് | – | 35 |
| കൊക്കോട് | – | 30 |
| വിലങ്ങറ ലക്ഷംവീട് | – | 17 |
| വട്ടക്കൈത | – | 20 |
| വിലങ്ങറ കൈലാസംകുന്ന് | – | 12 |
| ചാവരുപച്ച | – | 13 |
| വട്ടപ്പാറ തേവയിൽ | – | 14 |
| കാലായ്ക്കോട് | – | 14 |
| വാളക്കാട് (കല്ലയിൽ) | – | 12 |
| വേട്ടയിൽക്കോണം (തടത്തിൻകര) | – | 30 |
| വാഴ് വേലി | – | 21 |
| ഊന്നന്നൂർ | – | 21 |
| തെന്നൂർ | – | 27 |

| | | |
|---|---|---|
| ഉള്ളൂർക്കോണം ലക്ഷംവീട് | - | 10 |
| പാറയിൽക്കട | - | 14 |
| അരൂർപുലിയൂർകുന്ന് | - | 16 |
| കടമ്പാട്ടുകോണം (കുന്നുവിള) | - | 13 |
| ഇല്ലത്തുവിളാകം | - | 19 |
| പെരിങ്ങേലിയിൽ | - | 16 |
| ആകെ | - | 786 |

മേൽപ്പറഞ്ഞ 34 സങ്കേതങ്ങളിലെ 786 കുടുംബങ്ങളിൽ 60% പേർക്കും വീട്, വൈദ്യുതി, കക്കൂസ് എന്നിവ ഇല്ലാത്തവർ ആണ്. മേൽപ്പറഞ്ഞ കോളനികളിൽകൂടിയുള്ള റോഡുകളിൽ 78% ഉം ഗതാഗതയോഗ്യമാക്കിയിട്ടില്ല. കുടുംബങ്ങളിലെ അംഗങ്ങളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും പാറത്തൊഴിലാളികളുമാണ്. കുട്ടികളുടെ വിദ്യാഭ്യാസനിലവാരം മോശമാണ്. മിക്ക കോളനികളിലും അങ്കണവാടി സൗകര്യം ഇല്ല. കുടിവെള്ളക്ഷാമവും രൂക്ഷമാണ്. പട്ടികജാതിസങ്കേതങ്ങളിൽ മിനി വാട്ടർസപ്ലൈ സ്കീം നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണം.

പട്ടികജാതി സങ്കേതങ്ങളിൽകൂടിയുള്ള താഴെപറയുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കണം.

(1) തോപ്പിൽ, കൊക്കോട്, വടക്കൈത, പാലകുന്ന്, സുഗ്രീവൻകുന്ന് എന്നീ കോളനികളിലെ ജനവിഭാഗങ്ങൾക്ക് ഉപയോഗപ്രദമായി തോപ്പിൽ- അയിത്തലക്കോണം-പാലകുന്ന് റോഡും, പോങ്ങനാട്- കിളിക്കോട്ടുകോണം-പൊട്ടയിൽക്കോണം റോഡും ചൂട്ടയിൽ- കർക്കിടകക്കോണം റോഡും, തെന്നൂർ-ഈന്തന്നൂർ റോഡും പേരയിൽ- കുടയ്ക്കലെമ്പായ്ക റോഡും, ലക്ഷംവീട്-പാറയിൽക്കട റോഡും സഞ്ചാരയോഗ്യമാക്കണം.

> 'ജനകീയ ജനാധിപത്യം യഥാർത്ഥത്തിൽ നമ്മുടെ റിപ്പബ്ലിക്കിന്റെ കാതലായ ഭാഗമാണെന്ന് ഭരണഘടനയുടെ ആമുഖം വായിച്ചവർക്ക് മനസ്സിലാക്കാൻ കഴിയും. We, the people of India എന്ന് ആരംഭിക്കുന്ന വാക്കുകൾകൊണ്ടുതന്നെ ഇത് വ്യക്തമാണ്. ഭാരതത്തിലെ ജനങ്ങളായ ഞങ്ങൾ എന്ന പ്രയോഗത്തിന്റെ ശക്തി പ്രത്യേകം ശ്രദ്ധേയമാണ്. 50 കൊല്ലം അല്പമെല്ലാം വഞ്ചിക്കപ്പെട്ട ജനങ്ങളായ ഞങ്ങൾ ഇന്നാവർത്തിച്ചു പറയുകയാണ് ഞങ്ങൾക്കാണ് അധികാരം വേണ്ടതെന്ന്. അതിന്റെ ഒരു പ്രതിഫലനമാണ് - ജനകീയ ആസൂത്രണം'
>
> ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ.

## ഊർജ്ജം

പഞ്ചായത്തിലൊട്ടാകെ 18 ട്രാൻസ്ഫോർമറുകളും 4260 വൈദ്യുതി ഉപഭോക്താക്കളും 790 തെരുവ് വിളക്കുകളും ഉണ്ട്. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന 38 ഓളം ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമാണുള്ളത്. വൈദ്യുതി ഉപഭോഗത്തിന്റെ 90 ശതമാനവും ഗാർഹികാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ ഭവനങ്ങളിൽ 65 ശതമാനം വൈദ്യുതീകരിച്ചതാണ്.

പൊതുവേ ഊർജ്ജകമ്മിയുള്ള പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഏതാനും ശേഷികുറഞ്ഞ ട്രാൻസ്ഫോർമർ വഴിയാണ് പ്രധാനമായും വൈദ്യുതി ലഭിക്കുന്നത്. വൈദ്യുതി ലൈനുകളുടെ നീളക്കൂടുതലും വൃക്ഷ സമ്പർക്കവും മെയിന്റനൻസിന്റെ അഭാവവും മൂലമുള്ള പ്രസരണ നഷ്ടം ഊർജ്ജദാരിദ്ര്യം രൂക്ഷമാക്കുന്നു. പാരിപ്പള്ളി, ആറ്റിങ്ങൽ, ആയൂർ എന്നീ സബ്സ്റ്റേഷനുകളിൽനിന്നാണ് നമുക്ക് വൈദ്യുതി ലഭിക്കുന്നത്. കിളിമാനൂർ 110 K.V. സബ്സ്റ്റേഷന്റെ പണി മന്ദഗതിയിലായതും അത്യാവശ്യം സ്ഥലങ്ങളിൽപോലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാത്തതും വോൾട്ടേജ് ക്ഷാമം ഉണ്ടാക്കുന്നു.

ഭക്ഷണം പാകം ചെയ്യുന്നതിന് പഞ്ചായത്തിൽ ഭൂരിപക്ഷം ആളുകളും വിറകിനെയാണ് ആശ്രയിക്കുന്നത്. പാചക വാതകം വിരലിൽ എണ്ണാവുന്ന വീടുകളിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഉള്ള വിറകിന്റെ ഫലപ്രദമായ ഉപയോഗത്തിന് പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കേണ്ടതുണ്ട്. നാമമാത്രമായി മണ്ണെണ്ണ സ്റ്റൗകളും ഉപയോഗിച്ച് വരുന്നു. കിളിമാനൂർ കേന്ദ്രമാക്കി സർക്കാർ ഉടമസ്ഥതയിൽ ഒരു L.P.G. ഗ്യാസ് ഏജൻസി അനുവദിക്കണം.

പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകളിൽ ചിലത് വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും വീടുകളിൽ ഭൂരിഭാഗവും വൈദ്യുതി എത്താത്തവയാണ്. അതിൽ പ്രധാനമായും ജില്ലയിലെ ഏറ്റവും വലിയ മിച്ചഭൂമി കോളനിയായ (50 ഏക്കർ) മുളയ്ക്കലത്തുകാവ് തോപ്പിൽ കോളനിയിൽ 80 ശതമാനം വീടുകളിലും പൊതുവഴികളിലും വൈദ്യുതി എത്തിയിട്ടില്ല. ഇത്പോലെ പഞ്ചായത്തിലെ 34 രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികജാതികോളനികളിൽ പകുതിയോളം കോളനികൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

ഗോബർ ഗ്യാസ് പ്ലാന്റുകൾ പൂർണ്ണ സബ്സിഡി നൽകി കർഷകർക്കിടയിൽ പ്രചരിപ്പിക്കേണ്ടതാണ്. ഊർജ്ജോല്പാദനത്തിന് ജില്ലയിൽതന്നെ ഉയർന്ന പ്രദേശങ്ങളായി കണക്കാക്കപ്പെടുന്ന പഞ്ചായത്തിന്റെ വടക്കൻ മേഖലയിലെ കുന്നിൻപുറങ്ങളിൽ വിന്റ് മില്ലുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധന്മാരെക്കൊണ്ട് സ്ഥലപരിശോധനനടത്തി വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

വല്ലൂർ-അലവക്കോട്, മണ്ണാൻവിളാകം, അടിപൊയ്ക-ഐത്തലക്കോണം, തോട്ടിൻകര, ചാവര്പച്ച, വാളാക്കോട്, വരിഞ്ഞോട്ട് കോണം, കറ്റ് വെട്ടി, പഴയചന്ത-ആയുർവ്വേദ ഡിസ്പൻസറിതടം, വലിയാലുവിള, കൊക്കോട്, അഞ്ചുമൂല, മഠത്തിൽപ്പണ, കാരിക്കുഴി, ആരൂർ-കൊപ്പത്തിൽ, മലയാമഠം- മണ്ഡപം-പുലിയൂർക്കുന്ന് പത്തുലക്ഷംവീട് കോളനി, ദേവേശ്വരം- ചിറയിൽ ലൈൻ, ദേവേശ്വരം-അങ്ങേമേലതിൽ, ശ്രീകുമാർ-വാലഞ്ചേരി, പാലാറക്കുഴി-ഉഷസ് ബാലവാടി, നീരാഴികർക്കിടകക്കോണം, വറുത്തൂർ-തോട്ടയം, കാവുങ്ങൽ, വലിയവിള, വേന്താനം, പൂതമടക്ക്, പുളിമ്പള്ളിക്കോണം-അയിത്തലക്കോണം, തെങ്ങിൻകോട്- മുളവനക്കോണം, പാറയിൽക്കട, ആലത്തുകാവ്-മുണ്ടയിൽക്കോണം, കടമ്പാട്ടുകോണം, തോപ്പിൽക്കട-വട്ടവാൾപുറക്കോട്-കളത്ര, പാറയ്ക്കൽ എന്നീ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

## വനിതാക്ഷേമം

കിളിമാനൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 50.89 ശതമാനം സ്ത്രീകളാണ്. ആകെ ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1037 സ്ത്രീകൾ വരും. സ്ക്കൂൾ ക്ലാസ്സുകളിൽ പെൺകുട്ടികളെക്കാൾ ആൺകുട്ടികളാണ് കൂടുതൽ. ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കുറവാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിജയം നേടുന്നത് പെൺകുട്ടികളാണ്. തൊഴിൽ മേഖലയിൽ പുരുഷ മേധാവിത്വം ആണ്. സ്ത്രീകൾ തൊഴിൽ മേഖലയിലേക്ക് അധികമായി കടന്നു വരുന്നില്ല.

സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസ്ഥിതി കിളിമാനൂർ പഞ്ചായത്തിൽ പൊതുവെ നല്ല നിലയിലാണ്. കേശവപുരം ആശുപത്രിയെയും മുളയ്ക്കലത്തു കാവ് ആശുപത്രിയെയും അധികവും ആശ്രയിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള കുത്തിവെപ്പുകൾ പഞ്ചായത്തിൽ അങ്കണവാടികൾ വഴിയും ICDS സെന്ററുകൾ വഴിയും FWC വഴിയും യഥാസമയം നടത്താറുണ്ട്. ശിശുമരണം ഇല്ല എന്നുതന്നെ പറയാം. സ്ത്രീകളുടെ നേതൃത്വത്തിൽ 5 അങ്കണവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം നല്ല രീതിയിലാണ്. 1965ൽ ആണ് ആദ്യമായി ഒരു മഹിളാസമാജം പഞ്ചായത്തിൽ ആരംഭിച്ചത്. അതാണ് പിന്നീട് പൗർണ്ണമി മഹിളാസമാജം, ആരൂർ ആയി മാറിയത്. പാറയിൽക്കടയിൽ ഒരു വനിതാവ്യവസായ സഹകരണസംഘവും, പഴയചന്ത കിളിക്കോട്ട്കോണം, പനപ്പാംകുന്ന് (സേവിനി മഹിളാസമാജം) തുടങ്ങിയ സ്ഥലങ്ങളിൽ DWCRA യൂണിറ്റുകളും, ആലത്തുകാവിൽ ഒരു വനിതാ ഉപഭോക്തൃ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. സഹകരണമേഖലയിൽ വനിതകളുടെ പങ്കാളിത്തം ഇനിയും കൂടുതൽ ഉറപ്പാക്കേണ്ടതുണ്ട്. പോസ്റ്റാഫീസ് സമ്പാദ്യപദ്ധതി ഏജന്റുമാരായ ധാരാളം വനിതകൾ പഞ്ചായത്തിൽ ഉണ്ട്.

തൊഴിൽ മേഖലയിൽ മുൻകാലങ്ങളിലെപ്പോലെ വനിതാപങ്കാളിത്തം ഇപ്പോൾ ഇല്ല. കെട്ടിടം പണി-മേഖലയിലാണ് കൂടുതൽ സ്ത്രീകളും പണിയെടുക്കുന്നത്. സമൂഹത്തിൽ അവർക്കുണ്ടായ നിലയും പുരുഷന്മാർ അവരെ ജോലി ചെയ്യുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതും വനിതകളുടെ തൊഴിൽ സാദ്ധ്യതകൾക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം മൂലം സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞിട്ടില്ല. പുരുഷന്മാരെ അപേക്ഷിച്ച് വേതനം കുറവാണെങ്കിലും, എടുത്ത് പറയത്തക്ക കുറവ് അനുഭവപ്പെടുന്നില്ല.

സ്കൂൾ ക്ലാസുകളിലും ഉപരിപഠന ക്ലാസുകളിലും ഉന്നതവിജയം നേടുന്നത് കൂടുതലും പെൺകുട്ടികളാണ്. എന്നാൽ ശരാശരി വിജയ ശതമാനം ആൺകുട്ടികളുടേതിനേക്കാൾ കുറവാണ്. കൂടുതൽ പെൺകുട്ടികളും SSLC കഴിയുന്നതോടെ വിദ്യാഭ്യാസം നിർത്തുന്നതായി കണ്ടുവരുന്നു. തയ്യൽ, ടൈപ്പ്റൈറ്റിംഗ് തുടങ്ങിയ കോഴ്സുകൾക്ക് ധാരാളം പെൺകുട്ടികൾ പഠിക്കുന്നു. സ്കൂൾ ക്ലാസ്സുകളിലെ ആൺ-പെൺ അന്തരം മനസ്സിലാക്കുന്നതിന് പട്ടിക - 2 സഹായിക്കുന്നു.

പട്ടിക - 2

| | സ്ക്കൂൾ | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|---|
| 1 | ഗവ: എൽ.പി.എസ്. ആരൂർ | 82 | 75 |
| 2 | വി.വി. യു.പി.എസ്. പുതുമംഗലം | 102 | 92 |
| 3 | ഗവ: എൽ.പി.എസ്. പുതുമംഗലം | 104 | 99 |
| 4 | സ്പെഷ്യൽ യു.പി.എസ്. കിളിമാനൂർ | 125 | 117 |
| 5. | ഗവ: എൽ.പി.എസ്. പനപ്പാംകുന്ന് | 136 | 113 |
| 5 | ഗവ: എൽ.പി.എസ്. കിളിമാനൂർ | 122 | 128 |
| 7 | വി.വി.എൽ.പി.എസ്. കൈലാസം | 130 | 121 |
| 8 | വി.വി.എൻ.പി.എസ്. കിളിമാനൂർ | 157 | 133 |
| 9 | ഗവ: യു.പി.എസ്. പോങ്ങനാട് | 418 | 313 |
| 10 | ഗവ: എച്ച്.എസ്. കിളിമാനൂർ | 591 | 487 |
| 11 | ആർ.ആർ.വി.ബി.എച്ച്.എസ് | 1082 | Nil |
| 12 | ആർ.ആർ.സി.ജി.എച്ച്.എസ | Nil | 1351 |
| | ആകെ | 3049 | 3029 |

ഏകദേശം 60 ശതമാനത്തോളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. കുടുംബത്തിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന 25% സ്ത്രീകൾ വരും. തൊഴിൽ ഇല്ലാത്ത സ്ത്രീകൾ വീട്ടുജോലികൾക്കു പുറമേ ആടുമാടുകളെ വളർത്തൽ, വിറക് ശേഖരിക്കൽ, പച്ചക്കറി കൃഷി ചെയ്യൽ, കാർഷികോൽപ്പന്നങ്ങൾ വിൽക്കൽ തുടങ്ങിയ ജോലികളും ചെയ്യുന്നുണ്ട്.

വിവിധ രാഷ്ട്രീയ പാർട്ടികളുടെ വനിതാ സംഘടനകൾ പഞ്ചായത്തിലും പ്രവർത്തിക്കുന്നുണ്ട് എങ്കിലും പൊതുരംഗത്ത് വനിതാ പങ്കാളിത്തം വളരെ കുറവാണ്. കിളിമാനൂർ പഞ്ചായത്തിലെ സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് വനിതയായിരുന്നു. യുവജനസംഘടനകൾ, ശാസ്ത്രസാഹിത്യപരിഷത്ത്, മഹിളാ സ്വസൽ സംഘ് തുടങ്ങിയ മേഖലകളിലും വനിതകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുപ്രവർത്തനരംഗങ്ങളിലും മറ്റ് സാംസ്കാരിക പരിപാടികളിലും വനിതകളെ ക്ഷണിക്കാറുണ്ടെങ്കിലും അവർ അതിനോട് വിമുഖത കാട്ടുന്ന തായി കണ്ടുവരുന്നു. പ്രധാനമായും അവരുടെ അപകർഷതാബോധമാണ് ഇതിനുകാരണം.

സ്ത്രീപീഢനങ്ങൾ പഞ്ചായത്തിൽ കുറവാണ്. മറ്റു രീതികളിൽഉള്ള അക്രമണങ്ങളും അതുപോലെ തന്നെ ചില സ്ഥലങ്ങളിൽ (ബസ് സ്റ്റോപ്പ്, ബസ്, ജീപ്പ്) സ്ത്രീകൾ ദുരിതം അനുഭവിക്കുന്നുണ്ട്. ഇതു തടയണമെങ്കിൽ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. പഞ്ചായത്തിൽ നിലവിലുള്ള മഹിളാസമാജങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ഉഷസ്സ് അങ്കണവാടി, കണ്ണയംകോട്
2. പൗർണ്ണമി മഹിളാസമാജം, ആരൂർ
3. സേവിനി മഹിളാസമാജം, പനപ്പാംകുന്ന്
4. ദേശീയ മഹിളാസമാജം, പഴയപന്ത
5. രശ്മി അങ്കണവാടി, കിളിക്കോട്ട്കോണം

പ്രശ്നങ്ങൾ

1. കൂടുതൽ അങ്കണവാടികളും മാതൃശിശു സംരക്ഷണകേന്ദ്രങ്ങളും ആരംഭിക്കണം.
2. ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.
3. വനിതകൾക്കു മാത്രമായി അഗതിമന്ദിരം സ്ഥാപിക്കണം.
4. വനിതകളുടെ ഉന്നമനത്തിനുവേണ്ടി നിശ്ചിത ശതമാനം തുക മാറ്റി വെയ്ക്കണം.
5. കൂടുതൽ DWCRA യൂണിറ്റുകൾ, DAY-CARE സെന്ററുകളും ആരംഭിക്കണം.
6. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത ഒഴിവാക്കണം.
7. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

## സഹകരണ മേഖല

സഹകരണ മേഖലക്ക് കാര്യമായ വേരോട്ടം കിളിമാനൂർ പഞ്ചായത്തിൽ ഇല്ല. ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് വിഭാഗത്തിലുള്ള സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നോൺ ക്രെഡിറ്റ് വിഭാഗം കൂടുതൽ വളർച്ച കൈവരിച്ചിട്ടുണ്ട്. കിളിമാനൂർ, ചൂട്ടയിൽ സ്ഥിതിചെയ്യുന്ന കസ്തൂർബാ സർവ്വീസ് സഹകരണ ബാങ്ക് ആണ് പ്രധാന ക്രെഡിറ്റ് സഹകരണസംഘം. ഇതിന്റെ ടെക്സ്റ്റയിൽ ബ്രാഞ്ച് പോങ്ങനാട്ട് പ്രവർത്തിക്കുന്നു. 1923ൽ ആണ് ഇത് സ്ഥാപിച്ചത്. പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ ഇതിന്റെ പ്രവർത്തനം പഞ്ചായത്തിൽ എല്ലായിടത്തും ഒരുപോലെ ലഭ്യമല്ല.

കിളിമാനൂർ കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽ കിളിമാനൂർ പഞ്ചായത്തും ഉൾപ്പെടുന്നു. ഇതിന്റെ പ്രവർത്തനവും പഞ്ചായത്തിൽ ആകമാനം ലഭിക്കുന്നില്ല. കിളിമാനൂർ പഞ്ചായത്തിൽക്കൂടി പ്രവർത്തനപരിധിയുള്ള ഒരു ഹൗസിംഗ് സഹകരണസംഘവും കിളിമാനൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണസംഘം നിലവിൽ ഉള്ളതായിപ്പോലും പഞ്ചായത്തിൽ ഭൂരിപക്ഷം പേർക്കും അറിയില്ല.

നല്ല നിലയിൽ പ്രവർത്തിക്കുന്ന 5 ക്ഷീരോൽപാദക സഹകരണസംഘങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഇവയുടെ പ്രവർത്തനപരിധി കണക്കാക്കുമ്പോൾ ഇനിയും ധാരാളം ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ആരംഭിക്കാനുള്ള സാധ്യതകൾ ഉണ്ട്.

തകരപ്പറമ്പിലെ അന്യംനിന്നുപോയ ഖാദി വ്യവസായ 'സംഘ'ത്തിന്റെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. വളരെ വർഷങ്ങൾക്കുമുമ്പ് സ്ഥാപിക്കപ്പെട്ട ഒരു സഹകരണസംഘമാണ് ഇത്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കെട്ടിടം ഭാഗികമായി നശിച്ചു. ഇത് നല്ല നിലയിൽ പ്രവർത്തിച്ച കാലം പഴംതലമുറക്കാർ ഇന്നും ഓർക്കുന്നു. ഇന്ന് അത് പ്രവർത്തനം ഒന്നുമില്ലാത്ത നാഥനില്ലാകളരിപോലെ ആയിരിക്കുന്നു. തെരഞ്ഞെടുപ്പ് നടക്കാറില്ല. 250ഓളം തൊഴിലാളികൾ ഇവിടെ പണിയെടുത്തിരുന്നു.

സഹകരണസംഘങ്ങളെക്കുറിച്ചുള്ള ചില വിവരങ്ങൾ പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1

| ക്രെഡിറ്റ് | | | |
|---|---|---|---|
| | പേര് | സ്ഥാപിച്ച വർഷം | ഓഹരി മൂലധനം |
| 1. | കസ്തൂർബാ സർവ്വീസ് സഹകരണ ബാങ്ക് | 1923 | 5 ലക്ഷം |

| നോൺ ക്രഡിറ്റ് | | |
|---|---|---|
| | പേര് | ഡെയിലി കളക്ഷൻ |
| 1. | പോങ്ങനാട് ക്ഷീരോൽപാദക സഹകരണ സംഘം | 300 Ltrs |
| 2. | ചൂട്ടയിൽ ക്ഷീരോൽപാദക സഹകരണ സംഘം | 90 Ltrs |
| 3. | പനപ്പാംകുന്ന് ക്ഷീരോൽപാദക സഹകരണ സംഘം | 250 Ltrs |
| 4. | മലയാമഠം ക്ഷീരോൽപാദക സഹകരണ സംഘം | 150 Ltrs |
| 5. | കൈലാസംകുന്ന് ക്ഷീരോൽപാദക സഹകരണ സംഘം | 150 Ltrs |
| 6. | പാറയിൽക്കട വനിതാ വ്യവസായ സഹകരണ സംഘം | |
| 7. | പനപ്പാംകുന്ന് വനിതാ വ്യവസായ സഹകരണ സംഘം | |
| 8. | കാക്കക്കുന്ന് വനിതാ വ്യവസായ സഹകരണ സംഘം | |

കിളിമാനൂർ കാർഷിക ഗ്രാമവികസന ബാങ്ക് പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്ത വിവധ ഇനം വായ്പകളുടെ വിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു. (95-96)

പട്ടിക - 2

| | വായ്പ ഇനം | നൽകിയ തുക |
|---|---|---|
| 1. | സാധാരണ വായ്പ | 4.36 ലക്ഷം |
| 2. | ഭവനനിർമാണ വായ്പ | 16.66 ലക്ഷം |
| 3. | വ്യവസായ വായ്പ | 12.47 ലക്ഷം |
| 4. | സ്കീം വായ്പ | 11.52 ലക്ഷം |

സഹകരണ മേഖലയ്ക്ക് വളരാൻ നല്ല വളക്കൂറുള്ള മണ്ണാണ് കിളിമാനൂർ പഞ്ചായത്തിൽ വനിതാ വ്യവസായ സഹകരണസംഘങ്ങൾ, മറ്റ് ചെറുകിട സഹകരണയൂണിറ്റുകൾ മുതലായവ പഞ്ചായത്തിൽ സ്ഥാപിച്ചാൽ വിജയിക്കും എന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഇത് സഹായകമാകും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഉപഭോക്തൃ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഇല്ല.
2. പഞ്ചായത്തിന്റെ വടക്ക്-കിഴക്കൻ മേഖലകളിൽ പാറത്തൊഴിലാളി സഹകരണസംഘങ്ങൾ സ്ഥാപിക്കണം.
3. വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കണം.
4. തകരപ്പറമ്പിലെ ഖാദി സഹകരണസംഘം പുനരുജ്ജീവിപ്പിക്കണം.
5. ചെറുകിട സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
6. കർഷക സർവ്വീസ് സഹകരണബാങ്ക്, സഹകരണ പച്ചക്കറി സ്റ്റോർ മുതലായവ സ്ഥാപിക്കണം.
7. ക്രെഡിറ്റ് സഹകരണസംഘങ്ങൾ ആവശ്യത്തിനനുസരിച്ച് ഉയരുന്നില്ല.

8. ക്ഷീരോൽപ്പാദന രംഗം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നില്ല.

9. ലേബർ കോൺട്രാക്ട് സംഘങ്ങൾ സ്ഥാപിക്കണം. കൂടുതൽ ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. കിളിമാനൂർ കസ്തൂർബാ സർവ്വീസ് സഹകരണബാങ്കിന്റെ ശാഖ പോങ്ങനാട്ട് സ്ഥാപിക്കണം. ഗ്രാമപഞ്ചായത്തുപ്രവർത്തന പരിധിയാക്കി ഹൗസിംഗ് സഹകരണസംഘം രജിസ്റ്റർ ചെയ്തു ഭവനവായ്പ ലഭ്യമാക്കണം.

## വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് എന്നും സാമ്പത്തികമായി ഒരു കമ്മി പഞ്ചായത്താണ്. പരിമിതമായ വരുമാനം ഭരണ ചെലവുകൾ പോലും നിറവേറ്റുവാൻ പര്യാപ്തമല്ല. പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് സർക്കാർ ഗ്രാന്റുകളേയും മറ്റു ഡിപ്പാർട്ടുമെന്റുകളേയും മാത്രം ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതിനൊരു മാറ്റം വരുത്തുവാൻ നാം ഇനിയും വളരെ ദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

| വരുമാനം 1995-96 | എണ്ണം | തുക |
|---|---|---|
| തൊഴിൽ നികുതി | 495 | 60,805.00 |
| കെട്ടിട നികുതി | | 1,60,000.00 |
| വിനോദ നികുതി | (2 തീയറ്റർ) | 63,207.00 |
| നികുതിയേതര വരുമാനം | (ലേലങ്ങൾ) | 59,946.00 |
| സംസ്ഥാന നികുതി | (അടിസ്ഥാന നികുതി) | 24,088.00 |
| വിഹിതം | VTC ഫണ്ട് | 2,51,861.00 |
| അൺ ടൈഡ് ഫണ്ട് | (ഉപാധിരഹിത ഫണ്ട്) | 2,89,490.00 |
| ഗ്രാന്റുകൾ | SP: ഗ്രാന്റ് | 59,010.00 |
| | MI (മൈനർ ഇറിഗേഷൻ) | 16,000.00 |
| | VRM ഗ്രാന്റ് | 50,008.00 |
| | ആകെ | 10,34,415.00 |

താഴെ ചേർത്തിരിക്കുന്നത് 1995-96 ലെ വരവ് ചെലവ് പട്ടിക നോക്കുക.

| ചെലവ് 1995-96 | എണ്ണം | തുക |
|---|---|---|
| 1. എസ്റ്റാബ്ലിഷ്മെന്റ് | a. പഞ്ചായത്ത് കമ്മിറ്റ് യാത്ര പടി സിറ്റിംഗ് ഫീസ് | 35,996.00 |
| | b. ജീവനക്കാരുടെ ശമ്പളം | 4,43,443.00 |
| | c. കറന്റ് ചാർജ് | 1,25,309.00 |
| 2. പൊതുമരാമത്ത് | | 6,14,832.00 |
| 3. മറ്റ് വികസന ചെലവുകൾ | a. സാമൂഹ്യക്ഷേമം | 1,722.00 |
| | b. ജനസംഖ്യാ നിയന്ത്രണം | 750.00 |
| | c. വിദ്യാഭ്യാസം | 1,225.00 |
| | d. ബാലവാടികൾക്ക് ഫ്യൂവൽ | 977.00 |
| | ആകെ | 12,24,254.00 |

1995-96 സാമ്പത്തികവർഷത്തിൽ 10,34,416 രൂപ വരവും 12,24,264 രൂപ ചെലവും ആണെന്ന് മേൽപറഞ്ഞ പട്ടിക സൂചിപ്പിക്കുന്നു. ഈ കമ്മി നികഴ്ത്തിക്കൊണ്ടുവരുവാൻ പുതിയ വിഭവസമാഹരണമാർഗ്ഗങ്ങൾ കണ്ടെത്തിയേ കഴിയൂ.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പട്ടിക

| | | |
|---|---|---|
| 1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻന്ത്യ | പോങ്ങനാട് | പൊതുമേഖല |
| 2. കസ്തൂർബാ സർവ്വീസ് സഹകരണ ബാങ്ക് | ചൂട്ടിയിൽ | സഹകരണ മേഖല |
| 3. സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങൾ | പുതിയകാവ് | 1 സ്വകാര്യമേഖല |
| | R.R.V. Jn: | 1 സ്വകാര്യമേഖല |
| | മലയാമഠം | 1 സ്വകാര്യമേഖല |
| | പോങ്ങനാട് | 1 സ്വകാര്യമേഖല |
| | പനപ്പാംകുന്ന് | 1 സ്വകാര്യമേഖല |
| 4. ചിട്ടി സ്ഥാപനങ്ങൾ | പോങ്ങനാട് | 1 |
| | മലയാമഠം | 1 |
| | R.R.V. Jn: | 2 |
| | വാലഞ്ചേരി | 1 |

പൊതുമേഖല ബാങ്കിന്റെ (SBT) പ്രവർത്തനമാകട്ടെ സമ്പന്നരായ ഗൾഫ് തൊഴിലാളികളുടെ പണം കൈക്കലാക്കുക മാത്രമാണ് ചെയ്യുന്നത്. IRDP ലോണുകൾപോലും കൊടുക്കാതെ പാവപ്പെട്ടവരേയും നാട്ടിനേയും ബുദ്ധിമുട്ടിയ്ക്കുന്നു. പണം മറ്റു വ്യവസായനഗരങ്ങളിലേയ്ക്കോ മറ്റോ കടന്നുപോകുന്നു. ഈ പഞ്ചായത്തിന് യാതൊരു പ്രയോജനവും ചെയ്യുന്നില്ല. പഞ്ചായത്തിലെ 1,2,6 വാർഡുകൾ തട്ടത്തുമല (പഴയകുന്നുമേൽ പഞ്ചായത്തു) SBT യ്ക്കാണ്. അവിടേയും ഇത് തന്നെയാണ് സ്ഥിതി.

നമ്മുടെ സഹകരണ ബാങ്കാകട്ടെ പഞ്ചായത്തിന്റെ തെക്കേത്തറ്റത്താണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിലെ ജനങ്ങൾക്ക് ചെന്നെത്താൻ രണ്ടും, മൂന്നും ബസ്സുകൾ കയറണം. കിളിമാനൂർ മണ്ഡലത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനമായ കസ്തൂർബാ സർവ്വീസ് സഹകരണ ബാങ്ക് നമ്മുടെ പ്രധാന വ്യാപാര കേന്ദ്രങ്ങളുമായോ കാർഷികമേഖലയുമായോ ബന്ധപ്പെടുവാൻ സൗകര്യമില്ല. കൂടാതെ ബാങ്കിംഗ് പ്രവർത്തനത്തിന് സാദ്ധ്യതയില്ലാത്ത പ്രദേശം തൊട്ട് ഒരു കിലോമീറ്റർ അകലെ പഴയകുന്നുമേൽ പഞ്ചായത്തു സിരാകേന്ദ്രമാണ്. അവിടെ പൊതു സ്വകാര്യസഹകരണമേഖലകളിലെ അനേകം ബാങ്കുകൾ പ്രവർത്തിക്കുന്നതും ഈ സഹകരണബാങ്കിന്റെ പ്രവർത്തനമുരടിപ്പിന് കാരണമാണ്. ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻവേണ്ടി മാത്രമുള്ള പ്രവർത്തനമാണ് ഈ സഹകരണസ്ഥാപനത്തിന്റെ ഇപ്പോഴത്തെ നില. ഇതു പഞ്ചായത്തിന്റെ വ്യാപാര കേന്ദ്രമായ പോങ്ങനാട്പോലുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

ഗൾഫ് തൊഴിലാളികളുടെ പണം നാട്ടിലാകെ ഒരു പ്രത്യേക വികസന മേഖല തുറന്നിട്ടുണ്ട്. തോട്ടങ്ങൾ വച്ച് പിടിപ്പിക്കുക, കവലകളിലേയും, വ്യാപാരകേന്ദ്രങ്ങളിലേയും സ്ഥലം ഉയർന്ന വിലയ്ക്കുവാങ്ങി ഷോപ്പിംഗ് സെന്ററുകൾ പണിയിക്കുക, മോടിയുള്ള മന്ദിരങ്ങൾ (വസതികൾ) പണിയുക, മോട്ടാർ കാറുകൾ, വാഹനങ്ങൾ എന്നിവ സ്വന്തമാക്കുക ഇത്യാദി പ്രവർത്തനങ്ങളിലാണ് അവർ കൂടുതൽ വ്യാപൃതരാകുന്നത്.

നാട്ടിൽ നിലനിൽക്കുന്ന മറ്റൊരു പ്രവണത കുടിപലിശയാണ്. 60% മുതൽ 300% വരെ പലിശ ഈടാക്കുന്ന സ്വകാര്യ വ്യക്തികൾ നടത്തുന്ന ഇടപാടാണ് ഇത്. നിയമപരമായി യാതൊരു ബന്ധവുമില്ലാതെ ഇവർ രണ്ടും മൂന്നും ഇരട്ടി ജാമ്യം കൈക്കലാക്കിക്കൊണ്ട് പലിശയ്ക്ക് കൊടുക്കുന്നു. ഇത് സാമ്പത്തികമായി സമൂഹത്തെ ആകെ കാർന്നു തിന്നുന്ന ഒരു ക്യാൻസറാണ്. യഥാർത്ഥ വ്യവസായികൾക്കും കർഷകർക്കും ഉൽപാദനരംഗത്ത് നിലയുറപ്പിച്ചിട്ടുള്ളവരിൽ ഒട്ടനവധിപേർ ഈ ഊരാക്കുടുക്കിൽ ആണ്. നാട്ടിലുള്ള സമ്പത്ത് ഫലപ്രദമായി വിനിയോഗിക്കപ്പെടാതെ പോകുന്നു. പലപ്പോഴും ഉത്പാദകർ പാപ്പരീകരിക്കപ്പെടുകയും തകർന്നു പോകുകയും ചെയ്യുന്നു.

ഇതിനൊരു പരിഹാരം നാട്ടിലെ ഗൾഫ് പണവും, മറ്റ് വാണിജ്യ സാമ്പത്തിക ഇടപാടുകാരേയും, ഫല പ്രദമായ സഹകരണബാങ്ക് ഇടപാടിലേയ്ക്ക് ആകർഷിക്കുകയും ആവശ്യക്കാർക്ക് ശരിയായ ഈടിന്മേൽ നോൺ സ്കീം വായ്പ 5 ലക്ഷം വരെ ലഭിയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയുമാണ്.

പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. പുതിയ കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി പഞ്ചായത്ത് നേരിട്ട് പിരിക്കുക.
2. ഖനന വസ്തുക്കളുടെ മേലുള്ള പാട്ടം പിരിവ് പഞ്ചായത്ത് നേരിട്ട് നടത്തുകയും സർക്കാരിന് വിഹിതം അടയ്ക്കുകയും ചെയ്യുക.
3. ഒരു ഹെക്ടറിന് മേൽ വിസ്തൃതിയുള്ള തോട്ടം ഉടമസ്ഥരിൽനിന്ന് സെസ് പിരിയ്ക്കുക.
4. പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ള പുറമ്പോക്ക് ഭൂമികൾ പഞ്ചായത്ത് ഏറ്റെടുക്കുകയും റീ പ്രോഡക്ടീവ് ആയിട്ടുള്ള വ്യവസായം സ്ഥാപിക്കുവാൻ വ്യക്തികൾക്ക് പാട്ടത്തിന് നൽകുക.
5. താരതമ്യേന കുറഞ്ഞ വിലയ്ക്കു കിട്ടാവുന്ന ഭൂമി R.D.B.യിൽനിന്നും വായ്പ എടുത്ത് വാങ്ങി റോഡ്, കറന്റ്, വെള്ളം, സൗകര്യം ഉണ്ടാക്കി വ്യവസായ സ്ഥാപനം നടത്തുവാൻ വാടകയ്ക്ക് നൽക്കുക.
6. ജല ദൗർലഭ്യമില്ലാത്ത നെൽപ്പാടങ്ങളിൽ ശുദ്ധജലമത്സ്യം വളർത്തൽ പ്രോത്സാഹിപ്പിച്ചും അടി സ്ഥാനസൗകര്യങ്ങൾ ചെയ്തുകൊടുത്തും കൃഷിക്കാരെ സഹായിച്ചും വരുമാനം വർദ്ധിപ്പിച്ചും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധന ഉണ്ടാക്കുക.
7. ഇരുപ്പുനിലങ്ങൾ അഞ്ചുമാസം തരിശിടുന്ന സ്ഥലങ്ങൾ പഞ്ചായത്ത് ആഴക്കിണറുകൾ നിർമ്മിച്ച് ജലം കണ്ടെത്തി പച്ചക്കറി കൃഷി തുടങ്ങിയ ഹ്രസ്വകാലവിള നടത്തിയും നടത്തിച്ചും വരുമാനം ഉണ്ടാക്കുക.
8. പോങ്ങനാട് ടാക്സി, ആട്ടോ, ബസ് സ്റ്റാന്റ് നിർമ്മിച്ച് നൽകി വരുമാനം ഉണ്ടാക്കാം.
9. പഞ്ചായത്തിന്റെ തെരുവ് വിളക്കുകൾക്ക് പ്രത്യേകം മീറ്റർ വച്ചും അതിന്റെ മെയിന്റനൻസ് ചുമതല ഏറ്റെടുത്തുകൊണ്ടും ഇന്നത്തെ ചെലവ് കുറയ്ക്കാം.
10. വിവാഹ രജിസ്ട്രേഷന് ഫീസ് ഏർപ്പെടുത്തുക.
11. വില്ലേജ് ബൗണ്ടറി ശരിയായി നിർണ്ണയിച്ചും കിളിമാനൂർ ചന്തയുടെ പടിഞ്ഞാറേ ഗേറ്റും സ്ഥല ങ്ങളുടേയും ആനുപാതിക വിഹിതം കിളിമാനൂർ പഞ്ചായത്തിൽ ലഭ്യമാക്കുക.
12. സ്വകാര്യ ക്ഷീരവ്യവസായം ഉൾപ്പെടെ സാദ്ധ്യമായ മുഴുവൻ വ്യവസായങ്ങൾക്കും പ്രോത്സാ ഹനം നൽകി വളർത്തി പഞ്ചായത്തിന്റെയും വരുമാനം വർദ്ധിപ്പിക്കാം.
13. പഞ്ചായത്തുകളിൽ മത്സ്യം വളർത്തി വരുമാനം വർദ്ധിപ്പിക്കാം.
14. ആർഭാടങ്ങൾക്കും വലിയതുക ചെലവഴിച്ചു നടത്തുന്ന ആഘോഷങ്ങൾക്കും നികുതി ചുമത്താം.
15. പഞ്ചായത്തു പ്രദേശത്തെ ക്വാറികളുടെ പാട്ടം പിരിക്കുന്നതിന്റെ ചുമതല പഞ്ചായത്തിനെ ഏല്പിക്കുക.

ഒരു ഗ്രാമത്തിൽ അല്ലെങ്കിൽ നഗരത്തിൽ ഏതുതരം വികസനമാണ് വേണ്ട തെന്നും അതിനു എത്ര പണം വേണമെന്നും കണക്കാക്കി അക്കാര്യം ഗവൺമെന്റി നോട് പറഞ്ഞ് ആ ഗ്രാമത്തിന്റേയോ നഗരത്തിന്റേയോ പദ്ധതി തയ്യാറാക്കുക. അതിന് സംസ്ഥാന ഗവൺമെന്റുകളിൽനിന്നും കിട്ടാവുന്നതിന്റെ പരമാവധി ഫണ്ട് വാങ്ങുക. അതോടൊപ്പം പണമോ സാധനങ്ങളോ ശ്രമദാനത്തിന്റെ രൂപത്തിലോ നാട്ടുകാ രിൽനിന്നും മറുനാടൻ മലയാളികളിൽനിന്നും ശേഖരിക്കുക കൂടി ചെയ്യുക – ഇതി നുള്ള സന്നദ്ധത ജനങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുള്ള ജനങ്ങളെ തയ്യാ റാക്കലാണ് ജനകീയാസൂത്രണം.

ഇ.എം.എസ് നമ്പൂതിരിപ്പാട്

ചെയർമാൻ

ഉന്നത തല മാർഗ്ഗനിർദ്ദേശക സമിതി.

അനുബന്ധം

08-12-96 ൽ PVUPS ൽ ചേർന്ന വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

**മൃഗസംരക്ഷണം :** പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു അറവുശാല സ്ഥാപിച്ച് അവിടെ പ്രത്യേകം ജീവനക്കാരെ നിയമിച്ച് ഇറച്ചി വ്യാപാരം നടത്തുക.

**കൃഷി :** വാട്ടർഷെഡ് പ്രോഗ്രാം കിളിമാന്നൂർ പഞ്ചായത്തിൽ നടപ്പിലാക്കണം.

**വിദ്യാഭ്യാസം :** കിളിമാനൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ 200 മീറ്റർ അകലത്തിൽ 2 കാമ്പൗണ്ടുകളിൽ ആണ് പ്രവർത്തിക്കുന്നത്. UP [redacted] വിഭാഗംകൂടി HS [redacted] വിഭാഗം പ്രവർത്തിക്കുന്ന കാമ്പൗണ്ടിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയും യു.പി. വിഭാഗം ഇപ്പോൾ സ്ഥിതിചെയ്യുന്ന കാമ്പൗണ്ടിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം SMC+ITI ([redacted]) ആരംഭിക്കണം. യു.പി. വിഭാഗംകൂടി പ്രവർത്തിക്കുവാൻ ഗവ. ഹൈസ്ക്കൂൾ കാമ്പൗണ്ടിൽ പുതിയ മന്ദിരം നിർമ്മിക്കണം. ഗവ. സ്ക്കൂളുകളുടെ കാമ്പൗണ്ട് അളന്നുതിരിച്ചു ചുറ്റുമതിൽ കെട്ടണം. സ്ക്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പേരയിൽ കേന്ദ്രീകരിച്ച് കോളജ് ആരംഭിക്കണം. കിളിമാന്നൂർ കൊട്ടാരം അറ്റകുറ്റപ്പണികൾ ചെയ്ത് രാജാരവിവർമ്മയുടെ സ്മാരകം ആക്കണം.

മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതരത്തിലുള്ള ദൈനംദിന പ്രവർത്തനങ്ങൾ സ്ക്കൂളുകളിൽ ആരംഭിക്കണം. [redacted] ജംഗ്ഷനിലുള്ള [redacted] ഒരു സാംസ്കാരിക നിലയമാക്കണം.

**ഗതാഗതം :** റോഡും, തടം, ഇടവഴി തുടങ്ങിയ പാതകൾക്കരികിൽ കെട്ടിടം നിർമ്മിക്കുന്നത് 2 മീറ്ററെങ്കിലും വിട്ടുവേണം.

**വ്യവസായം :** ചെറുകിട വ്യവസായങ്ങൾക്ക് പഞ്ചായത്തിൽനിന്നും നേരിട്ട് ലൈസൻസ് കൊടുക്കുവാനുള്ള അധികാരം നൽകണം. തകരപ്പറമ്പ്, മുളയ്ക്കലത്തുകാവ് എന്നിവിടങ്ങളിലെ ഖാദിബോർഡിന്റെ സൊസൈറ്റികൾക്ക് ഉള്ള സ്ഥലങ്ങളിൽ വ്യവസായ സംഘങ്ങൾ ആരംഭിക്കുക. റബ്ബർ തടി സംസ്കരിച്ചു ഉറപ്പുള്ളതാക്കാൻ ഒരു റബ്ബർ ട്രീറ്റിംഗ് പ്ലാന്റ് ആരംഭിക്കണം.

**സാമൂഹ്യക്ഷേമം :** ഗ്രാമീണ ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം. പുറമ്പോക്കു ഭൂമിയിൽ പാർക്കുന്ന 6 കുടുംബങ്ങളെ പഞ്ചായത്തിലുള്ള സർക്കാർ ഭൂമിയിൽ പട്ടയം നൽകി മാറ്റി പാർപ്പിക്കുക.

**ഊർജ്ജം :** കിളിക്കോട്ടുകോണം, കണ്ണയംകോടം- പുളിമ്പച്ചിക്കോണം എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. പോങ്ങനാട് പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ഓവർസിയർ ആഫീസ് സബ് എഞ്ചിനീയർ ഓഫീസായി ഉയർത്തണം. പ്രധാന കവലകളിൽ ജനപങ്കാളിത്തത്തോടെ സോളാർ പാനൽ സ്ഥാപിച്ച് വെളിച്ചം എത്തിയ്ക്കുക. വൈദ്യുതി എത്താത്ത പ്രദേശത്തെ ദുർബലജനങ്ങൾക്ക് സൂര്യറാന്തൽ സൗജന്യനിരക്കിൽ നൽകുക. പുകശല്യം കുറഞ്ഞതും ദക്ഷതകൂടിയതുമായ അടുപ്പുകൾ കൂടുതൽ പ്രചരിപ്പിക്കുക. പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി ചാർജ് അടയ്ക്കുവാൻ നിവൃത്തിയില്ലാതെ വൈദ്യുതി കണക്ഷൻ വിച്ഛേദിയ്ക്കപ്പെട്ട ഗുണഭോക്താക്കൾക്ക് റീകണക്ഷൻ നൽകുക. കാർഷികാവശ്യത്തിനുള്ള കണക്ഷൻ നൽകാനുള്ള കാലതാമസം ഒഴിവാക്കുക.

**ജലസേചനം :** വാമനപുരം പദ്ധതിയുടെ കിഴക്കേ കനാൽ പുതുമംഗലം വഴി കടന്നുപോകണം.

**പട്ടികജാതിവികസനം :** പഞ്ചായത്തിൽ പൊതു ശ്മശാനം സ്ഥാപിക്കണം.

**വിഭവസമാഹരണം :** പോങ്ങനാട് മാർക്കറ്റിന്റെ വടക്കുറോഡ് സൈഡിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുക. പഞ്ചായത്തു ജലസ്രോതസ്സുകൾ സ്വകാര്യ വ്യക്തികൾ ഉപയോഗിക്കുമ്പോൾ പാട്ടം ഈടാക്കുക.



*"രാഷ്ട്രത്തിന്റെ സ്വത്ത് ഗ്രാമീണ ജനതയാണ്
ഗ്രാമത്തിന്റെ വികസനമാണ് യഥാർത്ഥ വികസനം
ഗ്രാമസ്വരാജ് ആണ് എന്റെ ലക്ഷ്യം"*

മഹാത്മാ ഗാന്ധി.